Reg. No. M. 2298

ഒരുപ്രതി 2ണ.

# സത്യദീപം

"ഞാൻ ലോകത്തിൻെറ ദീപമാകുന്നു, എന്നെ അനുഗമിക്കുന്നവൻ അന്ധകാരത്തിൽ നടക്കുന്നില്ല."

പുസ്തകം 28 || 1130 മേടം 7 —ബുധനാഴ്ചതോറും പ്രസിദ്ധപ്പെടുത്തുന്നത്—എറണാകുളം 1955 ഏപ്രിൽ 20 || ലക്കം 34

## ആ "പുതിയ പ്രമാണം"

[തോമസ് മാത്തിപ്പറമ്പിൽ]

"സ്നേഹം—എല്ലാ ഹൃദയവും ആനന്ദംകൊള്ളുന്ന ഒന്നാണത്. സ്നേഹം ത്യാഗത്തിനു പ്രചോദനം നൽകുന്നു. മററുള്ളവർക്കുവേണ്ടി തന്നെത്തന്നെ ഉപേക്ഷിക്കുന്നതിന് പ്രേരിപ്പിക്കുന്നതും ഇതുതന്നെ. ലോകം സ്നേഹത്തെ ചിത്രീകരിക്കുന്നത്, സ്വാർത്ഥതയാൽ നിർമ്മിതമായ ഒരു വൃത്തമായാണ്. എന്നാൽ സ്നേഹത്തിൻെറ ചിഹ്നമായി ക്രിസ്തു വിവക്ഷിക്കുന്നതു കുരിശിനെയാണ്. ഈ കുരിശാകട്ടെ, അതിനു പിടികിട്ടുന്നിടത്തോളം സർവ്വ ആത്മാക്കളേയും ആശ്ലേഷിക്കുന്നതിനുവേണ്ടി നിത്യതയിലേക്കുപോലും അതിൻെറ കരങ്ങളെ നീട്ടിയിരിക്കുന്നു." ഇപ്രകാരമാണ് സുപ്രസിദ്ധ വാഗ്മിയും റേഡിയോ പ്രഭാഷകനുമായ ബിഷപ്പ് ഫുൾട്ടൻ ജെ. ഷീൻ തിരുമനസ്സുകൊണ്ട് സ്നേഹത്തെക്കുറിച്ചു പരാമർശിക്കുമ്പോൾ പറഞ്ഞിരിക്കുന്നത്.

സ്നേഹത്തെ ഏതാണ്ട് മൂന്നായി വിഭജിക്കാം നമുക്കു സാധാരണമായി ജന്തുക്കളോട് തോന്നുന്ന സ്നേഹമാണ് ഒന്നാമത്തേത്, അതായത് പ്രകൃതിസിദ്ധമായ സ്നേഹം (Instinctive Love). ഈ സ്നേഹം കണ്ടെത്തുന്നത് ഒരു വ്യക്തിയെ നാം സ്നേഹിക്കുമ്പോഴല്ല. പ്രത്യുത ആ വ്യക്തി നമുക്കു പ്രദാനം ചെയ്യുന്ന ആനന്ദത്തിലാണ് അടങ്ങിയിരിക്കുന്നത്. രണ്ടാമത്തേത്, സ്വാനിസ്സംഗതസ്നേഹം (Love of Self-disinterestedness) ആണ്. ഈ സ്നേഹം പരമകാഷ്ഠയെ പ്രാപിച്ചിരിക്കുന്ന സൗന്ദര്യത്തിൻെറയും ഗുണപൗഷ്കല്യത്തിൻെറയും ആസ്വാദനത്തിൽനിന്നുൽഭൂതമാകുന്നു. അവസാനത്തേത്, പരമകാരുണികനും സ്നേഹസമ്രാട്ടുമായ ക്രിസ്തുവിൽ ദൃശ്യമാകുന്ന സ്വീമാതീതവും സ്വയം നൽകുന്നതുമായ ദിവ്യമായ സ്നേഹം (Unlimited self-giving of Divine Love) ആണ്. പാപികൾക്കുവേണ്ടിയുള്ള തൻെറ മരണം ഈ ദൈവികസ്നേഹത്തിൻെറ അങ്ങേയററത്തെ ബഹിർഗ്ഗമനമാണ്. കാരണം, ദൈവം "തൻെറ ഏകജാതനെപ്പോലും രക്ഷിച്ചില്ല" (റോമ. 8: 32).

മിശിഹാ അന്ത്യഭോജനവേളയിൽ തൻെറ ശിഷ്യഗണത്തിനു ഒരു "പുതിയ പ്രമാണം" പ്രദാനംചെയ്തു. "ഞാൻ നിങ്ങൾക്കൊരു പുതിയ പ്രമാണം തരുന്നു: ഞാൻ നിങ്ങളെ സ്നേഹിച്ചതുപോലെ നിങ്ങളും തമ്മിൽ തമ്മിൽ സ്നേഹിപ്പിൻ" (യോഹ. 13: 34) അതിസ്വാഭാവികസ്നേഹത്തെയാണ് ഈ "പുതിയ കല്പന" നമുക്കു തരുന്നത്. കാരണം, അത് ജാതിമതഭേദമെന്യേ, പണ്ഡിതനെന്നോ പാമരനെന്നോ പരിഗണിക്കാതെ, ശത്രുമിത്രഭേദമെന്യേ, സമ്പന്നനെയോ ഭിക്ഷുവിനെയോ വ്യത്യസ്തനിലയിൽ വീക്ഷിക്കാതെ, എല്ലാവരേയും സ്നേഹിക്കുന്നതിനു നമ്മെ ആഹ്വാനം ചെയ്യുന്നു. പക്ഷേ ഇപ്രകാരം ലോകത്തിൽ "സ്നേഹം" പ്രാവർത്തികമാക്കണമെങ്കിൽ സ്വാർത്ഥതയെ ലോകത്തിൽനിന്നും ഉച്ചാടനം ചെയ്യണം. സ്വാർത്ഥത ലോകത്തിൽനിന്നും തിരോഭവിക്കാത്തിടത്തോളംകാലം ആധുനികവ്യവസ്ഥിതികൾക്കൊന്നിനും ലോകത്തെ സാഹോദര്യത്തിലേക്കാനയിക്കുവാൻ കഴിയുകയില്ല. ഇരിമ്പുതിരസ്കരണിക്കുള്ളിൽ വിഹരിക്കുന്ന രാഷ്ട്രനേതാക്കളോ തൊഴിലാളിസമുദ്ധാരകരെന്ന് അഭിമാനിക്കുന്ന തൊഴിലാളിപ്രമാണികളോ അവരുടെ കാര്യലാഭത്തിനുവേണ്ടി ചിലതെല്ലാം ശബ്ദിക്കുന്നു. ലോകത്തെ കാണിക്കുന്നത്, തൊഴിലാളികളുടെ ഉന്നമനത്തിനുവേണ്ടിയാണ് താൻ ത്യാഗമനുഷ്ഠിക്കുന്നതെന്ന്. പക്ഷേ, അവരുടെയും അവരുടെ കുടുംബത്തിൻെറയും ശ്രേയസ്സിനുവേണ്ടി—സ്വാർത്ഥതയെ ലാക്കാക്കി—പ്രവർത്തിക്കുന്നു. പിന്നെ എങ്ങനെയാണ് ഈ ഉദ്ദേശ്യശുദ്ധിയില്ലാത്തവരുടെ പ്രസ്ഥാനങ്ങൾ വിജയിക്കുന്നത്. എന്നാൽ കർത്താവു പറയുന്നു: "നിങ്ങൾക്കുള്ളതെല്ലാം വിററു സാധുക്കൾക്കു കൊടുക്കുക" (ലൂക്കാ 18: 22) എന്ന്. തൊഴിലാളിക്കു ജീവനക്രൂചി കൊടുപ്പിക്കുന്നതിനു മതാധികാരികൾ ശ്രമിക്കുന്നു. ഇപ്രകാരമെല്ലാം ലോകത്തിനു നന്മചെയ്യുന്ന "മതം" ഇസങ്ങളുടെ ബദ്ധശത്രുവാണ്. ഇന്നത്തെ ലോകത്തിൽ സാഹോദര്യം പോകുന്ന പോക്ക്! സമ്പത്തും സാഹോദര്യവും യോജിക്കുന്നില്ല. എന്നാൽ അങ്ങനെ ആയാൽ പോരാ. രണ്ടുംകൂടി ഒന്നിച്ചുപോകേണ്ടിയിരിക്കുന്നു.



വിശുദ്ധ ഗീവറുഗീസ് സഹദാ,
ഞങ്ങൾക്കുവേണ്ടി അപേക്ഷിക്ക
(തിരുനാൾ—ഏപ്രിൽ 23)

വർഗ്ഗീയചിന്തയും സ്വാർത്ഥതയും വിട്ടുകഴിയുമ്പോൾ നമ്മിൽ ഉളവാകുന്ന സഹോദരസ്നേഹം "ക്രിസ്തീയ ഉപവി"യാണ്. നാം എങ്ങനെ സഹോദരനോട് പെരുമാറുന്നുവോ ആ അളവിൽത്തന്നെ നമുക്കും അളക്കപ്പെടും. പൊതുവിധിയുടെ അവസരത്തിൽ നാം ദൈവത്തിനും സഹോദരനും ഉപവിയാൽ പ്രചോദിതരായി ചെയ്ത പ്രവൃത്തികളെ ആസ്പദമാക്കിയാണ് നമുക്കു നിത്യസമ്മാനം തരുന്നത്. അതുവരെ ക്രിസ്തു ലോകത്തിൽ കഷ്ടാരിഷ്ടതകളും ദാരിദ്ര്യവും അനുഭവിക്കുന്നവരുടെ വേഷത്തിൽ സവാരി ചെയ്തുകൊണ്ടിരിക്കും.


ദൈവസ്നേഹവും സഹോദരസ്നേഹവും രണ്ട് അവിഭാജ്യഘടകങ്ങളാണ്. ഉത്തമകത്തോലിക്കന് ഇതു രണ്ടുമുണ്ടെങ്കിൽ അവൻെറ കടമ അവൻ നിർവ്വഹിച്ചുകഴിഞ്ഞു. കാരണം, പത്തു പ്രമാണങ്ങൾ ഈ കേവലം രണ്ടു മഹദ്വാക്യങ്ങളിൽ സംക്ഷേപിക്കാം. പക്ഷേ തൻെറ അയൽക്കാരനോട് സ്നേഹമായി പെരുമാറാത്തവൻ എത്രതന്നെ ദൈവസ്നേഹിയാണെന്നു പ്രസ്താവിച്ചാലും അതിൽ ഒരു വാസ്തവവുമില്ല. കാരണം, തൻെറ സമീപവർത്തിയായ സഹോദരനെ സ്നേഹിക്കാത്തവനു ദൃശ്യനല്ലാത്ത ചിൽസ്വരൂപനെ എങ്ങനെ സ്നേഹിക്കുവാൻ കഴിയും. ആ വ്യക്തിയുടെ സാക്ഷ്യം വെറും അവാസ്തവം മാത്രമാകുന്നതിനു ഇനി തെളിവുകൾ യാതൊന്നും ആവശ്യമില്ല. തന്നെയുമല്ല, ദൈവത്തെ സ്നേഹിക്കുന്നതിന് ഒരുപാധികൂടെയാണ് സഹോദരസ്നേഹം. "ക്രിസ്തീയ ഉപവിയില്ലെങ്കിൽ നാം ഒന്നുമില്ല" (1 കൊറ. 13: 3) എന്നു വി. അപ്പസ്തോലൻ പറയുന്നു. ഉപവിയാണു വിശ്വാസത്തെക്കാൾ മഹത്തരം.

"അന്യരിലുള്ള ഭിന്നകൾ, നാം നേരിട്ടു കാണാത്തതെങ്കിൽ വിശ്വസിക്കാതിരിക്കുക; നാം കണ്ടതെങ്കിൽ അതിനെപ്പററി മൗനമായിരിക്കുക. ഇതാണ് ക്രിസ്തീയ ഉപവിയുടെ ഒന്നാമത്തെ പ്രമാണം" (പോപ്പ് ഗ്രിഗറി 14-ാമൻ.) ഉപവിയുടെ അംശങ്ങളാണ് ക്ഷമ, ദയ, വിശാലമനസ്കത, എളിമ, സ്വയപരിത്യാഗം, നിസ്സ്വാർത്ഥത, സത്യസന്ധത എന്നിവയെല്ലാം. നമ്മാൽ കഴിയുന്ന സഹായങ്ങൾ അതു അർഹിക്കുന്നവർക്കു ചെയ്തുകൊടുക്കേണ്ടതു നമ്മുടെ കടമയാണ്. മററൊരുവനു വരുന്ന ഗുണത്തിൽ നാം അസൂയാലുക്കളാകരുത്. ദൈവം അവനു നൽകി: അങ്ങേക്കു സ്തുതി! ഇതാണ് ഇതിൽ നമുക്കുള്ള പങ്ക്. "നിങ്ങൾ ഒരു സദ്യനടത്തുമ്പോൾ നിങ്ങളെ അപ്രകാരം സൽക്കരിക്കുന്നതിനുകഴിവുള്ള നിങ്ങളുടെ സ്നേഹിതരെയോ അടുത്ത ചാർച്ചക്കാരെയോ ക്ഷണിക്കരുത്. ദരിദ്രർക്കും ചെകിടർക്കും കുരുടർക്കുമായി നൽകുക. നീതിമാന്മാരുടെ ഉയിർപ്പിൽ നിങ്ങൾക്കു അതു പകരം തരപ്പെടും." (ലൂക്കാ. 14-12-14) എന്തെന്നാൽ ഈ എളിയവരിൽ ആർക്കെങ്കിലും നിങ്ങൾ എന്തെങ്കിലും ചെയ്തിട്ടുണ്ടെങ്കിൽ, അതു എനിക്കാണ് നിങ്ങൾ ചെയ്തത്. പണം തിരികെ തരുന്നവർക്കു നാം പണം കടംകൊടുക്കുന്നതിനെക്കാൾ ഫലപ്രദമായിട്ടുള്ളത് തിരികെ തരുന്നതിനു നിവൃത്തിയില്ലാത്തവനു കൊടുക്കുകയാണ്.

"നാം ഒരു കല്യാണസദ്യക്കു ക്ഷണിക്കപ്പെട്ടു എന്നിരിക്കട്ടെ. അതിഥികൾക്കായുള്ള പ്രഥമസ്ഥാനത്തിരിക്കരുത്". കാരണം, നിങ്ങളെക്കാൾ ബഹുമാന്യനായുള്ള ഒരു വ്യക്തിയും ക്ഷണിക്കപ്പെ

ആഖ്യായിക

## ബറാബാസ്



### അദ്ധ്യായം 4 (തുടർച്ച)

## "എന്താണാവോ തൻെറ ആന്തരം, ബറാബാസ്?"

(വി. സി. ജോർജ് ബി. എ. എൽ.റ്റി.)

ലാസറസ് അധികസമയം സംശയാധീനനായി കഴിയേണ്ടിവന്നില്ല. "അതിഥി"കളുടെ നേതാവു് അവരുടെ പക്കലേക്കു ടൻതന്നെ വന്നു. അഭിവാദ്യത്തിൻെറ ആംഗ്യത്തോടുകൂടി അവരെ സമീപിച്ചു് മന്ദസ്വരത്തിൽ പ്രസ്താവിച്ചു: "ഞാൻ ഗൃഹനായകനെ അന്വേഷിക്കുകയാണു്."

"സമാധാനം. അതു ഞാനാണു്."

"സമാധാനം. ബെഥാനിയായിലെ ലാസറസേ, ഞാൻ എനിക്കും എൻെറ ആളുകൾക്കുംവേണ്ടി ആതിഥ്യം അഭ്യർത്ഥിച്ചു. അതു നിങ്ങളുടെ നാമത്തിൽ ലഭിക്കുകയുംചെയ്തു."

"നിങ്ങൾക്കു സ്വാഗതം, നിങ്ങളുടെ പേരു ബറാബാസാണെന്നു ഞാൻ മനസ്സിലാക്കിയതു് ശരിയാണല്ലോ?"

"അതെ, ഞാൻ ബറാബാസാണു്, ഞങ്ങൾക്കു രണ്ടാടും അപ്പവും കിടക്കകളും കിട്ടിയിട്ടുണ്ടു്."

"ഒരു പാത്രം വീഞ്ഞും കുറെ പഴങ്ങളുംകൂടി നിങ്ങൾക്കു കിട്ടും. ഈ ആതിഥ്യം കോഴയോ ബലക്കുറവിൻെറ അടയാളമോ അല്ലെന്നു ഊന്നിപ്പറയുവാൻ ഞാൻ ആഗ്രഹിക്കുന്നു. നിങ്ങളുടെ ആളുകൾ കുഴപ്പമൊന്നും ഉണ്ടാക്കുകയില്ലെന്നു ഞാൻ കരുതുന്നു."

"ഉണ്ടാക്കുകയില്ല. ബെഥാനിയായിലെ ലാസറസേ, ഞാൻ നിങ്ങളോടു കൃതജ്ഞതയുള്ളവനാകുന്നു. നിങ്ങൾ ഞങ്ങളോടു ദയാപൂർവ്വം പെരുമാറിയിരിക്കുന്നതിനാൽ ഞങ്ങളുടെ യാത്രോദ്ദേശ്യം നിങ്ങളോടു പറയുന്നു. ഒരു പ്രവാചകനും അത്ഭുതപ്രവർത്തകനും മൃതരിൽനിന്നു് നിങ്ങളെ ഉയിർപ്പിച്ച ദേഹവുമെന്നു പ്രഖ്യാപിതനായിട്ടുള്ള നസ്രായൻ ഈശോയെ കാണുവാൻ ഞങ്ങൾ ആഗ്രഹിക്കുന്നു."

"ആ വിശേഷണങ്ങൾ നിങ്ങൾ പ്രസ്താവിക്കുന്നതുപോലെ തന്നെയാകുന്നു. എന്നാൽ, ഗുരുവിൽനിന്നു് എന്തു ലഭിക്കുവാനാണു് നിങ്ങൾ ആഗ്രഹിക്കുന്നതു്? നിങ്ങളും സായുധരായ നിങ്ങളുടെ അനുയായികളും?"

"ലാസറസ്", അതു എളുപ്പത്തിൽ വിശദീകരിക്കാവുന്നതല്ല. എനിക്കുതന്നെ നല്ല രൂപമില്ല. ഈ മനുഷ്യനു വമ്പിച്ച അനുയായിസംഘമുണ്ടെന്നും അദ്ദേഹത്തിൻെറ ഉപദേശം അനുസരിക്കുന്നതിനു സന്നദ്ധരായി ഇസ്രായേലിൽ ഒട്ടുവളരെ ജനങ്ങളുണ്ടെന്നും ഞങ്ങൾ കേട്ടിട്ടുണ്ടു്. അദ്ദേഹത്തിൻെറ ആശയം ഞങ്ങളുടേതു തന്നെയെന്നു വന്നാൽ ഇരുകൂട്ടരുടേയും ആളുകളെ സംയോജിപ്പിക്കുക സാദ്ധ്യവും ഉപകാരപ്രദവുമാകുമല്ലോ."

"ബറാബാസ്", നിങ്ങളുടെ ആന്തരം എന്താണാവോ?"

"ഇസ്രായേലിൻെറമോചനം."

"അതു് അക്രമംകൊണ്ടു് സാധിക്കുവാൻ നിങ്ങൾ ഉദ്ദേശിക്കുന്നു?" സസൂക്ഷ്മം ബറാബാസിൻെറ മുഖത്തു് കണ്ണോടിച്ചുകൊണ്ടു് അരിമത്ത്യൻ ജോസഫ് ചോദിച്ചു.

"പിന്നെങ്ങനെ?" എന്ന വേറൊരു ചോദ്യം ആശ്ചര്യപൂർവ്വം ബറാബാസ് തട്ടിവിട്ടു.

കൊള്ളക്കാരുടെ നായകനു തൃപ്തികരമായ ഒരുത്തരം നൽകുവാൻ ജോസഫിനു സാധിച്ചില്ല. അയാൾ സ്വന്തം അങ്കിയിൽ അലക്ഷ്യമായി പിടിച്ചുവലിച്ചു. കുറേനേരത്തേക്കു നിശ്ശബ്ദത നിലനിന്നു. അവിശ്വാസപൂർവ്വം ബറാബാസിനെ നോക്കിക്കൊണ്ടു് മർത്താ വീട്ടിനുള്ളിൽ പ്രവേശിക്കുകയും ചെയ്തു.

നിശ്ശബ്ദത ലാസറസ് അവസാനിപ്പിച്ചു: "ഗുരുവിനോടു നേരിട്ടു് ഈ സംഗതി ബറാബാസ് തന്നെ പറയൂ. അമിത്രഭാവത്തിൽ അദ്ദേഹത്തോടു നിങ്ങൾ പെരുമാറരുതെന്നു ഞങ്ങൾക്കു താല്പര്യമുണ്ടു്. റാബ്ബി ഈ ഭവനത്തിൽ ഒരതിഥിയാണു്. അദ്ദേഹത്തോടു അനന്തമായ കൃതജ്ഞത ഞങ്ങൾക്കുണ്ടു്. അദ്ദേഹത്തെ അറിയുന്ന സകലരും ചെയ്യുന്നതുപോലെ ഞങ്ങൾ അദ്ദേഹത്തെ സ്നേഹിക്കുകയും ബഹുമാനിക്കുകയും ചെയ്യുന്നു."

"യാതൊരു പ്രാതികൂല്യബുദ്ധിയോടുകൂടിയല്ല ഞാൻ ഇവിടെ വന്നിരിക്കുന്നതു്. ലാസറസ്, അങ്ങു് എൻെറ ജോലിയെപ്പറ്റി അറിഞ്ഞിട്ടുണ്ടോയെന്നെനിക്കു നിശ്ചയമില്ല." ബറാബാസ് ഉത്സാഹത്തോടുകൂടി പറഞ്ഞു.

ലാസറസ് മറുപടി പറഞ്ഞില്ല. ഏതായാലും കൊള്ളത്തലവനു പറയാനുള്ളതു പറയുന്നതുവരെ അയാളോടു വൈരസ്യം കാണിക്കുവാൻ ഗൃഹനായകനുദ്ദേശമില്ലായിരുന്നു.

"എനിക്കു് ഒട്ടുവളരെ അനുയായികളുണ്ടു്. അവരുടെ സംഖ്യ പ്രതിദിനം വർദ്ധിച്ചുവരുന്നു. എന്നാൽ പ്രസ്ഥാനം വിജയിക്കണമെങ്കിൽ ജനങ്ങളുടെയിടയിൽ ഐകമത്യം ആവശ്യമാണു്" എന്നിങ്ങനെ ബറാബാസ് വിശദീകരിച്ചുതുടങ്ങി. ആ ജോലി അവസാനിപ്പിക്കുവാൻ അയാൾക്കു സാധിക്കുന്നതിനുമുമ്പു് തോട്ടത്തിൽക്കൂടി അവരുടെ പക്കലേക്കു നടന്നുവരുന്ന ഒരാൾ ദൃശ്യനായി. അന്തി അടുത്തിരുന്നതിനാൽ സൈത്തുവൃക്ഷങ്ങൾ അവയുടെ നീണ്ട പ്രതിച്ഛായകൾ തോട്ടത്തിൽ അണിനിരത്തിയിരുന്നു. ആഗാമികപുരുഷൻെറ വെളുത്തു നീണ്ട അങ്കി ഇരുൾ തുളച്ചുകയറുന്ന ദീപംപോലെ വൃക്ഷങ്ങളുടെ പ്രതിച്ഛായകളെ പ്രശോഭിപ്പിക്കുകയുംചെയ്തു. അദ്ദേഹത്തിനു ഇടത്തരത്തിലുള്ള പൊക്കമുണ്ടു്. ആതപഭീതി കുറയ്ക്കുവാനുപയോഗിച്ച ശിരോവസ്ത്രം തലയിൽനിന്നു മാറി കഴുത്തിൽ തട്ടിയിരുന്നതിനാൽ പിംഗലവർണ്ണത്തിലുള്ള കല്ലോലമയമായ കേശഭാരം മദ്ധ്യഭാഗത്തു രണ്ടായി തിരിഞ്ഞു തോൾവരെ നീണ്ടുകിടക്കുന്നതു കാണാമായിരുന്നു. തങ്കനിറമണിഞ്ഞ ഒരുജോഡി കണ്ണുകൾ വെളുത്തു സമുന്നതമായ നെററിത്തടത്തിന്നടിയിൽ തിളങ്ങി. തവിട്ടുനിറത്തിലുള്ള താടിയാൽ ആവൃതമായിരുന്നു മുഖം. മീശ ചിബുകത്തിന്നടിയിലും പടന്നുകാണപ്പെട്ടു. ഇദ്ദേഹത്തിനു പ്രായം മുപ്പതു വയസ്സിൽ അധികം കൂടുതലായിരുന്നില്ല

എന്നാൽ അദ്ദേഹത്തിൻെറ വദനാകാരം മൊത്തത്തിൽ യുവത്വത്തിൻെറ മനോഹരതയും വാർദ്ധക്യത്തിൻെറ ഗാംഭീര്യവും സമ്മിശ്രിച്ചു പ്രകടിപ്പിച്ചു. കാർക്കശ്യത്തിൻെറ ഏതോ ലാഞ്ഛനം മുഖത്തു പ്രത്യക്ഷപ്പെട്ടതു് നിസ്സീമമായ കാരുണ്യാതിരേകം പ്രദ്യോതിപ്പിച്ച പ്രശാന്തമായ അക്ഷിയുഗ്മത്തിൻെറ മുമ്പിൽ അസ്തമിക്കുകതന്നെ ചെയ്തു. മിക്കവാറും ശില്പികളാൽ ഉപകല്പിതമായ രണ്ടു ഡസൻ ആളുകൾ അദ്ദേഹത്തെ അനുഗമിച്ചു. കുഞ്ഞുങ്ങളോടുകൂടിയ ഏതാനും സ്ത്രീകളും ആ സംഘത്തിൽ ഉണ്ടായിരുന്നു.

ഭവനാന്തികെ ആസന്നസ്ഥരായിരുന്ന ആ മൂന്നാളുകളുടെ സമീപത്തേക്കദ്ദേഹം ചെന്നു. സാധാരണ അഭിവാദനരീതിയിൽ തൻെറ കരങ്ങളെ വിലങ്ങനെ മാറത്തു വിരിച്ചുകൊണ്ടു് മൃദുലവും പ്രതിധ്വനിമയവുമായ സ്വരത്തിൽ "നിങ്ങൾക്കു സമാധാനം" എന്നദ്ദേഹം ആശംസിച്ചു.

"സമാധാനം" എന്നു ലാസറസും ജോസഫും പ്രതിവചിച്ചു. ബറാബാസ് ഒന്നുരണ്ടടി പിറകോട്ടു മാറിയിട്ടു വിസ്മയാധീനനായ ആ കൊള്ളക്കാരൻെറമേൽ ഉററുനോക്കിക്കൊണ്ടിരുന്ന ആഗതനെ നയനപരിശോധനയ്ക്കു് വിഷയമാക്കി നിലകൊണ്ടു.

"എസക്കിയേലിൻ പുത്രനായ ബറാബാസേ, നിങ്ങൾക്കു് അഭിവന്ദനങ്ങൾ! ഇവിടേക്കു വന്നതിനായി ഞാൻ നന്ദിപറയുന്നു."

ശ്വാസം മുട്ടിയ മട്ടിൽ ബറാബാസ് പറഞ്ഞു: "റാബ്ബി, അങ്ങേക്കു് അഭിവന്ദനങ്ങൾ." അയാൾ തൻെറ വിസ്തൃതമായ ഉരസ്ഥലത്തു ഗദപോലിരുന്ന കരങ്ങൾ വിരിച്ചു് അപരൻെറ പ്രകാശമാനമായ അവലോകനത്തിനു മുമ്പിൽ ദൃഷ്ടി താഴ്ത്തി. വീണ്ടും പറഞ്ഞു: "അങ്ങേക്കു എന്നെ മനസ്സിലായതായി തോന്നുന്നു."

"ഇസ്രായേൽ സന്തതികൾ പലപ്പോഴും നിങ്ങളെപ്പററി പറയുന്നു: എല്ലായ്പോഴും നന്മയല്ലാ പറയുന്നതു്. എന്നോടു സംസാരിക്കുവാനാണല്ലോ വന്നതു്. അതിൽ എനിക്കു് സന്തോഷമുണ്ടു്. വരൂ."

ബറാബാസിനോടു് ആംഗ്യം കാണിച്ചിട്ടു് അദ്ദേഹം കല്പുരകൾക്കും ഗൃഹത്തിനും ഇടയിൽക്കൂടി ഒരു താണചെരുവിലേക്കു് നടന്നുപോയി. ലാസറസും ജോസഫും ദൃഷ്ടികൊണ്ടദ്ദേഹത്തെ അനുഗമിച്ചു. തടാകത്തിങ്കൽനിന്നു വന്നവരും, അവിടെയുണ്ടായിരുന്നവരും, ബറാബാസിൻെറ കൂട്ടുകാരിൽ ചിലരും ആലോചന നടത്തുന്ന മനുഷ്യരെ കാണുവാൻ ഉൽസുകരായിരുന്നു.

നിർണ്ണയരഹിതനായ ബറാബാസ് ക്ഷണനേരം നിശ്ചലനായി നിന്നു. പിന്നീടയാൾ പെട്ടെന്നുതിരിഞ്ഞു, "നസ്രത്തിൽനിന്നുവന്ന മനുഷ്യൻെറ പിന്നാലെ ചെന്നു.

---

കുടുംബപംക്തി

## വൈവാഹികജീവിതം

(ഫാദർ ജോൺ മാതേയ്ക്കൽ)

XIV

### സന്താനങ്ങൾ

കുടുംബജീവിതത്തിലെ കെടാവിളക്കുകളാണു സന്താനങ്ങൾ. സമാധാനവും സംതൃപ്തിയും കെട്ടുതുടങ്ങുമ്പോൾ നവനവങ്ങളായ ഉന്മേഷവും ഉണർവ്വും ഉളവാക്കിക്കൊണ്ടു് വിവാഹജീവിതത്തെ വിജയകോടിയിലെത്തിക്കുന്നതു് മക്കളാണു്. മനുഷ്യൻെറ ഏതു ജീവിതതുറയിലും കടന്നുചെന്നു് വിഷബീജം കുത്തിവെക്കുന്ന പുരോഗമനവാദികൾ ആധുനികകാലത്തു് പരിഷ്കൃതങ്ങളെന്നു അഭിമാനംകൊള്ളുന്ന ചില ക്രൈസ്തവകുടുംബങ്ങളിലും കടന്നുചെന്നു് തങ്ങളുടെ ക്രൂരകൃത്യങ്ങൾ കൃത്യമായി ചെയ്തുതുടങ്ങിയിട്ടുണ്ടു്. അതിൻെറ ഫലമായി കുടുംബജീവിതത്തെ താറുമാറാക്കുന്ന ആ വഴിപിഴച്ച മാർഗ്ഗത്തെ—ജനനനിയന്ത്രണത്തെ—ചില കുടുംബങ്ങൾ അവലംബിച്ചുകാണുന്നതു് തികച്ചും അനാശാസ്യംതന്നെ. ചിലപ്പോൾ അജ്ഞതകൊണ്ടായിരിക്കാം പലരും ഈ പ്രസ്ഥാനത്തെ അനുകൂലിക്കുന്നതു്. അതുകൊണ്ടു് ജനനനിയന്ത്രണം എന്താണെന്നും അതിൻെറ സ്വഭാവം എങ്ങനെയെല്ലാമാണെന്നും, കുടുംബസംവിധാനത്തെ സംബന്ധിച്ചിടത്തോളം സഭയുടെ മനസ്ഥിതി എന്താണെന്നും കുറഞ്ഞൊന്നു പ്രതിപാദിക്കുന്നതു് ഉപകാരപ്രദമായിരിക്കുമെന്നു തോന്നുന്നു.

സുപ്രസിദ്ധ അമേരിക്കൻ ഗ്രന്ഥകാരനായിരുന്ന റവ. ഫാദർ ഡാനിയേൽ എ. ലോർഡ് എസ്. ജെ. ജനനനിയന്ത്രണത്തെക്കുറിച്ചു എഴുതിയ ഒരു പുസ്തകത്തിൽ സ്ത്രീകളെ രണ്ടു ഗണമായി തിരിച്ചുകാണുന്നുണ്ടു്. അദ്ദേഹത്തിൻെറ വാക്കുകളിൽതന്നെ പറഞ്ഞാൽ ഒരു ഗണം "സുഖിക്കുവാൻ ജീവിക്കുന്ന സ്ത്രീകളും മറേറതു് തങ്ങളുടെ മക്കളുടെ അമ്മമാരായിരിക്കുമെന്നുള്ള ഉത്തമബോദ്ധ്യത്തോടുകൂടി പുരുഷന്മാർ വിവാഹം ചെയ്തിട്ടുള്ള സ്ത്രീകളും". ആദ്യത്തെ ഗണം പല പേരുകളിലാണു് ലോകത്തിൽ അറിയപ്പെടുന്നതു്. "വേശ്യകൾ" അതാണവരുടെ പൊതുവായ പേരു്. വേദപുസ്തകം അവരെ "വ്യഭിചാരിണികൾ"എന്നു വിളിക്കും. ഫാദർ ഡാനിയേൽ അവർക്കു ഒരു ബഹുമാനസൂചകമായ സംജ്ഞയാണു നൽകിയിട്ടുള്ളതു്, "സന്തോഷത്തിൻെറ മക്കൾ". ഈ ഗണത്തിൽപ്പെട്ട സ്ത്രീ ചിലപ്പോൾ മരണംവരെ ഒരു പുരുഷനോടുതന്നെ ഒത്തുനിന്നെന്നുവരാം. മററു ചിലപ്പോൾ അവളുടെ ജീവിതം പല പുരുഷന്മാരോടുകൂടിയും ആയിരിക്കാം. എങ്ങനെ ആയിരുന്നാലും അവർ ഇരുവരും മാത്രമല്ലാതെ, ഒരു ശിശു അവരുടെ സൈ്വരവിഹാരങ്ങൾക്കു വിഘാതം വരുത്താൻ സമ്മതിക്കുകയില്ലെന്നു് ഇക്കൂട്ടർക്കു നിർബന്ധമുണ്ടു്. ഈ ഗണത്തിൽപ്പെട്ട സ്ത്രീകൾ പുരുഷന്മാരുടെ കളിക്കോപ്പുകൾ മാത്രമാണു്. ഒരു കുട്ടിയുടെ കൈയിലിരിക്കുന്ന പാവയുടെ സ്ഥിതി ഏവർക്കും സുപരിചിതമാണല്ലോ. കുട്ടി തൻെറ മാതാപിതാക്കന്മാരോടുകൂടി പുറത്തുപോയപ്പോൾ കടയിലിരിക്കുന്ന കളിക്കോപ്പുകൾ കണ്ടു. കച്ചവടക്കാരൻ അതിൽ ചിലതു പിടിച്ചു ഞെക്കിയോ കറക്കിയോ ചില സ്വരങ്ങൾ കേൾപ്പിച്ചു. അവയുടെ സ്വരവും നിറവും കുട്ടിയെ കാര്യമായി ആകർഷിച്ചു. അവനു അതൊന്നു കിട്ടണമെന്നു് നിർബന്ധമായി. വാങ്ങിക്കൊടുക്കാൻ മടിച്ച അമ്മയെ അടിക്കുകയും കടിക്കുകയും ചെയ്തുകൊണ്ടു് കുട്ടി ശാഠ്യംപിടിച്ചു. അവൻെറ അവസാനത്തെ ആയുധമായ കരച്ചിൽ എടുത്തു പ്രയോഗിക്കുകയായി. ഗത്യന്തരമില്ലാതെ, പണമില്ലാതിരുന്നിട്ടുപോലും അത്യാവശ്യത്തിനു കരുതിയിരുന്ന കാശെടുത്തു് അമ്മ തൻെറ മകൻെറ ശാഠ്യം സാധിച്ചുകൊടുത്തു; പാവവാങ്ങി. കുട്ടിക്കു സന്തോഷമായി. ഊണിലും ഉറക്കത്തിലും അതവൻെറ അടുത്തുവേണം, അവനതു് നിർബന്ധമാണു്. അതിനെ അവനെന്തു കാര്യമാണെന്നോ. ആരും അതിനെ ഒന്നു തൊടുന്നതിനോ നോക്കുന്നതിനുതന്നെയോ അവൻ സമ്മതിക്കയില്ല. ഇങ്ങനെ "അവൻേറതായ" പാവയുമായി കുറച്ചുദിവസങ്ങൾ, ചിലപ്പോൾ മണിക്കൂറുകൾമാത്രം കഴിയുന്നു; അതിനെ ശരിയായി ഉപയോഗിക്കാത്തതുകൊണ്ടു് അവൻ വിചാരിക്കുന്ന വിധത്തിൽ പാവ സ്വരം പുറപ്പെടുവിക്കുന്നില്ല, അല്ലെങ്കിൽ കറങ്ങുന്നില്ലായെന്നു് അവനൊരു വിചാരം. അവൻ ചില ചില്ലറവിദ്യകളൊക്കെ ചെയ്തുനോക്കി, പാറുന്നില്ല. അവസാനം വലിച്ചൊരേറു്. പാവ തവിടുപൊടി തരിപ്പണം. ഈ പാവയുടെ ച

---

ട്ടിട്ടുണ്ടാവും." (ലൂക്കാ. 14-8.) പ്രേമസമ്രാട്ടായ ക്രിസ്തുതന്നെ എളിമയുടെ ഇരിപ്പിടമാണു്. അങ്ങിൽനിന്നും നമുക്കു പഠിക്കാം. സ്നേഹിതരെ സമ്പാദിക്കുന്നതിനും ആളുകളുമായി പരിചയപ്പെടുന്നതിനും നമ്മിൽനിന്നും സ്വാർത്ഥത ഉപേക്ഷിക്കുന്നതു് സഹായകമായിരിക്കും. നമ്മുടെ ജീവിതത്തിൽ നമുക്കു ആനന്ദസംദായകമായിട്ടുള്ളതു് നമ്മുടെ ഭാരിച്ച സമ്പാദ്യമല്ല, പിന്നെയോ നാം അന്യരെ എത്രമാത്രം സഹായിച്ചു എന്നുള്ളതായിരിക്കും. ക്രിസ്തീയ വീക്ഷണകോണത്തിൽ സാക്ഷാൽ യജമാനൻ ഒരു ഭൃത്യനാണു്. "നിസ്സ്വാർത്ഥമായ സ്നേഹം ബലിയേക്കാൾ മഹത്തരമാണു്." (മർക്കോസു്,12:33) "നിന്നോടു മറെറാരുത്തൻ ചെയ്യുവാൻ നീ അഭിലഷിക്കാത്തതു് നീ ഒരിക്കലുംമറെറാരുവനോടു ചെയ്യരുതു്" (തോബിയാസു് 4.16) "മറെറാരുവൻെറ ഭാരം വഹിക്കുക: നീ ക്രിസ്തുവിൻെറ ഇംഗിതം ചെയ്തുകഴിഞ്ഞു." (ഗലാ. 6.2)

"മിതമായ സംസാരം ജീവിതമാകുന്ന വൃക്ഷമാകുന്നു. അമിതമായ സംസാരം അതൃപ്തിയെ ജനിപ്പിക്കുന്നു." (Prov.15.4) "ശാന്തമായ ഉത്തരം ദ്വേഷ്യത്തെ ഇല്ലാതാക്കുന്നു; എന്നാൽ പരുഷമായ വാക്കുകൾ അരിശത്തെ ഉളവാക്കുന്നു." [Prov. 15.1]

ഇപ്രകാരം നമ്മുടെ ജീവിതത്തിൽ കൊണ്ടുവരുന്ന വ്യതിയാനങ്ങളോടൊപ്പം പ്രാവർത്തികമാക്കുന്നതിനു് നമുക്കു പതിന്നാലു ഉപവിപ്രവൃത്തികൾ ഉണ്ടു്. നമ്മുടെ വേദപാഠക്ലാസ്സുകളിൽ പഠിച്ച അതുകളെ ഇവിടെ പ്രസ്താവിക്കേണ്ടതില്ല. ഇതുകളെല്ലാം ആർക്കാണു് ചെയ്തുകൊടുക്കേണ്ടതു് എന്ന സംശയം ചിലർ ഉന്നയിച്ചേക്കാം. അതിനു ദിവ്യരക്ഷകൻതന്നെ "നല്ല ശമറായക്കാരൻെറ അന്യാപദേശ"ത്തിൽ നമുക്കു ഉത്തരം തരുന്നുണ്ടു്. ഇപ്രകാരം നാം നമ്മുടെ കടമകൾ തികച്ചുവെങ്കിൽ അപ്പസ്തോലൻ പ്രവചിക്കുന്ന ആ സ്വാർത്ഥത നിറഞ്ഞ ലോകത്തെ—"ഇതു നീ അറിഞ്ഞുകൊള്ളുക: അവസാനദിവസങ്ങളിൽ വിഷമതയേറിയ സമയങ്ങൾ വരും. മനുഷ്യർ സ്വസ്നേഹികളും, ദ്രവ്യംഗ്രഹികളും, ആത്മപ്രശംസ ചെയ്യുന്നവരും, അഹംഭാവികളും, ദൂഷകന്മാരും, സ്വജനങ്ങളെ അനുസരിക്കാത്തവരും, നന്ദിഹീനരും, ദുഷ്ടന്മാരും ആയിരിക്കും" [II തിമോ 3-2]—നമ്മുടെ ദർശിക്കേണ്ടതായി വരികയില്ല.

# ആദ്ധ്യാത്മികത്വത്തിൽ അടിയുറച്ച രാഷ്ട്രീയപ്രവർത്തകൻ

# ജോൺ ഫോസ്റ്റർ ഡള്ളസ്സ്

(T. M.)

ആദ്ധ്യാത്മികാദർശങ്ങളിലുള്ള അടിയുറച്ച വിശ്വാസംവഴി അന്താരാഷ്ട്രീയരംഗത്ത് അസാധാരണമായ സ്വാധീനശക്തി സമ്പാദിച്ചുകൊണ്ടിരിക്കുന്ന അമേരിക്കൻ സ്റ്റേററുസെക്രട്ടറിയാണ് ജോൺ ഫോസ്റ്റർ ഡള്ളസ്സ്.

1954 മാർച്ചുമാസത്തിലെ ഒരു ദിവസം മി. ഡള്ളസ്സിന്റെ സുഹൃത്തായ ഒരു ക്രിസ്തീയപുരോഹിതൻ സ്റ്റേററുസെക്രട്ടറിയുടെ ഓഫീസിൽ ചെന്നു. അന്നു മി. ഡള്ളസ്സ് വളരെ രാഷ്ട്രീയപ്രാധാന്യമുള്ള ഒരു കോൺഫറൻസിൽ സംബന്ധിക്കുവാനായി കാക്കസി (Carcas) ലേക്കു പുറപ്പെടുവാൻ തയാറായിരിക്കയായിരുന്നു. അന്താരാഷ്ട്രീയസ്ഥിതിഗതികൾ പൊതുവെ തൃപ്തികരമല്ലായിരുന്നു. അമേരിക്കയുടെ വിദേശനയത്തെപ്പററി അമേരിക്കൻ കോൺഗ്രസിൽ ശക്തിയായ എതിരഭിപ്രായവുമുണ്ടായിരുന്നു. വിദേശനയം കരുപ്പിടിപ്പിക്കുന്നതു പ്രധാനമായും സ്റ്റേററുസെക്രട്ടറിയാണല്ലോ.

ഈ പരിതസ്ഥിതികളും പ്രയാസങ്ങളേയുംപററി പരിജ്ഞാനമുണ്ടായിരുന്ന പ്രസ്തുത പുരോഹിതൻ മി. ഡള്ളസ്സിനെ നേരിട്ടുകണ്ടു സംസാരിച്ചു സമയം നഷ്ടപ്പെടുത്തുവാൻ ആഗ്രഹിച്ചില്ല. മി. ഡള്ളസ്സിനെ ഒരുകാര്യം പ്രത്യേകമൊന്നറിയിക്കുവാൻ ശട്ടം കെട്ടിയിട്ടദ്ദേഹം മടങ്ങിപ്പോയി: "ഈ വിഷമസന്ധിയിൽ താങ്കൾക്കുവേണ്ടി ഞാൻ പ്രത്യേകം പ്രാർത്ഥിക്കുന്നുണ്ട്." അതുമാത്രമായിരുന്നു ആ സന്ദേശം.

കുറേക്കഴിഞ്ഞപ്പോൾ പ്രസ്തുത പുരോഹിതനു ഒരു ഫോൺസന്ദേശം ലഭിച്ചു: "സ്റ്റേററുസിക്രട്ടറിക്കു അങ്ങയെ കണ്ടാൽ കൊള്ളാമെന്നുണ്ട്. സൗകര്യമുണ്ടെങ്കിൽ ഒന്നുവരണ"മെന്നു.

പുരോഹിതൻ ചെന്നപ്പോൾ മി. ഡള്ളസ്സ് പത്തുപന്ത്രണ്ടു പ്രധാനോദ്യോഗസ്ഥന്മാരൊരുമിച്ചു ഗൗരവമായ ആലോചനയിൽ വ്യാപൃതനായിരിക്കുകയായിരുന്നു. വൈദികനെ കണ്ടയുടനെ അദ്ദേഹം ഉദ്യോഗസ്ഥന്മാരെയെല്ലാം തല്ക്കാലത്തേക്കു മറെറാരു മുറിയിലേക്കു പറഞ്ഞയച്ചിട്ടു തന്റെ സുഹൃത്തിനെ അടുത്തു വിളിച്ചുവരുത്തി. നീതിയിൽ അധിഷ്ഠിതമായൊരു ലോകസമാധാനം സ്ഥാപിക്കുന്നതിനു പ്രതിബന്ധമായി നില്ക്കുന്ന ചില സങ്കീർണ്ണ പ്രശ്നങ്ങളെപ്പററി അദ്ദേഹത്തോടു സംസാരിച്ചു. "നാം സത്യത്തിന്റെ മാർഗ്ഗത്തിലാണെങ്കിൽ ദൈവത്തിന്റെ സഹായത്താൽ ഈ പ്രതിബന്ധങ്ങളെ നമുക്കു തരണംചെയ്യാൻ കഴിയും. വിശ്വാസത്തിന്റെ കുറവാണ് ഇവയെ അജയ്യങ്ങളായി തോന്നിക്കുന്നതു"—മി. ഡള്ളസ്സ് പറഞ്ഞു. ഭരണഭാരം വഹിക്കുന്നവർ സത്യത്തിന്റെയും നീതിയുടേയും മാർഗ്ഗത്തിലൂടെമാത്രം സഞ്ചരിക്കുവാനും അവരുടെ വിശ്വാസം സുശക്തമാക്കുവാനുംവേണ്ടി, ദൈവവിശ്വാസികൾ വേണ്ടത്ര പ്രാർത്ഥിക്കുന്നില്ലെന്നായിരുന്നു അദ്ദേഹത്തിന്റെ പരാതി.

ഉടനെതന്നെ മി. ഡള്ളസ്സും സുഹൃത്തായ വൈദികനുംകൂടി ആ രാഷ്ട്രീയകാര്യാലോചനാലയത്തിൽ മുട്ടുകുത്തി കുറെനേരം പ്രാർത്ഥിച്ചു. പല രാഷ്ട്രീയപ്രാധാന്യമുള്ള സമ്മേളനങ്ങളും അതേസ്ഥലത്തുവച്ച് ഇതിനുമുമ്പും പലതവണ നടന്നിട്ടുണ്ട്. പക്ഷേ അവയൊന്നെങ്കിലും ഇങ്ങനെയൊരു കാര്യത്തിനുവേണ്ടി ഇടയ്ക്കു നിറുത്തിവച്ചിട്ടുണ്ടായെന്നു സംശയമാണ്. പ്രാർത്ഥനയ്ക്കുശേഷം വൈദികൻ മടങ്ങിപ്പോയി; മി. ഡള്ളസ്സ് ഉദ്യോഗസ്ഥന്മാരെ വിളിച്ച് ആലോചനയും തുടർന്നു.

മി. ഡള്ളസിനെ ശരിക്കറിയാവുന്നവർക്ക് ഈ സംഭവം ആശ്ചര്യകരമായിരിക്കുകയില്ല. ചരിത്രത്തിൽ മി. ഡള്ളസിന്റെ സ്ഥാനം നിർണ്ണയിക്കുന്നതു്, അദ്ദേഹത്തിന്റെ നയതന്ത്രപ്രാവീണ്യത്തേക്കാൾ കൂടുതലായി ആദ്ധ്യാത്മികമൂല്യങ്ങളിൽ അടിയുറച്ച അദ്ദേഹത്തിന്റെ പ്രവർത്തനരീതിയായിരിക്കുമെന്നാണ് അവരുടെ വിശ്വാസം. ഈ ആദ്ധ്യാത്മികചൈതന്യം ഒന്നുമാത്രമാണ് പല അസാധാരണകാര്യങ്ങൾ നടത്തുവാനും നേടുവാനും അദ്ദേഹത്തെ പ്രേരിപ്പിച്ചതു്. ഇതിനു മുമ്പുണ്ടായിട്ടുള്ള 49 സ്റ്റേററുസിക്രട്ടറിമാരിൽ ആരെക്കാളും കൂടുതലായി രാഷ്ട്രീയകാര്യങ്ങൾക്കുവേണ്ടി അദ്ദേഹം കഴിഞ്ഞ രണ്ടു കൊല്ലങ്ങൾക്കിടയിൽ സുദീർഘമായ യാത്രകൾ നടത്തിയിട്ടുണ്ട്. ഇതിനിടെ ഉദ്ദേശം 170,000 നാഴിക വിമാനയാത്ര ചെയ്തുകഴിഞ്ഞുവത്രെ. പ്രതിബന്ധങ്ങളുടെ മുമ്പിൽ പരാജിതനാകാതെ, മനസ്സുമടുക്കാതെ തുടർന്നു പരിശ്രമിക്കുവാൻ അദ്ദേഹത്തിനു പ്രചോദനം നൽകുന്നതും ആദ്ധ്യാത്മികാദർശങ്ങളാണ്. ഈ ആദർശങ്ങളിൽ ഊന്നിനിന്നുകൊണ്ടു അദ്ദേഹം ഉദ്ദേശിക്കുകയും സാക്ഷാത്കരിക്കുവാൻ അഭിലഷിക്കുകയും ചെയ്യുന്ന ലക്ഷ്യം "നീതിനിഷ്ഠവും, അതിനാൽതന്നെ ചിരസ്ഥായിയുമായ സാർവ്വലൗകികസമാധാനവും ക്ഷേമവു"മാണ്. അദ്ദേഹം പറയുകയാണ്: "ഇതൊരു ധാർമ്മികമായ ലക്ഷ്യമാണ്; അതുകൊണ്ടു ധാർമ്മികങ്ങളായ മാർഗ്ഗങ്ങളിൽക്കൂടിവേണം ഇതു നേടുവാൻ."

മി. ഡള്ളസ് അദ്ദേഹത്തിന്റെ യാത്രകളിൽ എപ്പോഴും ഒരു പുസ്തകം കൂടെ കൊണ്ടുപോകാറുണ്ട്; ഉപയോഗിച്ചുപഴകിയ ഒരു വേദപുസ്തകം! മിക്കദിവസവും അദ്ദേഹമതു വായിക്കും; വിഷമപ്രശ്നങ്ങളുമായേറുമുട്ടേണ്ടിവരുമ്പോൾ തീർച്ചയായിട്ടും. അതദ്ദേഹത്തിന്റെ മനശ്ശക്തിയേയും ധൈര്യത്തേയും പുനരുജ്ജീവിപ്പിക്കുവാൻ പര്യാപ്തമായ സുനിശ്ചിതമായൊരു വസ്തുവാണെന്നാണ് അദ്ദേഹത്തിന്റെ വിശ്വാസം.

കുറെനാൾമുമ്പ് യാത്രാമദ്ധ്യേ, അന്നു കീറാമുട്ടിയെന്നു തോന്നിയിരുന്ന ഒരു അന്താരാഷ്ട്രപ്രശ്നത്തെപ്പററി ഒരു സുഹൃത്തിനോടു അദ്ദേഹം സംസാരിക്കുകയായിരുന്നു. സംഭാഷണത്തിനിടയ്ക്കു മി. ഡള്ളസ് അദ്ദേഹത്തിന്റെ വേദപുസ്തകത്തിലെ ഒരു ഭാഗമെടുത്തു വായിച്ചു. വി. പൗലോസ് റോമാക്കാർക്കെഴുതിയ ഒരു ലേഖനഭാഗമായിരുന്നു അതു്. (Rom 8—28) "And we know that all things work unto good" അത്രയും വായിച്ചിട്ടു അദ്ദേഹം സ്നേഹിതനോടു പറയുകയാണ്: "പലരും ഇവിടം കൊണ്ടു നിറുത്തും; പക്ഷെ പ്രധാനഭാഗം വരുന്നേയുള്ളു. അതായതു്: to them that love God, to them that are called according to this purpose." മി. ഡള്ളസ് പറയുകയാണ്: "നമ്മുടെ പ്രവർത്തനങ്ങൾ നന്മയിലേക്കല്ല നയിക്കുന്നതെന്നു തോന്നുമ്പോൾ ദൈവത്തിന്റെ തിരുമനസ്സിനെപ്പററി സംശയിക്കുകയല്ല നാം ചെയ്യേണ്ടതു്, പ്രത്യുത ദൈവതിരുമനസ്സിനു വിധേയമായിട്ടാണോ നാം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നതെന്നു ശാന്തമായൊന്നു പരിശോധിച്ചുനോക്കുകയാണ്. അതിനുള്ള അവസരമാണതു്." പ്രതിസന്ധിഘട്ടങ്ങൾ നേരിടുമ്പോൾ ദൈവസ്നേഹവും ദൈവഹിതാനുസൃതം പ്രവർത്തിക്കുവാനുള്ള സന്നദ്ധതയുമാണു അദ്ദേഹത്തിനു ധൈര്യം നൽകുന്നതെന്നുള്ളതു് ഇതിൽനിന്നും വ്യക്തമാണ്.

രണ്ടുകൊല്ലം മുമ്പു മി. ഡള്ളസ്സ് സ്റ്റേററുസിക്രട്ടറിയായിട്ടു നിർദ്ദേശിക്കപ്പെട്ടപ്പോൾ, ആ നിർദ്ദേശം അംഗീകരിച്ചുറപ്പിക്കപ്പെടുന്നതിനു മുമ്പായി, അദ്ദേഹത്തിനു അമേരിക്കൻ സെനററുകമ്മററിയുടെ മുമ്പാകെ ഹാജരാകേണ്ടതുണ്ടായിരുന്നു. കമ്മററിയുടെ അദ്ധ്യക്ഷൻ അന്നദ്ദേഹത്തോടു ചോദിച്ചു, അമേരിക്കയുടെ വിദേശനയത്തിൽ എന്തു പരിവർത്തനം ആവശ്യമാണെന്നാണ് അദ്ദേഹത്തിന്റെ അഭിപ്രായമെന്നു്. മി. ഡള്ളസ് അല്പമൊന്നു ആലോചിച്ചിട്ടു മറുപടിപറഞ്ഞു: "എനിക്കു തോന്നുന്നതു് മാനസികമായൊരു പരിവർത്തനമാണേററവും ആവശ്യമായിട്ടുള്ളതെന്നാണ്." ഉദ്യോഗമേറെറടുത്തതിനു ശേഷമുള്ള അദ്ദേഹത്തിന്റെ പ്രവർത്തനങ്ങളിലും പ്രധാനമായിട്ടദ്ദേഹം ഉന്നംവയ്ക്കുന്നതു് ആദ്ധ്യാത്മികാദർശങ്ങളാൽ പ്രേരിതമായ മാനസികപ്രവർത്തനം രാഷ്ട്രമേധാവികളിലുളവാക്കുവാനാണ്. സ്വാഭാവികമായിത്തന്നെ അദ്ദേഹത്തിന്റെ ഈ നിലപാടു് പലരുടേയും അവഹേളനത്തിനും വിമർശനത്തിനും വിഷയമായിട്ടുണ്ട്.


അന്താരാഷ്ട്രീയകാര്യങ്ങളിൽ ആർക്കും ഉപദേശം കൊടുക്കുവാൻ കഴിവുള്ളവനെന്നു് സ്വയം അഭിമാനിക്കുന്ന പണ്ഡിററു് നെഹ്റു, ഒരു വിജ്ഞാനവൃദ്ധന്റെ ഭാവത്തിൽ അഭിപ്രായപ്പെട്ടു, ആദ്ധ്യാത്മികത്വത്തിൽ കെട്ടിപ്പടുത്ത മി. ഡള്ളസിന്റെ രാഷ്ട്രീയനയം "അപക്വം" (immature) ആണെന്നു്! മി. നെഹ്റു ചൂണ്ടിക്കാണിച്ചു: "മതത്തേയും സന്മാർഗ്ഗത്തേയുംപററി പ്രതിപാദിക്കുമ്പോൾ ആദ്ധ്യാത്മികമൂല്യങ്ങൾക്കു സ്ഥാനമുണ്ടു്; പക്ഷെ രാഷ്ട്രീയകാര്യങ്ങളിൽ അവ അസ്ഥാനത്താണ്" എന്നു്!

പണ്ഡിററു് നെഹ്റുവിന്റെ വിമർശനത്തിനൊരു മറുപടിയെന്നോണം, ആയിടയ്ക്കു് യു. എൻ. ഒ. യെ അഭിമുഖീകരിച്ചുകൊണ്ടു ചെയ്ത ഒരു പ്രസംഗത്തിൽ മി. ഡള്ളസ് വ്യക്തമാക്കി: "എന്നെ സംബന്ധിച്ചിടത്തോളം ആദ്ധ്യാത്മികമൂല്യങ്ങൾ രാഷ്ട്രീയകാര്യങ്ങളുമായി അഭേദ്യമായവിധത്തിൽ ബന്ധപ്പെട്ടുകിടക്കുകയാണ്. ആ വീക്ഷണഗതിയിൽക്കൂടി മാത്രമേ എനിക്കു് അന്താരാഷ്ട്രീയപ്രശ്നങ്ങളെ സമീപിക്കാൻ കഴിയൂ. ഞാനതിൽ ഒട്ടുംതന്നെ ലജ്ജിക്കുന്നില്ല."

റഷ്യയെപ്പററി അദ്ദേഹം പറഞ്ഞു: "ദൈവസ്നേഹവും രാജ്യസ്നേഹവും മനുഷ്യത്വത്തിന്റെ മാന്യതയെപ്പററിയുള്ള ബോധവും മറേറതിനേയും അതിജീവിക്കുമെന്നു് കാലം വൈകുന്നതിനു മുമ്പുതന്നെ സോവ്യററുനേതാക്കൾ മനസ്സിലാക്കുമെന്നാണ് എന്റെ പ്രതീക്ഷ. ക്രൂരമായ മർദ്ദനരീതികൾ വിദ്വേഷത്തിലേക്കും വെറുപ്പിലേക്കും, ഒരുപക്ഷേ അതിനേക്കാൾ കൂടുതലായ വിപത്തുകളിലേക്കും വഴിതെളിച്ചേക്കാം. ആദ്ധ്യാത്മികജീവന്റെ ഒരംശം ഉൾക്കൊള്ളിച്ചിട്ടാണ് സ്രഷ്ടാവു് എല്ലാ മനുഷ്യരേയും സൃഷ്ടിച്ചിട്ടുള്ളതു്."

മനുഷ്യരിൽ അന്തർലീനമായിരിക്കുന്ന ഈ ആദ്ധ്യാത്മികജീവന്റെ വികാസത്തെ ആശ്രയിച്ചിരിക്കും അടിമത്വത്തിലിരിക്കുന്ന രാഷ്ട്രങ്ങളുടെ വിമോചനവും ലോകസമാധാനസംരക്ഷണവുമെന്നാണ് മി. ഡള്ളസിന്റെ വിശ്വാസം. ലോകത്തിൽ ആദ്ധ്യാത്മികമൂല്യങ്ങൾക്കു് പ്രചാരവും മനുഷ്യന്റെ ആദ്ധ്യാത്മികാംശത്തിനു് വികാസവും കൈവരുത്തുന്നതിനു് ഒരുപാധിയായിരിക്കണം അമേരിക്ക എന്നതാണ് അദ്ദേഹത്തിന്റെ ആഗ്രഹവും പ്രതീക്ഷയും. അമേരിക്കക്കു ലോകത്തോടുള്ള കർത്തവ്യമതാണെന്നു് അദ്ദേഹം വിശ്വസിക്കുന്നു. പലപ്പോഴും അദ്ദേഹം പറയാറുണ്ടു്: "ലൗകികമായ സമ്പത്തിന്റേയും ശക്തിയുടേയും പ്രധാനമായ ലക്ഷ്യം ആദ്ധ്യാത്മിക

## ഉപകാരസ്മരണ




ബ. അൽഫോൻസാമ്മയുടെ സഹായത്താൽ അപേക്ഷിച്ചകാര്യം സാധിച്ചതിനു ഉപകാരസ്മരണ. താമസിച്ചതിനു ക്ഷമാപണം.

E. M., Edavanakad

രിത്രം ആവർത്തിക്കുകയാണ് ഇത്തരം സ്ത്രീകളെ സംബന്ധിച്ചിടത്തോളം. അവളുടെ വിവാഹവും വിവാഹാനന്തരജീവിതവും, കുടുംബജീവിതപരാജയവും എല്ലാം മുൻപറഞ്ഞ പാവയുടെ ചരിത്രത്തിൽ നമുക്കു തെളിഞ്ഞുകാണുവാൻ സാധിക്കും. പാവ വാങ്ങണമെന്നു് കുട്ടിക്കോ കുട്ടിയുടെ മാതാപിതാക്കന്മാർക്കോ വീട്ടിൽനിന്നു് പുറത്തേക്കിറങ്ങിയപ്പോൾ ഉദ്ദേശമുണ്ടായിരുന്നില്ല. ആകസ്മികമായി കടയിലിരിക്കുന്ന പാവ കുട്ടിയെ ആകർഷിച്ചു. അതുപോലെതന്നെ എവിടേയോവച്ചു കണ്ട ഒരു സ്ത്രീ പുരുഷനെ ആകർഷിച്ചു. തടസ്സങ്ങൾ ധാരാളമുണ്ടായിരുന്നിട്ടും മാതാപിതാക്കന്മാരുടെ ന്യായമായ എതിർപ്പുണ്ടായിരുന്നിട്ടും അയാൾ വിട്ടില്ല; ആ പാവയെ കൈയിൽ കിട്ടിയേ അടങ്ങിയുള്ളു. എന്നിട്ടു് എന്തു ചെയ്യാനാണ്? നമുക്കറിഞ്ഞുകൂടേ പാവയുടെ ഉപയോഗം എന്താണെന്നു്. അതുതന്നെ, ആ സ്ത്രീയെക്കൊണ്ടു് അയാൾക്കു പാവകളിക്കാൻ; അതിൽ കവിഞ്ഞൊരുദ്ദേശവുമില്ല. ആ കുട്ടി തന്റെ പാവയിൽ ചില ചെപ്പടിവിദ്യകൾ പ്രയോഗിച്ചുരസിക്കുന്നതുപോലെ പുരുഷൻ തന്റെ കളിപ്പാവയാകുന്ന സ്ത്രീയിൽ ചില മൃഗീയചേഷ്ടകൾ കാട്ടിക്കൂട്ടി തന്റെ ആഗ്രഹസാദ്ധ്യത്തിനു്. അങ്ങനെ അയാളുടെ ജഡികാനന്ദത്തിനുള്ള ഒരുപകരണം മാത്രമായി സ്ത്രീ കുറച്ചുനാൾ കഴിഞ്ഞുകൂടുന്നു. ഇതിൽ കവിഞ്ഞ ഒരു ബന്ധം അവർ തമ്മിലില്ല. ആശാരിയും ഉളിയുംപോലുള്ള ഒരു ബന്ധം. കുട്ടിയും പാവയുംപോലുള്ള ഒരു ബന്ധം. അവസാനം പുരുഷന്റെ ഇഷ്ടാനുസരണം കാര്യങ്ങൾ നടക്കാതെ വരുമ്പോൾ അല്ലെങ്കിൽ മനസ്സും ശരീരവും ക്ഷീണിക്കുമ്പോൾ തന്റെ കൈയിലിരിക്കുന്ന പാവയെ—സ്ത്രീയെ—വലിച്ചെറിയുന്നു. അങ്ങനെ അവസാനിക്കുന്നു ആ ശോചനീയമായ നാടകം. (തുടരും)

സി.കെ.പോൾ & കമ്പനി
ആഭരണവ്യാപാരം,
ഫോൺ 536
ബ്രോഡ്‌വെ, എറണാകുളം.

മൂല്യങ്ങൾക്കു് അടിയുറപ്പു നൽകുകയെന്നുള്ളതായിരിക്കണം."

അമേരിക്കയേയും അദ്ദേഹം നിശിതമായി വിമർശിക്കാറുണ്ടു്. ഏതാനുംനാൾ മുമ്പു് പ്രിൻസ്‌ടൺ സർവ്വകലാശാലയിൽവച്ചു ചെയ്ത ഒരു പ്രസംഗത്തിൽ അദ്ദേഹം പറയുകയുണ്ടായി: "ശരിയേതു തെറേറതു് എന്നു നിർണ്ണയിക്കുന്നതിനുള്ള മാനദണ്ഡം പ്രകൃതിനിയമങ്ങളും സാന്മാർഗ്ഗികനിയമങ്ങളുംആയിരിക്കണം. അവ മനുഷ്യനിർമ്മിതങ്ങളല്ല. അവയെ അനുസരിക്കേണ്ടതു് മനുഷ്യന്റെ മേന്മയ്ക്കു അത്യന്താപേക്ഷിതമാണു്.

"സ്രഷ്ടാവായ ദൈവത്തിൽ അചഞ്ചലമായ വിശ്വാസമുണ്ടായിരുന്ന മനുഷ്യരാണു് നമ്മുടെ രാഷ്ട്രത്തിന്റെ വിധാതാക്കൾ. മററാർക്കും കവരുവാൻ കഴിയാത്ത ചില അവകാശങ്ങൾ എല്ലാ മനുഷ്യർക്കും ദൈവം പ്രദാനം ചെയ്തിട്ടുണ്ടെന്നു് അവർ വിശ്വസിച്ചു. ആ വിശ്വാസത്തിലാണു് ഈ രാഷ്ട്രത്തെ അവർ കെട്ടിപ്പടുത്തതു്.

"പക്ഷെ നാം ഇന്നു് ആ ആദർശങ്ങളിൽനിന്നും അകന്നുപോകുകയാണെന്നെനിക്കു തോന്നുന്നു. ക്രിസ്തീയമായ ചിന്താഗതിക്കു് യോജിക്കാത്തതാണു് ഇന്നു നമ്മുടെ പല പ്രവർത്തനങ്ങളും. കമ്മ്യൂണിസ്റ്റുകാർ ആദ്ധ്യാത്മികതത്വങ്ങളെ പാടെ അവഗണിക്കുന്നു. എന്നാൽ നമ്മുടെ നില അവരുടേതിനെക്കാൾ വളരെ മെച്ചമാണെന്നു് ഇന്നു നമുക്കു് അഭിമാനിക്കുവാൻ നിവൃത്തിയില്ല. സാമ്പത്തികമായി കമ്മ്യൂണിസ്റ്റുകാരെ നാം കവച്ചുവയ്ക്കുന്നുണ്ടു്. ആദ്ധ്യാത്മികമായുള്ള നമ്മുടെ പോരായ്മയെ പരിഹരിക്കുവാൻ നാം ശ്രമിക്കേണ്ടതാണു്."

ഇത്തരം ആദ്ധ്യാത്മികമായ ചിന്താഗതിയും പ്രവർത്തനരീതിയുമാണു് കഴിഞ്ഞ രണ്ടു കൊല്ലങ്ങൾക്കിടയിൽ അനേകം വലിയ കാര്യങ്ങൾ നേടുവാൻ അദ്ദേഹത്തെ സഹായിച്ചതു്. പ്രയാസമേറിയ ഒരു പരിതസ്ഥിതിയിലാണു അദ്ദേഹം ഉദ്യോഗമേറെടുത്തതു്. അദ്ദേഹത്തിനഭിമുഖീകരിക്കേണ്ടിവന്ന വിഷമപ്രശ്നങ്ങൾ പലതായിരുന്നു. എന്നിട്ടും അദ്ദേഹം പ്രശസ്തിയിലേക്കും വിജയത്തിലേക്കും മുന്നേറിക്കൊണ്ടിരിക്കുകയാണു്. രണ്ടു കൊല്ലം മുമ്പു് അദ്ദേഹം ഉദ്യോഗം സ്വീകരിച്ചപ്പോൾ സ്റ്റേറ്റുഡിപ്പാർട്ടുമെന്റിന്റെ പ്രവർത്തനരീതിയെപ്പററി അമേരിക്കയിലെ മുപ്പതുശതമാനം ജനങ്ങൾക്കു മാത്രമേ അനുഭാവമുണ്ടായിരുന്നുള്ളു. പക്ഷെ, ഇന്നതു് എഴുപതു ശതമാനംവരെ ഉയന്നുകഴിഞ്ഞുവെന്നാണു് കണക്കെടുത്തപ്പോൾ കണ്ടതു്. അദ്ദേഹത്തിന്റെ ആദർശങ്ങൾക്കും പ്രവർത്തനരീതിക്കും അമേരിക്കൻജനതയുടെയിടയിൽ അംഗീകാരവും പ്രചാരവും വർദ്ധിച്ചിട്ടുണ്ടെന്നാണല്ലോ ഇതു തെളിയിക്കുന്നതു്.

വളരെ രാഷ്ട്രീയപ്രാധാന്യമുള്ള പ്രശ്നത്തെപ്പററി ഒരിക്കൽ മി. ഡള്ളസ്, പ്രസിഡന്റു് ഐസൻഹോവറിനും മററുദ്യോഗസ്ഥമേധാവികൾക്കും ഒരു റിപ്പോർട്ടു സമർപ്പിച്ചു. ചർച്ചകൾക്കുശേഷം മി. ഡള്ളസ് സ്ഥലം വിട്ടപ്പോൾ പ്രസിഡന്റു് ഐസൺഹോവർ അവിടെ സന്നിഹിതരായിരുന്നവരോടു പറഞ്ഞു: "മി. ഡള്ളസ് സ്റ്റേററുസിക്രട്ടറിയായിരിക്കുന്നിടത്തോളം കാലം ഒരുകാര്യം തീർച്ചയാണു്: സാന്മാർഗ്ഗികനിയമങ്ങൾ വേദപുസ്തകത്തിൽ അടച്ചുവയ്ക്കപ്പെടുവാൻ പോവുകയല്ല; പ്രത്യുത രാഷ്ട്രീയപ്രശ്നങ്ങളിൽ അവ പ്രയോഗിക്കപ്പെടുവാൻ പോകയാണു്. അതാണെനിക്കിഷ്ടം."

മനുഷ്യത്വത്തേയും, മനുഷ്യനു് യഥാർത്ഥത്തിലുള്ള മേന്മയും സ്ഥായിയായ സൗഭാഗ്യവും കൈവരുത്തുന്നതിനു് അവശ്യം പരിഗണിക്കപ്പെടേണ്ടതായ അവന്റെ ആദ്ധ്യാത്മിക വശത്തേയുംപററി, മി. ഡള്ളസിനുള്ളതുപോലുള്ള വിജ്ഞാനം എല്ലാ രാഷ്ട്രനേതാക്കൾക്കുമുണ്ടായിരുന്നെങ്കിൽ!

ആദ്ധ്യാത്മികമൂല്യങ്ങളെപ്പററി മി. ഡള്ളസിനുള്ള മതിപ്പു് പെട്ടെന്നു മുളയെടുത്തതൊന്നുമല്ല. ആദ്ധ്യാത്മികചൈതന്യം നിറഞ്ഞ ഒരു കുടുംബാന്തരീക്ഷത്തിലാണദ്ദേഹം വളർത്തപ്പെട്ടതു് അദ്ദേഹത്തിന്റെ സമപ്രായനായ ഒരു കുടുംബാംഗം പറയുകയാണു്: "ഞങ്ങളെല്ലാവരും അസാധാരണമായവിധം "ഭക്ത"രാണെന്നു പറയുവാൻ നിവൃത്തിയില്ല. പക്ഷെ ഞങ്ങളുടെ ഭക്തിയും മതചൈതന്യവും പ്രായോഗികമായിരുന്നു. ചുമതലാബോധവും നീതിനിഷ്ഠയും സത്യസന്ധതയും ചെറുപ്പം മുതൽ ഞങ്ങളിൽ വളർത്തിക്കൊണ്ടുവരുവാൻ കാരണവന്മാർ പ്രത്യേകം ശ്രദ്ധിച്ചു. ദിവസവും കുടുംബാംഗങ്ങളെല്ലാവരും കൂടിയിരുന്നു് വേദപുസ്തകത്തിൽനിന്നും ഏതാനും ഭാഗം വായിക്കുക പതിവായിരുന്നു. കുട്ടികളായ ഞങ്ങൾക്കു് വേദപുസ്തകത്തിലെ പല ഭാഗങ്ങളും മനഃപാഠമായി കഴിഞ്ഞിരുന്നു."

മി. ജോൺ ഫോസ്റ്റർ ഡള്ളസ് പലപ്പോഴും ഉദ്ധരിക്കാറുള്ള ഒരു വേദവാക്യമാണിതു്: "നിങ്ങൾ ഒന്നാമതായി ദൈവരാജ്യവും ദൈവനീതിയും അന്വേഷിക്കുവിൻ, ബാക്കിയെല്ലാം നിങ്ങൾക്കു നൽകപ്പെടും."

മി. ഡള്ളസിന്റെ ഒരു മകൻ കത്തോലിക്കാവിശ്വാസം സ്വീകരിച്ചുഇപ്പോൾ ഈശോസഭയിലെ ഒരു വൈദികവിദ്യാർത്ഥിയാണു് എന്നുള്ളതും പ്രസ്താവ്യമാണു്.

# വൈദികൻ

**(വെട്ടിക്കൽ അവരാച്ചൻ, നിലമ്പൂർ)**

"നിങ്ങൾ എന്റെ അഭിഷിക്തരെ തൊടുകയോ എന്റെ പ്രവാചകന്മാരോടു് തിന്മ ചെയ്യുകയോ അരുതു്" എന്നു് രാജപ്രവാചകൻ പറയുന്നു. അഭിഷിക്തരായ ഇവരാണു് വൈദികന്മാർ. സ്രഷ്ടാവിനേയും സൃഷ്ടിയേയും തമ്മിൽ കൂട്ടിയിണക്കുന്ന ഒരു കനകശൃംഖലയാണു് വൈദികൻ. മർത്ത്യസമൂഹത്തിന്റെ അവശതകളെ ജഗൽപിതാവിന്റെ പാദപത്മങ്ങളിൽ അടിയറവയ്ക്കുന്ന കാർമ്മികൻ, രാജാധിരാജന്റെ അമ്പാസിഡർ, അല്ലാ മറെറാരു ക്രിസ്തുതന്നെ.

വൈദികൻ ലോകത്തിനു ചെയ്യുന്ന സേവനങ്ങൾ എത്ര നിസ്തുലങ്ങളാണു്! തന്റെ അജഗണത്തിനുവേണ്ടി ദൈനംദിനം അദ്ദേഹം ദൈവത്തിനു ബലി അർപ്പിക്കുന്നു. പുരോഹിതൻ ദൈവത്തിന്റെയും വിശ്വാസികളുടേയും മദ്ധ്യസ്ഥനാകയാൽ അദ്ദേഹത്തിന്റെ പ്രാർത്ഥന ഫലപ്രദവും ദൈവസന്നിധിയിൽ കൂടുതൽ സ്വീകാര്യവുമാണു്. അങ്ങനെ നാമറിയാതെ എത്ര എത്ര അമൂല്യാനുഗ്രഹങ്ങളാണു് നമ്മുടെ മേൽ വർഷിക്കപ്പെടുന്നതു്. എത്ര ആത്മാക്കളാണു് അനുനിമിഷം ശുദ്ധീകരസ്ഥലത്തുനിന്നു വിമുക്തരാകുന്നതു്! പാപംമൂലംനിത്യശിക്ഷയ്ക്കു വിധേയരായി ഹൃദയസമാധാനമില്ലാതെ വലയുന്ന പാപികളെ അവരുടെ പാപഭാരത്തിൽനിന്നു് അദ്ദേഹം വിമോചിക്കുന്നു! അങ്ങനെ ആശയും ആവേശവുമററ ഹതഭാഗ്യരുടെമേൽ പ്രത്യാശയുടെ കിരണങ്ങൾ വിതറുന്നവരല്ലേ വൈദികർ. തന്റെ അജഗണത്തിന്റെ പേരിൽ അദ്ദേഹത്തിന്റെ ഹൃദയം ആർദ്രതയാൽ ഉരുകുന്നു; അഹോരാത്രം അവരുടെ യാതനകളെ ദൂരീകരിക്കുവാൻ ഉററു ശ്രമിക്കുന്നു; അവരുടെ തെററുകളെ സ്നേഹപൂർവ്വം എടുത്തു കാട്ടി അനർഘങ്ങളായ സദുപദേശങ്ങളാൽ അവരെ ആശ്വസിപ്പിച്ചു് നിത്യരക്ഷയുടെ വഴിയിൽക്കൂടെ അവരെ നയിക്കുകയും ചെയ്യുന്നു. സ്വജനത്തിനുവേണ്ടി സ്വജീവനെ ബലികഴിച്ചവരുടെ എണ്ണം എത്ര വളരെയാണു്? ഉദാഹരണങ്ങൾ വേണമോ?

ഹാവേയൻ ഭരണസീമയിൽപെട്ട ദ്വീപുകളിലുള്ള കുഷ്ഠരോഗികളെ എല്ലാം താമസിപ്പിക്കുന്ന സ്ഥലമായിരുന്നു "മൊളോക്കാ." രോഗം മററുള്ളവരിലേക്കു പകരാതിരിക്കുന്നതിനുവേണ്ടി മൊളോക്കാദ്വീപിലേക്കുള്ള ഗതാഗതം ഭരണാധികാരികൾ നിയമംകൊണ്ടു് നിരോധിച്ചിരുന്നു. മനുഷ്യശരീരത്തെ കാന്തു കാന്തു തിന്നുന്ന ഒരു ഭയങ്കര രാക്ഷസിയാണു് കുഷ്ഠരോഗം. മനുഷ്യസമുദായത്തിന്റെ പരമവിപത്തായ കുഷ്ഠരോഗത്തെ പാടെ പിഴുതെറിയുവാൻ യാതൊരു ഭിഷഗ്വരനും നാളിതുവരെ സാധിച്ചിട്ടില്ലല്ലോ. ഈ സാംക്രമികരോഗം പകരാതിരിക്കുവാൻ ഹാവേയൻ ഭരണകൂടം രാജ്യത്തുള്ള കുഷ്ഠരോഗികളെയെല്ലാം തേടിപ്പിടിച്ചു് മൊളോക്കോ ദ്വീപിലേക്കു നാടുകടത്തുക എന്ന നടപടി സ്വീകരിച്ചിരുന്നു. പരിത്യക്തരായ അവരുടെ ദുരന്തദുരിതത്തിനൊരറുതി വരുത്തുവാൻവേണ്ടി, നിലവിലിരുന്ന ഗവർമ്മെന്റുനിയമംപോലും ലംഘിച്ചു്, സ്വജീവനെപണയപ്പെടുത്തിക്കൊണ്ടു മൊളോക്കാദ്വീപിലേക്കു കുതിച്ചുപാഞ്ഞ ത്യാഗിവര്യൻ ആരാണു്?

കുഷ്ഠരോഗം ഞെക്കിപ്പിഴിഞ്ഞു നിണമൂററിക്കുടിച്ചതിനാൽ മനുഷ്യരൂപം പോലും നഷ്ടമായ, മൊളോക്കാ ദ്വീപിലെ അവശരായ നിസ്സഹായരായ, ഔഷധമോ ശുശ്രൂഷയോ വസ്ത്രമോ ഭക്ഷണമോ ഇല്ലാതെ പിടഞ്ഞു കേഴുന്ന കുഷ്ഠരോഗാർത്തരുടെ ഇടയിലേക്കു ധീരതയോടെ കടന്നുചെന്നു് അനേകം കൊല്ലം അവരോടുകൂടി ജീവിച്ചു് അവരുടെ ആത്മശരീരങ്ങളെ പരിപാവനമാക്കി അവസാനം അവരെപ്പോലെതന്നെ കുഷ്ഠരോഗത്തിന്റെ കരാളഹസ്തങ്ങളിൽ സ്വജീവനെ സമർപ്പിച്ച ആ ത്യാഗമൂർത്തി ഒരു കത്തോലിക്കാ വൈദികനായിരുന്നു. അതെ, ആ ഫാദർ ഡാമിയൻ തന്നെ.

സ്പെയിൻ വിപ്ലവകാലത്തു് തടങ്ങലിൽ അടയ്ക്കപ്പെട്ടിരുന്ന ഒരു കത്തോലിക്കാ വൈദികനായിരുന്നു ഫാദർ ജോൺ വില്യം. ആ ജയിലിൽതന്നെ കൊലയ്ക്കു വിധിക്കപ്പെട്ടിരുന്ന ഒരു കൊലപ്പുള്ളിയുമുണ്ടായിരുന്നു. ദരിദ്രരും അനാഥരുമായ തന്റെ കുഞ്ഞുങ്ങളെപ്പററി വൈദികനെ സമീപിച്ചു് ആവലാതി പറഞ്ഞു ആ ബന്ധിതൻ. പുരോഹിതനെ വിട്ടയക്കുന്നദിനം വന്നു. ആ ത്യാഗിവീരൻ കൊലപ്പുള്ളിയുടെ വസ്ത്രങ്ങൾ ധരിച്ചു് ഘാതകരുടെ ശ്രദ്ധയിൽ പെടാതെ, അയാളെ ജയിലിൽനിന്നു വിമോചിപ്പിച്ചു. വൈദികരുടെ വീരോചിതമായ സേവനം! അതെത്ര പ്രശംസനീയം! ഇന്നു്, സ്വജനതയെനിരീശ്വരത്വത്തിന്റെ പിടിയിൽനിന്നു രക്ഷിച്ചു് സത്യവിശ്വാസത്തിലുറപ്പിച്ചുനിർത്തുവാനായി ജീവനെക്കൂടി അപായപ്പെടുത്തിക്കൊണ്ടു് യാചകരുടെ വേഷമണിഞ്ഞു് റഷ്യൻ തെരുവീഥിയിൽക്കൂടി അലഞ്ഞു തിരിയുന്ന വൈദികരെത്രയുണ്ടു്? കനാൻ ദേശമായ തിരുക്കൊച്ചിയെ വിട്ടു് മലമ്പനിക്കധീനമായ മലബാറിന്റെ മലയോരങ്ങളിൽ അങ്ങിങ്ങായി കുടിൽ കെട്ടി താമസിക്കുന്ന കുടിയേററക്കാരുടെ പർണ്ണശാലകളിൽ കഷ്ടത സഹിച്ചു് ഒതുങ്ങിജീവിക്കുന്ന വൈദികരില്ലേ? അവരും ഫ്രാൻസിലെ തൊഴിലാളി വൈദികരെപ്പോലെ അൽമായരോടൊപ്പം പണിയെടുക്കുന്നില്ലേ? ഞായറാഴ്ച ജനങ്ങളോടുകൂടി പള്ളിക്കു കല്ലേററുന്ന പട്ടക്കാർ ഈ മലഞ്ചെരിവിലുണ്ടെന്നുള്ളതു പ്രത്യേകം പ്രസ്താവ്യമാണു്.

വിസ്തരഭയത്താൽ ഇനിയുംഉദാഹരണങ്ങളെഴുതുന്നില്ല. ഒരനുഭവം കൂടി ചുരുക്കി പറഞ്ഞുകൊള്ളട്ടെ. ഒരവസരത്തിൽ ഞാൻ കോഴിക്കോട്ടുള്ള ഗവർമ്മെന്റാസ്പത്രിയിൽ രോഗശയ്യയെ അഭയം പ്രാപിച്ചിരുന്നു. പബ്ളിക് ഹെൽത്തു് ഡിപ്പാർട്ടുമെന്റിൽ സേവനമനുഷ്ഠിച്ചിരുന്നതിനാൽ ആസ്പത്രിയിൽ കൂടുതൽ സൗകര്യമുള്ള ഒരു പ്രത്യേകവാർഡിലാണു് എന്നെ കിടത്തിയിരുന്നതു്. എന്റെ അടുത്ത ബഡ്ഡിൽ കിടന്നിരുന്നതു് പട്ടാളസേവനമനുഷ്ഠിച്ചിരുന്ന ഒരു നമ്പ്യാരായിരുന്നു. നാലു മണിയായാൽ ടൗണിലുള്ള ദേവാലയങ്ങളിൽനിന്നു വൈദികർ രോഗികളെ സന്ദർശിക്കുന്നതിനായി വന്നുകൊണ്ടിരിക്കും. ഈയുള്ളവന്റെ നാട്ടുകാരനായ ഒരു കൊച്ചച്ചൻ എന്റേയും മി: നമ്പ്യാരുടേയും ആത്മസുഹൃത്തായി തീന്നിരിക്കുകയാണു് ഇതിനിടയ്ക്കു്. ഓരോദിവസവും "നാലുമണി"യെ പ്രതീക്ഷിക്കയാണു് ഞങ്ങൾ, അച്ചന്റെ വരവിനായി. വരുമ്പോൾ ദിനപത്രങ്ങളും നല്ല പുസ്തകങ്ങളും കൊണ്ടുവരും. അദ്ദേഹം ആസ്പത്രിയിൽ വന്ന ഉടനെ മററുള്ള രോഗികളെ ഒന്നോടിനടന്നു കണ്ടതിന്റെ ശേഷമേ ഞങ്ങളെ സമീപിക്കുകയുള്ളൂ. ഒരിക്കൽ ഞങ്ങളദ്ദേഹത്തെ കയറുകൂടാതെ കെട്ടി. അന്നദ്ദേഹത്തിനു മററുള്ളവരെ കാണാൻ കഴിഞ്ഞില്ല. അതിൽപ്പിന്നെയാണു് ഇങ്ങനെ ചെയ്യുന്നതു്. സമയവും കുറച്ചേ ഉള്ളൂ.

അന്നു രാത്രി എന്തുകാരണത്താലോ നമ്പ്യാർക്കു് ക്ഷീണം വർദ്ധിച്ചു. ജീവൻ അപായത്തിലായെന്നു് എല്ലാവർക്കും തോന്നി ഡോക്ടർ പറഞ്ഞതു് രക്തം കുത്തിവയ്ക്കണമെന്നാണു്. ആസ്പത്രിയിലില്ലപോലും ജീവിക്കുവാൻ കഴിവില്ലാതെ നട്ടംകറങ്ങി ആസ്പത്രിയെ അഭയം പ്രാപിച്ച ആ സാധു മനുഷ്യനു് ആർ കൊടുക്കും "രക്തം"? അയാൾക്കുവേണ്ടി ഇൻക്വിലാബു് വിളിക്കാനോ മൈതാനപ്രസംഗം ചെയ്യാനോ ആരുമില്ലാ. പണമില്ലാത്തവൻ പിണമായതുകൊണ്ടു് ആ മനുഷ്യജീവിയെ തിരിഞ്ഞുനോക്കാനാരുമില്ലാ. അയാൾ ഒരു പണക്കാരൻ ആയിരുന്നുവെങ്കിൽ......അവിടേക്കു നിണച്ചാലുകളങ്ങനെ പ്രവഹിക്കുമായിരുന്നു. പിറേറന്നു് കൊച്ചച്ചൻ വന്നപ്പോൾ ബോധരഹിതനായി കിടക്കുന്ന നമ്പ്യാരെയാണു് കണ്ടതു്. വിവരമറിഞ്ഞ ആ നല്ല കൊച്ചച്ചൻ പരോപകാരത്തിനു പററിയ ശുഭാവസരത്തെ പാഴാക്കാതെ അയാൾക്കു വേണ്ടത്ര "രക്തം" സംഭാവനചെയ്തു അയാളിൽ ജീവനേകി. മാതൃകാപരമായ ഇത്തരം പ്രവൃത്തിയെയാണു് ബിഷപ്പു് ജെ. ഷീൻ ലോകരോടു് ആവശ്യപ്പെടുന്നതു്. പണത്തിനുവേണ്ടിയോ, പത്രപംക്തികളിൽ എഴുതപ്പെടുന്നതിനു വേണ്ടിയോ അല്ല ആ വിൻസന്റു് ഡി പോൾ നമ്പ്യാർക്കു രക്തം കൊടുത്തതെന്നു് കരതലാമലകംപോലെ ഏവർക്കും വ്യക്തമാണു്. അദ്ദേഹത്തിന്റെ പ്രവൃത്തി കാണികളിൽ അത്ഭുതം സൃഷ്ടിച്ചു.

വ്യതിചലനം വന്നുപോയി. ക്ഷമിക്കണം. വൈദികന്മാർ ക്രി

Invitation Cards & Envelopes
*For Every Occasion*
Choice collections to suit Every taste and Every purse
VALAVI & Co.,
BROADWAY, ERNAKULAM
Phone: 269



സ്തുവിന്റെ പ്രതിപുരുഷന്മാരാണ്. വി. പൗലോസ് ശ്ലീഹായുടെ വാക്കുകളിൽ പറഞ്ഞാൽ:- "ആകയാൽ ഞങ്ങൾ മിശിഹായുടെ പ്രതിപുരുഷന്മാരാകുന്നു" (2 കോറി 5,20) അദ്ദേഹം ഇതരക്രിസ്തുതന്നെ. അതിനാലത്രേ വിശുദ്ധ കുർബ്ബാനയുടെ സമയത്തു പുരോഹിതൻ ഓസ്തിയും വീഞ്ഞും കൂദാശചെയ്യുമ്പോൾ "ഇതു് എന്റെ ശരീരമാകുന്നു" എന്നുച്ചരിക്കുന്നതു്. "ഇതു് ക്രിസ്തുവിന്റെ ശരീരമാകുന്നു" എന്നല്ല. ഹാ! അനർഘനിമിഷങ്ങൾ! മനുഷ്യന്റെ കരങ്ങളിൽ ത്രിലോകയീശനിറങ്ങുന്നു!!

ഇതുപോലെതന്നെ പാപമോചനം നൽകുമ്പോൾ "നിന്റെ പാപങ്ങളിൽനിന്നു് നിന്നെ ഞാൻ മോചിക്കുന്നു" എന്നാണു് അദ്ദേഹം പറയുന്നതു്. "ക്രിസ്തു നിന്റെ പാപങ്ങൾ മോചിക്കട്ടെ" എന്നല്ല. ആകയാൽ ക്രിസ്തുവിന്റെ സ്ഥാനം വഹിക്കുന്ന പുരോഹിതനെ ക്രിസ്തുവിനെപ്പോലെ തന്നെ ബഹുമാനിക്കണം.

വ്യക്തിപരമായ അവരുടെ മാഹാത്മ്യത്തെ പരിഗണിച്ചല്ല, പ്രത്യുത അവരുടെ മഹനീയസ്ഥാനത്തെ ഓർത്താണു്. "കെല്പക്ഷയ"പ്പെട്ട മനുഷ്യശരീരം അവരിലും സ്ഥിതിചെയ്യുന്നതുകൊണ്ടു് തെററുകൾ വന്നുചേർന്നേക്കാം. പക്ഷേ, അവരെ വിധിക്കുവാൻ നമുക്കധികാരമില്ല. അവരുടെ മാനസാന്തരത്തിനുവേണ്ടി തീവ്രമായി നമുക്കു പ്രാർത്ഥിക്കാം. ദൈവവും വൈദികമേലധികാരികളും അവരെ വിധിക്കട്ടെ. അവരങ്ങനെ പൂർവ്വാധികം നന്നായിത്തീരട്ടെ. ആത്മാവുകളെ പവിത്രീകരിക്കട്ടെ.

ഒരു വൈദികന്റെ മാഹാത്മ്യം അവർണ്ണനീയമാകുന്നു. അദ്ദേഹത്തിന്റെ അധരങ്ങൾക്കുള്ള മഹത്ത്വശക്തിയും, കരങ്ങൾക്കുള്ള പരിശുദ്ധിയും പ്രശംസനീയം തന്നെ. അതു ദൈവദൂതന്മാരുടെ സ്ഥാനത്തേക്കാളും വിലമതിക്കത്തക്കതാണു്. അതിനാലത്രെ "ഒരു പുരോഹിതനും ഒരു വാനാരൂപിയുമൊരുമിച്ചു വരുന്നതു കണ്ടാൽ ആദ്യം പുരോഹിതനെ ആചാരം ചെയ്തിട്ടു മാത്രമേ വാനാരൂപിയോടു ഞാൻ ബഹുമാനം പ്രദർശിപ്പിക്കുകയുള്ളൂ"വെന്നു് വിശുദ്ധ ഫ്രാൻസിസ്സ് അസ്സീസി പ്രസ്താവിക്കുന്നതു്. ദൈവപുത്രനായ ക്രിസ്തുവിന്റെ തിരുശരീരവും തിരുരക്തവും കൈകാര്യം ചെയ്യുവാനുള്ള അധികാരം മാലാഖമാർക്കെന്നല്ലാ ദൈവമാതാവായ കന്യകാമറിയത്തിനു പോലുമില്ല; വൈദികർക്കു മാത്രമേയുള്ളൂ. അതുകൊണ്ടാണു് തോമസ് അക്വിനാസ് പറയുന്നതു്:"ഇതിലുപരിയായി ദൈവത്തിനുപോലും ചെയ്യാൻ സാദ്ധ്യമല്ല" എന്നു്. എത്ര വലിയ അധികാരം! സ്ഥാനം! മഹിമ!

കത്തോലിക്കാസഭയിൽ മാത്രമല്ല ലോകത്തിൽ പൊതുവെ വൈദികർക്കു് പ്രഥമവും പ്രധാനവുമായ സ്ഥാനമാണു നൽകിയിരിക്കുന്നതു്. അതുകൊണ്ടാണു് അവരവരുടെ ഭാഷയിൽ ഏററവും കാതലായ പദങ്ങളാൽ പുരോഹിതനെ സംബോധന ചെയ്യുന്നതു്. മലയാളിയുടെ "അച്ചൻ", തമിഴന്റെ "സ്വാമി", വെള്ളക്കാരന്റെ "ഫാദർ" മുതലായവ ഇതിനുത്തമോദാഹരണങ്ങളാണു്. അതുകൊണ്ടല്ലേ പണക്കാരനും പണിക്കാരനും അദ്ദേഹത്തെ അച്ചനെന്നു വിളിക്കുന്നതു്; മേടക്കാരനും ഓടക്കാരനും അദ്ദേഹത്തെ അച്ചനെന്നു വിളിക്കുന്നതു്; സ്ത്രീപുരുഷഭേദമന്യേ അദ്ദേഹത്തെ അച്ചനെന്നു വിളിക്കുന്നതു്! ജാതിമതഭേദമന്യേ ആബാലവൃദ്ധംജനങ്ങളും, കുടിൽതൊട്ടു് കൊട്ടാരംവരേയും അദ്ദേഹത്തെ അച്ചനെന്നു വിളിക്കുന്നു. അതൊരു "നാണയം"പോലെ എല്ലാവർക്കും തുല്യവില പ്രദാനംചെയ്യുന്നു. എല്ലാവർക്കും എല്ലായ്പ്പോഴും എല്ലാമായി ജീവിക്കുന്ന അദ്ദേഹം ഒരു "അച്ചൻ"തന്നെ, സംശയമില്ല.

സഭ ക്രിസ്തുവിന്റെ ശരീരമാണു്; ക്രിസ്തു അതിന്റെ ശിരസ്സും. പൗരോഹിത്യമാണെങ്കിൽ സഭയാകുന്ന ശരീരത്തിന്റെ ഹൃദയമാണെന്നു പറയാം. ശരീരത്തിലുള്ള ഹൃദയത്തിന്റെ വില ഏവർക്കുമറിയാം; അതുപോലെയാണു് പൗരോഹിത്യം തിരുസ്സഭയിൽ. ഹൃദയത്തുടിപ്പു നില്ക്കുമ്പോൾ ജീവൻ ശരീരത്തിലവസാനിക്കുന്നതുപോലെ പൗരോഹിത്യം ഒരിക്കൽ നശിക്കുന്നുവെന്നു് വിചാരിക്കയാണെങ്കിൽ സഭയും അതോടവസാനിക്കുന്നുവെന്നു വിചാരിക്കുന്നതിൽ തെററില്ല. സഭയുടെ ശത്രുക്കൾക്കിതു നല്ലപോലെ അറിയാം. അതുകൊണ്ടാണു് വൈദികത്വത്തിന്റെനേരെ ചെളിവാരി എറിയുന്നതും അതിന്റെ നാരായവേരോടെ അതിനെ പിഴുതെറിയുവാൻ അവർ വെമ്പൽകൊള്ളുന്നതും. സ്റ്റാലിൻ പറഞ്ഞു: "ഈ പ്രതിലോമകാരികളായ വൈദികരെ നാം കുറെയൊക്കെ അടിച്ചമർത്തി. എന്നാൽ അവരെ പൂർണ്ണമായി നിർമ്മാർജ്ജനം ചെയ്തില്ലെന്നുള്ളതാണു് എന്നെ അലട്ടുന്ന വലിയ പ്രശ്നം." ആ സ്റ്റാലിനും മൺമറഞ്ഞു വൈദികരോ? അചഞ്ചലമായി നിലകൊള്ളുന്നു. ഇതൊരു "മണലുകൊണ്ടുള്ള കയറുപിരിക്കലാണു്." ഈ പാറമേൽ കടിക്കേണ്ടാ, കടിച്ചുപോയാൽ പല്ലുകൾ തകർന്നു തരിപ്പണമാകും.

"കണ്ടുപഠിച്ചില്ലെങ്കിൽ കൊണ്ടുപഠിക്കണം" എന്നുണ്ടല്ലോ. അങ്ങനെ കൊണ്ടുപഠിച്ച ഒരു വ്യക്തിയാണു് ബോൾഷെവിക് ഭരണത്തിന്റെ ആദ്യനായകനും മതവിദ്വേഷിയുമായിരുന്ന ലെനിൻ. "Truth lies in the lips of dying men." അതുകൊണ്ടായിരിക്കും ലെനിന്റെ അന്ത്യവേളയിലെങ്കിലും തന്റെ സഹപാഠിയായിരുന്ന ആ കത്തോലിക്കാ വൈദികനോടു് യഥാർത്ഥം തുറന്നുപറഞ്ഞതു്, "ഫാദർ! ഞാൻ ശോചനീയമായ ഒരു തെററുചെയ്തു......രാജ്യത്തിന്റെ ഗുണത്തിനായി ഫ്രാൻസിസ്സ് അസ്സീസിയെപ്പോലെയുള്ള ഒരു ഡസൻ മനുഷ്യരെ എനിക്കു റഷ്യക്കു കൊടുക്കാമായിരുന്നുവെങ്കിൽ!" എന്നു്.

## ഇടവകവാർത്തകൾ

**അകപ്പറമ്പ്:** സ്ഥലം പള്ളിയിലെ നാല്പതുമണി ആരാധന മാർച്ച് 29, 30, 31 ഈ തീയതികളിൽ ഭക്തിസംവർദ്ധകമായി നടന്നിരിക്കുന്നു. ഓരോദിവസവും റവ. ജോർജ്ജ് കോട്ടൂക്കൽ, റവ. ഫാദർ ജോൺ പയ്യപ്പിള്ളി, റവ. ഫാദർ ജോസഫ് ചക്യത്തു് എന്നിവരുടെ ഉജ്ജ്വലത്തായ പ്രസംഗങ്ങൾ ഉണ്ടായിരുന്നു. അവസാനദിവസത്തെ ദിവ്യകാരുണ്യപ്രദക്ഷിണത്തിൽ ദ്ദേശം അയ്യായിരത്തിൽപരം ആളുകൾ സംബന്ധിച്ചു. അമേരിക്കയിൽനിന്നുള്ള 3വീപ്പ പാൽപ്പൊടികൊണ്ടുള്ള പാൽ ടി. അവസരത്തിൽ സാധുക്കൾക്കു് വിതരണം ചെയ്യുകയുണ്ടായി.

**അമയന്നൂർ:** സ്ഥലം സെൻറ് മേരീസ് പള്ളി ഇടവകയിൽ സ്ഥാപിതമായിരിക്കുന്ന സെൻറ് വിൻസെൻറ് ഡി പോൾ സംഘം ഡോൺബോസ്കോസ് കോൺഫറൻസിന്റെ പ്രഥമ വാർഷികം ഏപ്രിൽ 17-ാംനു- ഞായറാഴ്ച വൈകുന്നേരം 3-30 നു് റവ. ഫാ. കര്യാക്കോസ് പഴേമണ്ണിൽ അവർകളുടെ മഹനീയാദ്ധ്യക്ഷതയിൽ പള്ളിമൈതാനത്തുവച്ചു് നടത്തപ്പെട്ടു. തദവസരത്തിൽ ബ്രദേഴ്സ് M.O. ഔസേപ്പ് B. A; Thomas വയലിൽ എന്നിവർ പ്രസംഗിച്ചു. മീററിംഗിൽ ബാലികമാരുടെ സംഗീതാലാപവും ഉണ്ടായിരുന്നു.

**കോഴിക്കാട്:** സ്ഥലം സെൻറ് ജോസഫ്സ് ഹൈസ്കൂൾ അദ്ധ്യാപകനായി 30-ൽപരം കൊല്ലം പ്രശസ്തസേവനം നടത്തിയിട്ടുള്ള ശ്രീ സി. എ. റാഫേലിന്റെ പിരിഞ്ഞുപോകൽ പ്രമാണിച്ചു മാർച്ചു 30-ാംനു- ഒരു യാത്രയയപ്പു നൽകിയിരിക്കുന്നു. വിദ്യാർത്ഥികളുടെ വകയായി ഒരു പണക്കിഴി സമ്മാനിക്കുകയും, അദ്ദേഹത്തിന്റെ ഗുണഗണങ്ങളെപ്പററി പലരും പ്രസംഗിക്കുകയും ചെയ്തു. തദനന്തരം അദ്ധ്യാപകന്മാരുടെ വകയായി ഒരു തേയിലസല്ക്കാരവും ഉണ്ടായി. റാഫേൽ മാസ്റ്റർ സമുചിതമായി മറുപടി പറഞ്ഞു.

**പൂവത്തോട്:** സ്ഥലം ചെറുപുഷ്പമിഷൻലീഗിന്റെ അടുത്ത വർഷത്തേക്കുള്ള ഭാരവാഹികളെ തിരഞ്ഞെടുക്കുന്നതിനുള്ള ഒരു യോഗം മി. പി. ജെ. സെബാസ്റ്റ്യൻ വെണ്ണിക്കുളത്തിന്റെ അദ്ധ്യക്ഷതയിൽ ഏപ്രിൽ 3-ാംനു- ഞായറാഴ്ച നടത്തപ്പെട്ടു. പ്രസിഡണ്ടു്, ജനറൽ സിക്രട്ടറി, കത്തോലിക്കാസാഹിത്യപ്രചാരണ സിക്രട്ടറിമാർ മുതലായ സ്ഥാനക്കാരെ തിരഞ്ഞെടുക്കുകയും ലീഗിന്റെ ഭാവിപ്രവർത്തനം ഊർജ്ജിതപ്പെടുത്തുന്നതിനുള്ള പ്രവർത്തനപരിപാടികൾ അസൂത്രണം ചെയ്യുകയുമുണ്ടായി.

**എലിക്കുളം:** പള്ളിയിൽനിന്നും അയൽ മലമുകളിലേക്കു നടത്തിവരാറുള്ള ആഘോഷമായ സ്ലീവാപാത ഇക്കൊല്ലവും നടത്തപ്പെട്ടു. മാർഗ്ഗമദ്ധ്യേ 14 സ്ഥലങ്ങളിലും, സുപ്രസിദ്ധ റേഡിയോ പ്രഭാഷകനായ ഫുൾട്ടൻ ജെ. ഷീൻ തിരുമേനിയുടെ "കുരിശുയാത്രാപ്രസംഗങ്ങൾ" ഫാ. ജെ. വട്ടക്കാട്ടു് മലയാളത്തിൽ വിവർത്തനം ചെയ്തുകൊണ്ടിരുന്നു. ഗിരിശൃംഗത്തിൽവച്ചു് റവ: എ. താന്നിക്കാപാറ എസ്. ജെ. അവർകൾ പ്രസംഗിച്ചു. ക്രിസ്തുവിന്റെ തിരുമുൾക്കിരീടത്തിന്റെ പൂജ്യാവശിഷ്ടം എല്ലാവരേയും ചുംബിപ്പിച്ചു.

**തുരുത്തി:** ഈ ഇടവകയിലെ മിഷൻലീഗിന്റെ ആഭിമുഖ്യത്തിൽ ഒരു പരിഹാരപ്രദക്ഷിണം ദുഃഖവെള്ളിയാഴ്ച പകൽ 3 മണിക്കു് പൊടിപ്പാറപ്പള്ളിയിൽ നിന്നാരംഭിച്ചു് 5-30നു് തുരുത്തിപ്പള്ളിയിൽ വന്നവസാനിക്കുകയുണ്ടായി. അനന്തരം റവ: ഫാദർ ജേക്കബ് കയ്യാലകം ഒരു പ്രസംഗം ചെയ്തു. പരിഹാരപ്രദക്ഷിണത്തിന്റെ പതിന്നാലു സ്ഥലങ്ങളിലും ലഘുപ്രസംഗങ്ങളും ഗാനാലാപങ്ങളും ഉണ്ടായിരുന്നു.

സെ. വി. ഡി പോൾ സഖ്യം

## ഉയിർപ്പിന്റെ 2-ാം ഞായറാഴ്ച

സെൻറ് വിൻസെൻറ് ഡി പോൾ സഖ്യത്തിലെ നാലു തിരുനാൾദിനങ്ങളിലൊന്നാണു ഉയിർപ്പിന്റെ 2-ാംഞായറാഴ്ച. വിൻസെൻറു പുണ്യവാന്റെ തിരുശേഷിപ്പുകൾ മാററപ്പെട്ടതിന്റെ അനുസ്മരണാദിനമാണിതു്. ഇതു സംബന്ധിച്ചു അന്നോ, എട്ടുദിവസത്തിനകം എന്നെങ്കിലുമോ ഓരോ കോൺഫറൻസും ഓരോ ദിവ്യപൂജ നടത്തിക്കുകയും, അംഗങ്ങൾ ഒന്നുചേർന്നു പൊതുദിവ്യകാരുണ്യസ്വീകരണവും, പൊതുയോഗവും നടത്തുകയും ചെയ്യണം. (നിയമം 57-ഠ 58-ഠ വകുപ്പുകളും വിശദീകരണങ്ങളും— മാനുവൽ പേജ് 119 നോക്കുക.) ഇതെല്ലാം ഒരേദിവസംതന്നെ നടത്താൻ സൗകര്യമില്ലെങ്കിൽ ഓരോന്നും പ്രത്യേകം പ്രത്യേകം നടത്തിയാലും മതി. എല്ലാം 8 ദിവസങ്ങൾക്കകമായിരിക്കണം.

നാലു തിരുനാളുകളിലെയും ദിവ്യപൂജയും ദിവ്യകാരുണ്യസ്വീകരണവും പൊതുയോഗങ്ങളും, വാർഷികദിവ്യപൂജയും ഓരോ കോൺഫറൻസിന്റേയും അനുപേക്ഷണീയചുമതലയാണെന്നുള്ളതു പ്രത്യേകം അനുസ്മരിപ്പിച്ചുകൊള്ളുന്നു.

## കാത്തലിക് സമ്മർസ്കൂൾ

### സെൻറാൽബർട്ടസ് കോളേജിൽവച്ചു

വരാപ്പുഴ അതിരൂപത കത്തോലിക്കാ സംഘത്തിന്റെ ആഭിമുഖ്യത്തിൽ എറണാകുളം സെൻറാൽബർട്ട്സ് കോളേജിൽവെച്ചു് 1955 ഏപ്രിൽ 24-ാംനു- ഞായറാഴ്ച മുതൽ മേയ് 1-ാംനു- ഞായറാഴ്ചവരെ ഇക്കൊല്ലത്തെ കാത്തലിക് സമ്മർസ്കൂൾ നടത്തപ്പെടുന്നതാണു്. 24-ാംനു- ഞായറാഴ്ച വൈകുന്നേരം 6 മണിക്കു് വരാപ്പുഴ മെത്രാപ്പോലീത്താ മഹാവന്ദ്യ ദിവ്യശ്രീ ഡോക്ടർ ജോസഫ് അട്ടിപ്പേററി തിരുമനസ്സുകൊണ്ടു് സമ്മർസ്കൂൾ ഉൽഘാടനം ചെയ്യുന്നതും, കഴിഞ്ഞതവണത്തെ സമ്മർസ്കൂൾ മത്സരപ്പരീക്ഷയിൽ വിജയികളായവർക്കുള്ള സമ്മാനങ്ങളും ഡിപ്ലോമകളും നൽകുന്നതുമായിരിക്കും. 25-ാംനു- തിങ്കളാഴ്ച മുതൽ 30-ാംനു- ശനിയാഴ്ച ഉൾപ്പെടെ എല്ലാ ദിവസവും കാലത്തു് 10 മണി മുതൽ 1 മണിവരെയും, ഉച്ചതിരിഞ്ഞു് 3 മണി മുതൽ 5 മണിവരെയും മലയാളത്തിൽ പാഠക്ലാസുകൾ നടത്തപ്പെടും. പാഠക്ലാസുകളിൽ സംബന്ധിക്കുന്നവരെ ഉദ്ദേശിച്ചു് മേയ് 1-ാം തീയതി ഞായറാഴ്ച കാലത്തു് 10 മണിക്കു് ഒരു മത്സരപ്പരീക്ഷ നടത്തുന്നതും, സമ്മാനാർഹരാകുന്നവർക്കു സമ്മാനങ്ങളും, പാസ്സാകുന്നവർക്കു് ഡിപ്ലോമകളും നൽകുന്നതുമായിരിക്കും. മത്സരപ്പരീക്ഷയിൽ ചേരുവാൻ ആഗ്രഹിക്കുന്നവർ ഒരു ഉറുപ്പിക പ്രവേശനഫീസ് അടയ്ക്കേണ്ടതും ആകുന്നു. ഏപ്രിൽ 25-ാംനു- തിങ്കളാഴ്ച മുതൽ എല്ലാ ദിവസവും വൈകുന്നേരം 6 മണിക്കു് പൊതുജനോപകാരപ്രദങ്ങളായ വിഷയങ്ങളെക്കുറിച്ചു് പണ്ഡിതരും വാഗ്മികളുമായ പലരുടേയും പ്രസംഗങ്ങളും, വിവിധ കലാസമിതികളുടെ പ്രകടനങ്ങളും ഉണ്ടായിരിക്കും. കാത്തലിക് സമ്മർസ്കൂളിന്റെ ഉപസംഹാരയോഗം മേയ് 1-ാംനു- ഞായറാഴ്ച വൈകുന്നേരം 6 മണിക്കു് നടത്തപ്പെടും.

സമ്മർസ്കൂളിൽ സംബന്ധിക്കുന്നതിനായി ദൂരസ്ഥലങ്ങളിൽനിന്നു് വരുന്ന യുവതീയുവാക്കന്മാർക്കു താമസത്തിനും മററും വേണ്ട സൗകര്യങ്ങൾ ചെയ്തുകൊടുക്കുന്നതാണു്. അപ്രകാരം താമസസൗകര്യം ആവശ്യമുള്ളവർ ഏപ്രിൽ 20-ാംനുക്കു മുമ്പു് വിവരം അറിയിക്കേണ്ടതാണു്. ഭക്ഷണച്ചിലവു് 15ക. ആയിരിക്കും. ശയ്യോപകരണങ്ങൾ ഓരോരുത്തരും കൊണ്ടുവരേണ്ടതാകുന്നു.

—0—

തൈക്കാട്ട് മൂസ്സ് വക
ഇ. ടി. എം. വൈദ്യശാല
ബ്രാഞ്ച്:– ആലുവാ റെയിൽവേസ്റ്റേഷനു സമീപം
എല്ലാ വ്യാഴാഴ്ചയും ഒരു മണി മുതൽ അഞ്ചുമണിവരെ
ഡി. എ. മൂസ്സ് അവർകൾ
വൈദ്യശാലയിലുണ്ടായിരിക്കുന്നതും രോഗികളെ പരിശോധിച്ചു ചികിത്സ നിശ്ചയിക്കുന്നതുമാണ്.

4200 ക. പ്രതിമാസക്കുറി
Under order No. D. DIS No. 12674/54/RD.
DTD. 19-3-55.
സല 21000 ക. 5 ടിക്കററ്. 42 നമ്പ്ര്.
3 ടിക്കററ് ലേലം. 2 ടിക്കററ് എടുപ്പ്
(1/16 അംശം വരെ ചേരാവുന്നതും ആയതു് തനിച്ചു് ലേലം ചെയ്തു് എടുക്കാവുന്നതും ആണു്.)
എറണാകുളം ബ്രാഞ്ചാപ്പീസിൽവച്ചു് 14-5-55ൽ ആദ്യലേലവും നറുക്കെടുപ്പും നടത്തുന്നതാണു്.
ഒരു നറുക്കിനു് 84 രൂപാ വീതം ബോണസു് ഉള്ളതും ആയതു് കൃത്യസമയത്തിനു് പണം അടയ്ക്കുന്നവർക്കുമാത്രം സമമായി വീതിച്ചുകിട്ടുന്നതും ആണു്.
കുറിവയ്പിനും, അപേക്ഷാഫാറത്തിനും കൂടുതൽ വിവരങ്ങൾക്കും മററും:—
ദി ഫെഡറൽ ബാങ്ക് ക്ലിപ്തം
H. O. ആലുവാ
Brs. അങ്കമാലി, ചാലക്കുടി, എറണാകുളം, പെരുമ്പാവൂർ.
ക്യാപ്ററൻ ഫ്രാൻസീസ് പാനികുളം
B. A., M. B. B. S., D. A. (Eng.) (Chairman.)
കെ. പി. ഹോർമിസ്
B. A. B. L., M. L. A., Managing Director

# സത്യദീപം

പത്രാധിപന്മാർ

വെരി റവ. മോൺസിഞ്ഞോർ ജേക്കബ് നടുവത്തുശേരി

റവ. ഫാദർ ജോസഫ് വിതയത്തിൽ

Vol. 28 | ERNAKULAM, APRIL 20 | No. 34


## നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി

ആധുനികലോകത്തു കമ്മ്യൂണിസ്സത്തിന്നടിമപ്പെട്ടിട്ടുള്ള 20-ൽപരം രാജ്യങ്ങളിൽ മതസ്വാതന്ത്ര്യം നശിപ്പിക്കപ്പെടുകയും വിദ്യാഭ്യാസം സ്റ്റേററുകൾ കയ്യടക്കുകയും ചെയ്യപ്പെട്ടതോടെ അവിടങ്ങളിലെ വളൎന്നുവരുന്ന തലമുറയുടെ മതപാനം അവതാളത്തിലായിക്കഴിഞ്ഞു. മാത്രമല്ല, നിരീശ്വരപരമായ കമ്മ്യൂണിസ്സത്തിൽ അടിയുറച്ച ഒരു തലമുറയെ സൃഷ്ടിക്കുന്നതിനുവേണ്ടി വിദ്യാഭ്യാസത്തെ പാടെ തകിടംമറിച്ച് മതവിരുദ്ധവും ദൈവവിരുദ്ധവുമായ ദൂഷിച്ച ആശയങ്ങൾ ഇളം മനസ്സുകളിൽ അടിച്ചേല്പിക്കുന്നതിനുള്ള പദ്ധതികൾ നടപ്പാക്കപ്പെട്ടുകയും ചെയ്തിരിക്കുന്നു.

ഒരു കത്തോലിക്കാ രാജ്യമായ അർജൻറീനായിൽ സ്വേച്ഛാധിപതിയായ പ്രസിഡൻറു പെറോണിൻെറ ഭരണം സമാരംഭിച്ചതോടെ കത്തോലിക്കർ ദുസ്സഹമായ നിയന്ത്രണങ്ങൾക്കും അവകാശകൈയേററങ്ങൾക്കും വിധേയരായിത്തീൎന്നിരിക്കുകയാണ്. കഴിഞ്ഞ നവമ്പർമാസത്തിൽ അവിടെ നടപ്പാക്കപ്പെട്ട ചില നിയമങ്ങൾമൂലം കത്തോലിക്കാസഭ വക ആയിരത്തിൽപരം സ്കൂളുകളുടെ നടത്തിപ്പു ദുഷ്കരമായിപരിണമിച്ചിരിക്കുന്നു. മതമൎദ്ദനത്തിൻെറ പരിപാടികളിലേക്കാണ് പെറോൺ ഗവമ്മേണ്ടു ത്വരിതഗമനം ചെയ്തുകൊണ്ടിരിക്കുന്നതെന്നു മിക്കവാറും തെളിവായിക്കഴിഞ്ഞിട്ടുണ്ട്. മതപരമായ അവശതകളേയും മറ്റുന്നങ്ങളേയും പ്രത്യേകിച്ചു വിദ്യാഭ്യാസരംഗത്തെ നീതിവിരുദ്ധമായ കയ്യേററങ്ങളേയും പ്രതിഷേധിച്ചും അവയ്ക്കു പരിഹാരം ഉടനടി വരുത്തണമെന്നാവശ്യപ്പെട്ടും അർജൻറീനിയൻ ഹയരാർക്കി പ്രസിഡൻറിനു ഒരു മെമ്മോറാണ്ഡം സമൎപ്പിച്ചിരിക്കുകയാണ്.

ബെൽജിയത്തിലെ കത്തോലിക്കർ, അവിടത്തെ ഭരണകൂടം കയ്യടക്കിയിരിക്കുന്ന സോഷ്യലിസ്റ്റ് ഗവമ്മേണ്ടു കത്തോലിക്കരുടെനേരെ അനുവൎത്തിച്ചുപോരുന്ന മൎദ്ദനനയത്തിൽ പൊറുതിമുട്ടിയും ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന പാർലമെൻറു സമ്മേളനത്തിൽ പാസ്സാക്കിയെടുക്കുന്നതിനു തയാറാക്കിയിട്ടുള്ള വിനാശകരമായ വിദ്യാഭ്യാസ ബില്ലിനെപ്പററിയുള്ള അമർഷംകൊണ്ടും രാജ്യത്തിൻെറ നാനാഭാഗങ്ങളിൽനിന്നും ലക്ഷക്കണക്കിനു കൂട്ടംകൂടി ചെന്നു പ്രതിഷേധപ്രകടനങ്ങൾ ബ്രസ്സൽസിൽ നടത്തിക്കൊണ്ടിരിക്കുകയാണ്. വിദ്യാഭ്യാസത്തെ കയ്യടക്കുന്നതിനുള്ള നീതിവിരുദ്ധവും സാഹസികവുമായ ഗവമ്മേണ്ടിൻെറ നയവ്യതിയാനമാണ് അവിടെ നടക്കുന്ന അനിഷ്ടസംഭവങ്ങൾക്കു നിദാനം.

ജനാധിപത്യത്തിൻെറ പേരിൽ അധികാരത്തിൽ കയറിപ്പററുന്ന ഭൗതികവാദികളായ ഭരണമേധാവികളിൽനിന്നു ഇതിൽ മെച്ചമായ ഒരു നയം പ്രതീക്ഷിക്കേണ്ടതില്ല എന്നുള്ള വസ്തുതയാണ് തുടരെത്തുടരെയുള്ള ഈദൃശസംഭവങ്ങൾ വിശദമാക്കുന്നതു്. ഭാരതത്തിൽതന്നെ അവിടവിടെയായി ഈ വിധത്തിലുള്ള ചില നയവ്യതിയാനങ്ങൾ ഇതിനകം അല്പമായിട്ടെങ്കിലും അനുഭവപ്പെട്ടുന്നതിനു നമുക്കും ഇടയായിട്ടുണ്ട് എന്നു പറയുന്നതിൽ ഖേദമുണ്ട്. ഏതായാലും അവരുടെ സന്താനപരമ്പരകളുടെ വിദ്യാഭ്യാസം ആരോഗ്യപരവും സുരക്ഷിതവുമായിരിക്കണമെന്നഭിലഷിക്കുന്ന മാതാപിതാക്കന്മാർ ഇക്കാൎയ്യത്തിൽ ഉണൎന്നു പ്രവൎത്തിക്കണമെന്നുള്ളതു അനിവാൎയ്യവും അടിയന്തിരവുമായ ഇന്നത്തെ ആവശ്യമാണ്. ഭൗതികത്വാദൎശങ്ങളാൽ നയിക്കപ്പെടുന്ന ഒരു സ്റ്റേററിനു മനുഷ്യൻെറ ആദ്ധ്യാത്മികതയെപ്പററി അവഗണനയുണ്ടാകുന്നതും ആദ്ധ്യാത്മികമൂല്യങ്ങളെസംരക്ഷിക്കുന്ന കാൎയ്യത്തിൽ അനാസ്ഥഭവിക്കുന്നതും അസാധാരണമല്ല. മതേതരമെന്ന മറപിടിച്ചു മതപ്രബോധനസൗകൎയ്യങ്ങളെ നിരാകരിക്കുകയും മതവിരുദ്ധപ്രചാരണങ്ങൾക്കു കൂട്ടുനില്ക്കുകയും ചെയ്യുന്നതും അസ്വാഭാവികമല്ല. അതുകൊണ്ടു ആദ്ധ്യാത്മികതയേയും മതവിശ്വാസത്തേയും വിലമതിക്കുന്ന മാതാപിതാക്കന്മാർ വേണം അവരുടെ സന്താനങ്ങളുടെ മതപാനത്തിനു വേണ്ട പ്രായോഗികമാൎഗ്ഗങ്ങൾ കണ്ടുപിടിച്ചു നടപ്പാക്കുന്നതിനും, അവരുടെ സൎവ്വകഴിവുകളും പ്രയോഗിച്ചു ഗവമ്മേണ്ടുകളുടെ വഴിപിഴച്ച നയവ്യതിയാനങ്ങളെ ചെറുത്തു അവരുടെ മൗലികാവകാശങ്ങളെ സ്ഥാപിക്കുന്നതിനും. ഏതാദൃശമായ ഒരു പ്രബുദ്ധത ഇന്നത്തെ സാഹചൎയ്യങ്ങളിൽ ഓരോ സ്ഥലത്തും എത്രമാത്രം ആവശ്യകമാണെന്നു ചുററുമുള്ള അനുഭവങ്ങളെക്കണ്ടു താരതമ്യപാനം നടത്തി നിശ്ചയിക്കേണ്ടതു പ്രജായത്ത വ്യവസ്ഥിതിയിൽ പരമമായ പൗരധൎമ്മമാണ്.

വിദ്യാഭ്യാസസംബന്ധമായി ഏതെല്ലാം പ്രതിബന്ധങ്ങളോ, അവശതകളോ, അനീതികളോ ഉണ്ടായിരുന്നാലും, ഭാവിതലമുറയ്ക്കു സുഭഗമായ ഒരു പരിശീലനം നൽകുന്ന കാൎയ്യത്തിൽ സ്വേച്ഛാപ്രമത്തവും ഭൗതികത്വമനോഭാവത്തോടുകൂടിയതുമായ ഭരണകൂടങ്ങളിൽനിന്നു ഏതെല്ലാം വിധത്തിലുള്ള മൎദ്ദനങ്ങളുണ്ടായിരുന്നാലും മാതാപിതാക്കന്മാൎക്കു അവരുടെ കുഞ്ഞുങ്ങളുടെ ഭാവിയെ സംബന്ധിച്ചു ശ്രദ്ധപതിക്കാതെ നിവൃത്തിയില്ല. നിലവിലുള്ള മാൎഗ്ഗങ്ങൾ പ്രതിബന്ധിക്കപ്പെടുമ്പോൾ പുതിയ മാൎഗ്ഗങ്ങൾ ആലംബമാക്കേണ്ടിയിരിക്കുന്നു. കുഞ്ഞുങ്ങളുടെ പരിശീലനം സംബന്ധിച്ച്, ലണ്ടനിൽനിന്നു പുറപ്പെടുന്ന "കാത്തലിക്ക് ഹെറാൾഡ്" എന്ന പത്രത്തിൽ ഫാദർ പാട്രിക്കു റോർക്കു എസ്. ജെ. എഴുതിയിട്ടുള്ള ഒരു ലേഖനത്തിൽ അദ്ദേഹം അവതരിപ്പിച്ചിട്ടുള്ള നിർദ്ദേശം ഇന്നത്തെ സാഹചൎയ്യങ്ങളിൽ പ്രത്യേകം പരിഗണനാർഹമായി തോന്നുന്നു. കുടുംബത്തിൽനിന്നു വിദ്യാലയത്തിലേക്കു മതപരിശീലനം എത്ര കൂടുതലായി മാററപ്പെടുന്നുവോ അത്രയ്ക്കു അതു നാശവിധേയമാണെന്നാണ് അദ്ദേഹം അഭിപ്രായപ്പെടുന്നതു്. മാതാപിതാക്കന്മാരുടെ നിയന്ത്രണത്തേയും പരിശീലനത്തേയും വേണ്ടതു ഉപയോഗപ്പെടുത്താതെ, വിദ്യാലയങ്ങളിൽ ബാലികാബാലന്മാരുടെ സൎവ്വവിധമായ പരിശീലനങ്ങളും നിൎവ്വഹിക്കാമെന്നുള്ള മനോഭാവം പ്രാബല്യത്തിൽ വന്നതാണ് ഇംഗ്ലണ്ടിൽ തിരുസഭയ്ക്കു വളരെ നാശങ്ങൾക്കു കാരണമായതെന്നു അദ്ദേഹം പ്രസ്താവിക്കുന്നു. ഉത്തമന്മാരായ അദ്ധ്യാപകന്മാരുടേയും, ബ. കന്യാസ്ത്രീകളുടേയും, പണ്ഡിതന്മാരായ വൈദികരുടേയും സേവനങ്ങൾ പ്രശസ്തങ്ങളാണെന്നുള്ള വസ്തുതയെ വിശദമാക്കിയതിനുശേഷം അദ്ദേഹം പറയുന്നതു്, ഇതൊന്നുകൊണ്ടും ഒരു കുടുംബത്തിൽനിന്നു ലഭിക്കുന്ന രീതിയിലുള്ള അടിയുറച്ചതും ഹൃദയത്തെ ഭരിക്കുന്നതുമായ മതശിക്ഷണം ലഭ്യമാവുകയില്ല എന്നാണ്. മാത്രമല്ല ഇതിൽ ഒരു ദുർഘടവൃത്തംകൂടി നിഴലിക്കുന്നുണ്ടെന്നും അദ്ദേഹം വിശദമാക്കുന്നു: കുട്ടികളെ സംബന്ധിച്ച ഉത്തരവാദിത്വം വിദ്യാലയങ്ങൾ കൂടുതൽ ഏറെറടുക്കുമ്പോൾ, മാതാപിതാക്കന്മാൎക്കു അവരുടെ കടമകൾ സംബന്ധിച്ച അനാസ്ഥ വർദ്ധിക്കുന്നു; മാതാപിതാക്കന്മാരുടെ അനാസ്ഥ എത്ര വർദ്ധിക്കുന്നുവോ വിദ്യാലയങ്ങൾ അത്ര കൂടുതലായി ഉത്തരവാദിത്വം പേറേണ്ടതായി വരികയും ചെയ്യുന്നു. ഇതിൽ വളരെ വാസ്തവമുണ്ട്. ആകയാൽ മാതാപിതാക്കന്മാരുടെ ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത കൎത്തവ്യമാണ് കുട്ടികളുടെ മതപരിശീലനമെന്നു വ്യക്തമായി മനസ്സിലാക്കുകയും മതപാനത്തിൻേറയും പരിശീലനത്തിൻേറയും കേന്ദ്രമായി കുടുംബങ്ങൾ രൂപാന്തരം പ്രാപിക്കുകയും, അതിനെ സഹായിക്കുന്നതിനുള്ള മാൎഗ്ഗങ്ങളായിമാത്രം വിദ്യാലയങ്ങൾ ഉപയോഗിക്കപ്പെടുകയും ചെയ്യണം. കുട്ടികളിൽ മതവിരുദ്ധമായ പ്രേരണകൾ ചെലുത്തുന്നതിനു സന്നദ്ധമാകുന്ന ഏതു വിദ്യാഭ്യാസപ്രവൎത്തനത്തേയും മാതാപിതാക്കൾ ശക്തിയായി എതിൎക്കുകയും കുട്ടികളുടെ മേലുള്ള അവരുടെ ദൈവദത്തവും പ്രകൃതിസിദ്ധവുമായ മൗലികാവകാശങ്ങളെ പരിരക്ഷിക്കുകയും ചെയ്യണം. നമ്മുടെ കുഞ്ഞുങ്ങളുടെ ഭാവി മതചൈതന്യമുള്ള കുടുംബജീവിതത്തിൽ വേരുറയ്ക്കുകയും അതിനു വേണ്ട അറിവും പരിശീലനങ്ങളും കുടുംബത്തിൽനിന്നുതന്നെ പാടുള്ളിടത്തോളം ലഭിക്കുന്നതിനുള്ള സാഹചൎയ്യങ്ങൾ സൃഷ്ടിക്കുകയും വേണം.

## പ്രസാധകക്കുറിപ്പുകൾ

### ഹോംമന്ത്രിക്കു ക്രിസ്ത്യൻ എം. പി. മാരുടെ മെമ്മോറാണ്ഡം

ഇന്ത്യയിൽ ക്രിസ്ത്യൻ മിഷനറിമാരുടെ പ്രവൎത്തനങ്ങളേയും അവരുടെ ഇന്ത്യയിലേക്കുള്ള വരവിനേയും തടസ്സപ്പെടുത്തുന്ന ചില നടപടികൾ അനുവൎത്തിക്കപ്പെട്ടുപോരുന്നതിൻെറ അനാശാസ്യതയെ വിശദമാക്കിയും ഏതാദൃശപ്രതിബന്ധങ്ങൾ നിവാരണം ചെയ്യേണ്ട ഗവൎമ്മെൻറിൻെറ കൎത്തവ്യത്തെ അനുസ്മരിച്ചും ഇന്ത്യൻ പാർലമെൻറിലെ കോൺഗ്രസ്സ് പാർട്ടിയിൽപ്പെട്ട ക്രിസ്ത്യൻ മെമ്പറന്മാരായ മെ. ജോർജ്ജ് തോമസ്സ് കൊട്ടുകാപ്പിള്ളി, പ്രൊ. സി. പി. മാത്യു, സി. പി. മാത്തൻ, സി. ആർ. ഇയ്യുണ്ണി, ശ്രീമതി ഖോണ്ട്മെൻ എന്നിവർ ഒരു ഡെപ്യൂട്ടേഷനായി ഏപ്രിൽ 13-ാം തീയതി ഹോംമന്ത്രിയെ സന്ദൎശിച്ചു ഒരു മെമ്മോറാണ്ഡം സമൎപ്പിച്ചിരിക്കുന്നു. "മതേതരമെന്നുള്ള നമ്മുടെ രാഷ്ട്രത്തിൻെറ ആദൎശം ശരിക്കു പാലിക്കപ്പെട്ടുന്നില്ല എന്നൊരു ആശങ്ക ഇന്ത്യൻ ക്രിസ്ത്യാനികളുടെ ഇടയിൽ സംജാതമായിരിക്കുന്നുവെന്നു തുന്നു പ്രസ്താവിച്ചുകൊള്ളട്ടെ. ഔദ്യോഗികരംഗത്തു ഈ ചിന്ത പ്രത്യേകം പ്രകടമായിട്ടുണ്ട്. കോൺഗ്രസ്സ് പാർട്ടിയിൽപ്പെട്ട ഞങ്ങൾക്കു കോൺഗ്രസ്സുകാരിൽനിന്നുതന്നെയുണ്ടാകുന്ന അനുഭവങ്ങൾ ചിലപ്പോൾ വേദനാജനകങ്ങളാണ്. ക്രിസ്ത്യൻ മിഷനറിമാരേയും, ക്രിസ്തീയപ്രവൎത്തനങ്ങളെ പൊതുവേയും അവഹേളിക്കുന്നതിൽ നമ്മുടെ പാർട്ടിയിൽപ്പെട്ടവർപോലും കൗതുകം പ്രദൎശിപ്പിക്കുന്നു. മിഷനറിമാരുടെ അവിഹിതപ്രവൎത്തനങ്ങൾ എന്ന ലേബലിൽ സുവിശേഷപ്രചാരണപ്രവൎത്തനങ്ങളെ പൊതുവായി ആക്ഷേപിക്കുന്നവരുണ്ട്. ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം സുവിശേഷപ്രവൎത്തനം സ്വമതധൎമ്മത്തിൻെറ സജീവവും അഭേദ്യവുമായ ഒരു ഭാഗമാണ്. സുവിശേഷപ്രചാരണത്തിൽ യാതൊരു സമ്മൎദ്ദപ്രവണതയും ഉൾക്കൊള്ളുന്നില്ല. നിർബന്ധിച്ചു മതത്തിൽ ചേൎക്കുകയെന്നതു ക്രൈസ്തവാദൎശവുമായി ഒരിക്കലും പൊരുത്തപ്പെടുന്നതല്ല. ക്രിസ്തുവിൻെറ പ്രബോധനങ്ങളനുസരിച്ചു മാനുഷികപ്രവൎത്തനങ്ങളിലും ജീവിതത്തിലും സ്നേഹവും ജീവകാരുണ്യവും പ്രകടമാക്കുക എന്നതാണ് സുവിശേഷത്തിൻെറ സന്ദേശം. ആകയാൽ ഞങ്ങളുടെ സുവിശേഷപ്രചാരണപ്രവൎത്തനങ്ങളിൽ യാതൊരു പ്രതിബന്ധവും വരുത്തരുതെന്നു ഞങ്ങൾ അഭ്യൎത്ഥിക്കുകയാണ്. ഇന്നാട്ടിലെ എല്ലാ മതവിഭാഗങ്ങളും അനുഭവിക്കുന്ന അവകാശങ്ങളും സ്വാതന്ത്ര്യങ്ങളും ഞങ്ങൾക്കും ലഭിക്കണമെന്നു മാത്രമേ ഞങ്ങൾ ആവശ്യപ്പെടുന്നുള്ളു" എന്നാണ് ക്രിസ്തീയമിഷനറിപ്രവൎത്തനങ്ങളെ സമൃക്കായി പ്രസ്തുത മെമ്മോറാണ്ഡത്തിൽ വിശദീകരിച്ചിട്ടുള്ളതു്. മിഷനറിമാരുടെ പ്രവൎത്തനങ്ങൾക്കു തടസ്സങ്ങൾ വരുത്തിവയ്ക്കത്തക്കവണ്ണം ഇന്ത്യാഗവമ്മെൻറു ഈയിടെ പുറപ്പെടുവിച്ച വിജ്ഞാപനമാണ് ഈ വിഷയത്തിൽ കൂടുതലായ ആശങ്കകളെ സംജാതമാക്കിയിട്ടുള്ളതെന്നും മെമ്മോറാണ്ഡത്തിനു കാരണമായിട്ടുള്ളതെന്നും അതിൽ വിശദമാക്കിയിട്ടുണ്ട്. ഹോംമന്ത്രി ശ്രീ പണ്ഡിററു് പാന്തു് അനുഭാവപൂൎവ്വം മെമ്മോറാണ്ഡം ശ്രവിക്കുകയും അദ്ദേഹം ഈ വിഷയത്തിൽ പ്രത്യേകം ശ്രദ്ധിക്കുന്നതാണെന്നുറപ്പുപറയുകയും ചെയ്തതായി റിപ്പോർട്ടുചെയ്യപ്പെട്ടിട്ടുണ്ട്. കാലാനുസൃതമായ സത്വരനടപടികൾ സ്വീകരിച്ചു ഇന്ത്യയിലെ ജനവിഭാഗങ്ങളുടെ മതവികാരങ്ങളേയും മനസ്സാക്ഷിസ്വാതന്ത്ര്യത്തേയും സ്പൎശിക്കുന്ന ഈദൃശവിഷയങ്ങളിൽ ഗവർമ്മെൻറു ഉണൎന്നു പ്രവൎത്തിക്കുമെന്നു ഞങ്ങൾ പ്രത്യാശിക്കുന്നു.

* * *

## ആഫ്റോ-ഏഷ്യൻ കോൺഫറൻസ്

144 കോടിയോളം ജനങ്ങളെ ഉൾക്കൊള്ളുന്ന 29 രാഷ്ട്രങ്ങളുടെ പ്രതിനിധികൾചേൎന്നു് ജാകൎത്തയിൽവച്ചു ഏപ്രിൽ 18-ാം തീയതി സമാരംഭിക്കുന്ന ആഫ്റോ-ഏഷ്യൻ കോൺഫറൻസു് ചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം സമാരംഭിക്കുന്ന ഒന്നായിരിക്കുമെന്നു പ്രതീക്ഷിക്കപ്പെടുന്നു. ബാൻഡംഗിൽ രാവിലെ 7 മണിക്കു സമ്മേളിക്കുന്ന കോൺഫറൻസ് ഇൻഡോനേഷ്യൻ പ്രധാനമന്ത്രി ഡോക്ടർ ആലീസാസ്ട്രോ അഡിസ്ജോജോയുടെ പ്രസംഗത്തോടുകൂടി സമാരംഭിക്കും. തുടൎന്നു ഡലഗേഷനുകളുടെ പ്രതിനിധികളും അവരുടെ ഉപദേഷ്ടാക്കളുംചേൎന്നു പ്രസിഡൻറിനെ തിരഞ്ഞെടുക്കും. പ്രസിഡൻറു തിരഞ്ഞെടുപ്പിനുശേഷം മുറയ്ക്കുള്ള ഉൽഘാടനമായിരിക്കും. ഓരോ ഡലഗേററിനും പ്രസംഗിക്കുന്നതിനു 20 മിനിട്ടുകൾവീതം അനുവദിക്കപ്പെടും. ആതിഥേയരാജ്യത്തിലെ പ്രധാനമന്ത്രി എന്ന നിലയിൽ ഡോ. ജോജോയായിരിക്കും പ്രസിഡൻറായി തിരഞ്ഞെടുക്കപ്പെടുക എന്നാണ് ഊഹിക്കപ്പെടുന്നതു്. പ്രസിഡൻറു സൊക്കാർണോ കോൺഫറൻസു് ഉൽഘാടനം ചെയ്യുമെന്നറിയുന്നു. ഇത്ര വിപുലമായ തോതിൽ ഇത്രയേറെ രാജ്യങ്ങളുടെ പ്രതിനിധികൾചേൎന്നു നടത്തുന്ന ഈ കോൺഫറൻസു് രണ്ടു മഹാഭൂഖണ്ഡങ്ങളുടെ ആശയഗതികളേയും ഭാവിപരിപാടികളേയും കരുപ്പിടിക്കുന്ന മർമ്മപ്രധാനമായ ഒരു പ്രവൎത്തനകേന്ദ്രമായിരിക്കുമെന്നുവേണം ഊഹിക്കുവാൻ. ലോകത്തിൻെറ സമാധാനത്തിനും പശ്ചിമപൂൎവ്വരാജ്യങ്ങളുടെ സഹകരണത്തിനും സാക്ഷാത്തായ സഹവർത്തിത്വവും സൗഭ്രാതൃത്വവും കൈവരുത്തുന്നതിനും ഈ കോൺഫറൻസിൻെറ പ്രവർത്തനങ്ങൾ സഹായകമാകുമെങ്കിൽ അതു മാനവവംശത്തിനു അമൂല്യമായ ഒരനുഗ്രഹമായിരിക്കും.

### തിരുനാൾ മംഗളങ്ങൾ



റൈററു് റവ. ഡോക്ടർ ജോർജ്ജ് ആലപ്പാട്ടു തിരുമേനി തൃശ്ശൂർ മെത്രാൻ (തിരുനാൾ—ഏപ്രിൽ 23)



റൈററു് റവ. ഡോക്ടർ മൈക്കൾ ആറാട്ടുകുളം തിരുമേനി ആലപ്പുഴ മെത്രാൻ (തിരുനാൾ—ഏപ്രിൽ 17)

* * *

## ദിവ്യാഹ്വാന ധ്യാനം

(Vocation Retreat)

തേവര, മുത്തോലി, പുളിങ്കുന്നു മുതലായ സ്ഥലങ്ങളിൽ ദിവ്യാഹ്വാനധ്യാനങ്ങൾ ഈ മദ്ധ്യ

വേനൽ അവധിക്കാലത്തു നടത്തുന്നതായി അറിയുന്നു. അതു യുവജനങ്ങൾക്കു അവശ്യാവശ്യമായ ഒരു പ്രസ്ഥാനമാണെന്നുള്ളതിൽ സംശയമില്ല. വൈദികാന്തസ്സിലേക്കോ സന്യാസാന്തസ്സിലേക്കോ ദൈവം ഓരോരുത്തരേയും വിളിക്കുന്നുണ്ടോയെന്നു ശരിയായ പരിശോധനനടത്തുകയാണ് ഈ ധ്യാനത്തിന്റെ ഉദ്ദേശ്യം. അതുകൊണ്ടു് ഈ പ്രസ്ഥാനംവഴി ഗണ്യമായ പ്രയോജനമുണ്ടാകണമെങ്കിൽ എല്ലാ യുവതീയുവാക്കന്മാരും — വൈദികാന്തസ്സിലേക്കോ സന്യാസാന്തസ്സിലേക്കോ പ്രത്യേക ആകർഷണം തോന്നാത്തവർപോലും — ധാരാളമായി ഇതിൽ സംബന്ധിക്കണം. പണ്ടേതന്നെ ആഗ്രഹമുള്ളവർ ഈ ധ്യാനത്തിൽ ചേർന്നില്ലെങ്കിൽതന്നെയും വലിയ കുഴപ്പമുണ്ടാകാൻ പോകുന്നില്ല. അവർ ചേരുന്നതു നല്ലതല്ലെന്നല്ല വിവക്ഷ. അവരുടെ ആഗ്രഹം ഒന്നുകൂടി തീക്ഷ്ണമാക്കുന്നതിനും കുറേക്കൂടി കാര്യക്ഷമമായ തെരഞ്ഞെടുപ്പു നടത്തുന്നതിനും ഈ ധ്യാനം ഉപകരിക്കാതിരിക്കയില്ല.

എങ്കിലും ധ്യാനത്തിന്റെ പ്രധാനോദ്ദേശ്യം അതല്ല. സകലലക്ഷണവും ഒത്തവരെങ്കിലും ദിവ്യാഹ്വാനത്തെക്കുറിച്ചു വേണ്ടവണ്ണം മനസ്സിലാക്കിയിട്ടില്ലാത്തതിനാൽമാത്രം തങ്ങളെത്തന്നെ ദൈവശുശ്രൂഷയ്ക്കു സമർപ്പിക്കാത്തവർ വളരെയുണ്ടു്. അങ്ങനെയുള്ളവരെ വസ്തുതകൾ മനസ്സിലാക്കി സമുന്നതമായ ആ ജീവിതസ്ഥിതിയിലേക്കു് ആകർഷിക്കാൻ സാധിച്ചെങ്കിൽ മാത്രമേ ദൈവാഹ്വാനധ്യാനം തികച്ചും ഫലപ്രദമായെന്നു കരുതുവാൻ കഴിയൂ. അതുകൊണ്ടു് യുവതീയുവാക്കന്മാരും വിദ്യാർത്ഥികളും അവർക്കു ലഭിക്കുന്ന ഈദൃശാവസരങ്ങൾ അവരുടെ ജീവിതത്തിലെ ഭാവിപരിപാടികൾ തയാറാക്കുന്നതിനുപകരിക്കുമാറു് ഉപയോഗപ്പെടുത്തുന്നതു ഉത്തമമായിരിക്കും.

## അടുത്തയാഴ്ചയിൽ

ഏപ്രിൽ
21 വ്യാ: വി. അൻസെൽമൂസ്
22 വെ: സൊത്തീറും കായോസും
23 ശ: വി. ഗീവർഗീസ്
24 ഞാ: ഉയിർപ്പു 2-ാം ഞായർ
25 തി: വി. മർക്കോസ്
26 ചൊ: ക്ലേത്തോസും മർസെലീനൂസും
27 ബു: ക്ലറില്ലോസ്

സത്യദീപം വരിസംഖ്യ
പ്രതിവർഷം
ഇൻഡ്യയിൽ ക. 6—8—0
ഇൻഡ്യക്കു പുറമെ " 8—12—0




# വാരാന്ത്യവീക്ഷണം

(സി. ഐ. ജോൺ)

### കമ്മ്യൂണിസ്റ്റ് ചൈനയിലെ ബലിമൃഗം

"ചൈനീസ് കമ്മ്യൂണിസ്റ്റ് ഗവമ്മേണ്ടിന്റെ മുൻവൈസ് ചെയർമാനും, വടക്കുകിഴക്കൻ ചൈനാ അഡ്മിനിസ്ട്രേറ്റീവ് മേഖലയിലെ ചീഫുമായ കാവോകാങ്ങിനെ ചൈനീസ് കമ്മ്യൂണിസ്റ്റ്പാർട്ടിയുടെ സെൻട്രൽകമ്മിററി പാർട്ടിയിൽനിന്നും പുറംതള്ളുകയും ഉടൻതന്നെ അദ്ദേഹം ആത്മഹത്യ ചെയ്യുകയും ചെയ്തു" എന്നു് ചൈനാ ന്യൂസ് ഏജൻസി റിപ്പോർട്ടു ചെയ്യുന്നു.

ചൈനയിലെ ഒരു പ്രമുഖനേതാവും ഒരു കാലത്തു് ചൈനീസ് റിപ്പബ്ലിക്കിന്റെ ചെയർമാനാകുമെന്നു് ചൈനയിലെ സാധാരണ ജനങ്ങൾ വിശ്വസിച്ചിരുന്ന ആളുമായ കാവോകാങ്ങിനെയാണു് മാവോസെതുങ്ങിന്റെ ഗവമ്മേണ്ടു് നിഷ്ഠുരം ലിക്വിഡേററു ചെയ്തതു്. അപാരമായ സ്നേഹബഹുമാനാദികൾ ചൈനീസ് ജനതയിൽനിന്നു കാങ്ങിനു് ലഭിച്ചിരുന്നു. കമ്മ്യൂണിസ്റ്റ് ചൈനയുടെ ഉന്നതമണ്ഡലങ്ങളിൽ വിഹരിച്ചിരുന്നകാവോകാങ്ങിന്റെ അനിതരസാധാരണമായ ബുദ്ധിവൈഭവം കൊണ്ടാണു് അവിടത്തെ കൃഷിവികസനപദ്ധതികളും, മഞ്ചൂറിയയിൽ ഇന്നു കാണുന്ന വ്യാവസായിക കോയർച്ചയുമെല്ലാം ഉണ്ടായിട്ടുള്ളതു്. അങ്ങനെ മാവോസെതുങ്ങിന്റെ സഹപ്രവർത്തകന്മാരുടെ ഹൃദയത്തിൽപോലും "ഒരണയാദീപമായി" കാവോകാങ്ങു് ജ്വലിക്കുന്നതുകണ്ടു "തന്റെ സേച്ഛാധിപത്യസിംഹാസന"ത്തിനിളക്കം തട്ടാതിരിക്കുവാൻ "മാവോ"യും അദ്ദേഹത്തിന്റെ വെറുമൊരു കളിപ്പാവയായ ജനറൽ ചൂട്ടേയും ലൂഷാമോചിമുതലായവരും കൂടി 1949 മുതൽ പ്ലാനിട്ടതിന്റെ ഫലമായിട്ടാണു് കാവോകാങ്ങു് ഈ ദുർവിധിക്കിരയായതു്.

കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിനിലവിലുള്ള രാജ്യങ്ങളിൽ പാർട്ടിയിൽനിന്നു് ആരെയെങ്കിലും പുറംതള്ളുക എന്നു പറഞ്ഞാൽ അയാളെ ലോകത്തിൽനിന്നും നിഷ്കാസനം ചെയ്യുക എന്നാണർത്ഥം. അതുപോലെതന്നെയാണു് കാങ്ങിന്റെ കാര്യവും. കാവോകാങ്ങിനെ സെൻട്രൽ കമ്മിററിയുടെ മുൻപിൽവച്ചു് കുററം സമ്മതിക്കാതിരുന്നഅതേക്ഷണത്തിൽ വെടിവച്ചു കൊല്ലുകയാണുണ്ടായതെന്നു് ലണ്ടനിൽനിന്നുള്ള ചില സ്ഥിരീകരിച്ച റിപ്പോർട്ടുകളിൽ കാണുന്നു. ഏതായാലും കമ്മ്യൂണിസ്റ്റുകളുടെ നയപരിപാടികളോടു വിയോജിക്കുന്നവരെ എല്ലാം "ഇംപീരിയലിസ"ത്തിന്റെ ചാരന്മാരാക്കി മുദ്രകുത്തി നിഷ്ഠുരം വധിക്കുകയാണെന്ന സംഗതി ചരിത്രസത്യമാണു്.

ചൈനയിൽ ജനകീയ ജനാധിപത്യത്തിന്റെ കേന്ദ്രജനകീയഗവമ്മേണ്ടാണു് ഭരണം നടത്തുന്നതെന്നും (Central People's Government of the People's Republic of China) രഷ്യയിൽ തൊഴിലാളിവർഗ്ഗത്തിന്റെ സർവ്വാധിപത്യമാണു് (Dictatorship of the Proletariat) നടമാടുന്നതെന്നും മൈതാനപ്രസംഗമടിക്കുന്ന സഖാക്കളുടെ നേരെ ട്രോസ്കിയുടേയും, ബെറിയായുടേയും, കാവോകാങ്ങിന്റെയുമെല്ലാം അസ്ഥിപഞ്ജരങ്ങൾ തുറിച്ചുനോക്കുകയാണെന്ന പരമാർത്ഥം നാം മനസ്സിലാക്കേണ്ടതുണ്ടു്.

കാവോകാങ്ങിനെ പാർട്ടിയിൽനിന്നും പുറംതള്ളുന്നതിന്റെ ചില സൂചനകൾ ഏഴുമാസങ്ങൾക്കുമുൻപു് "റെഡ്സ്റ്റാർ" ലോകത്തിനു നൽകിയിരുന്നു. 1950 മുതൽതന്നെ മാവോസെതുങ്ങിന്റെ നയപരിപാടികളോടു യോജിച്ചുപോകുവാൻ കാവോകാങ്ങിനു കഴിഞ്ഞിരുന്നില്ല. ചൈനയിലെ ജനസംഖ്യാടിസ്ഥാനത്തിൽ എല്ലാവർക്കും ഏതെങ്കിലും വിധത്തിലുള്ള തൊഴിൽ കൊടുത്തു തൃപ്തിപ്പെടുത്തുവാൻ സാധിക്കാതെയിരിക്കുന്ന അവസരത്തിൽ ഉന്നതോദ്യോഗസ്ഥന്മാരായും, സാങ്കേതികവിദഗ്ദ്ധന്മാരായും 60,000 രഷ്യക്കാർ ചൈനയിൽ ഇന്നു ജോലിനോക്കുന്നതിനെ കാവോകാങ്ങു് അങ്ങേയററം എതിർത്തിരുന്നു. വ്യാവസായികവും കൃഷിപരവുമായ കാര്യങ്ങളിൽ മാവോ ആസൂത്രണംചെയ്ത പദ്ധതികൾ പരാജയപ്പെട്ടപ്പോൾ കാവോ തന്റെ കഴിവുകൾ ഉപയോഗിച്ചു് പുതിയ പദ്ധതികൾ ആസൂത്രണം ചെയ്തുകൊണ്ടു് കാർഷികവും വ്യാവസായികവുമായ രംഗങ്ങൾ വികസിപ്പിക്കുകയാണുണ്ടായതു്. രഷ്യയുടെ ആജ്ഞാനുവർത്തിയായി ചൈന കഴിയുവാൻ മാവോസെതുങ്ങിനെപ്പോലെ കാവോ ഇഷ്ടപ്പെട്ടില്ല. തന്റെ പ്രതീക്ഷകൾക്കു വിരുദ്ധമായി "ചൈന വോൾഗായിലേക്കു ഒഴുകിപ്പോകുന്നതുകണ്ടു്" അതിനെ അതിരൂക്ഷമായി അദ്ദേഹം വിമർശിച്ചിരുന്നു. ലൂഷാവോചിയുടെ "പാർട്ടികളിലെ സമരങ്ങളെപ്പററി" എന്ന പുസ്തകം കാങ്ങിന്റെ വിമർശനത്തിനു് പാത്രീഭൂതമായിട്ടുണ്ടു്. കമ്മ്യൂണിസ്റ്റ് വ്യവസ്ഥിതിയിൽ ഒരു സ്ഥലത്തു് ഒന്നിലധികം തലയെടുപ്പുള്ള രാഷ്ട്രീയനേതാക്കന്മാരുടെ അസ്തിത്വത്തിനു സ്ഥാനമില്ല. രഷ്യയിലെ കമ്മ്യൂണിസ്റ്റ്പാർട്ടിയെപ്പററി സ്റ്റാലിൻ പറയുന്നതുപോലെ, There is no ground in the U. S. S. R. for the existence of several parties, and consequently, for freedom for those parties in the U. S. S. R. There is ground for only one party, the Communist Party in the U. S. S. R. Only one party can exist, the Communist Party. (J. V. Stalin in Leninism)

x x x

### മാർപ്പാപ്പാ തിരുമേനിയുടെ ഈസ്റ്റർ സന്ദേശം

പരിശുദ്ധപിതാവിന്റെ ഈ യാണ്ടത്തെ ഈസ്റ്റർ സന്ദേശം അത്യധികം ഗൗരവപൂർവ്വമായ ഒന്നായിരുന്നു. വിദേശീയതീർത്ഥാടകരുൾപ്പെടെ അഞ്ചുലക്ഷത്തിൽപരം ജനങ്ങൾ തിരുമേനിക്കു് ജയാരവം മുഴക്കുന്നതിനിടയിൽ രണ്ടു വെള്ളി മൈക്രോഫോണുകളിലൂടെ തിരുമേനി പ്രസംഗിക്കയായിരുന്നു തിരുമേനിയുടെ പ്രസംഗം വത്തിക്കാൻ റേഡിയോ പ്രക്ഷേപണം ചെയ്യുകയും അയേൺകർട്ടനുള്ളിലുള്ള രാജ്യങ്ങൾക്കുവേണ്ടി സ്വതന്ത്ര്യയൂറോപ്യൻ രാജ്യങ്ങളിലെ റേഡിയോകൾ അതു റിലേ ചെയ്യുകയുമുണ്ടായി.

ഈശ്വരവിശ്വാസത്തിൽ നിന്നു് സഹോദരനോടുണ്ടാകാവുന്ന സ്നേഹത്തിൽ അധിഷ്ഠിതമായ ഒരു സഹവർത്തിത്വത്തിനല്ലാതെ ഇന്നു ലോകത്തിൽ സമാധാനവും ശാന്തിയും കൈവരുത്തുവാൻ സാധിക്കയില്ലെന്നു തിരുമേനി വിശ്വസിക്കുന്നു. ഈശ്വരനെ മാററിനിറുത്തിക്കൊണ്ടു് മനുഷ്യൻ മുന്നോട്ടുപോയ അവസരങ്ങളിലെല്ലാം മനുഷ്യവർഗ്ഗത്തിനു് വന്നുഭവിച്ചിട്ടുള്ള ഭവിഷ്യത്തുകളെപ്പററി ചിന്തിച്ചു് തിരുമേനി വ്യാ

> സെൻറു് അലോഷ്യസിന്റെ സഹായത്താൽ ഉദ്ദിഷ്ടകാര്യം സാധിച്ചതിനു കൃതജ്ഞത. താമസിച്ചതിനു് ക്ഷമാപണം.
>
> ജോർജ്ജ് തോമസ്സ്

കുലപ്പെടുകയാണു്. ലോകസമാധാനത്തിനു പരസ്പരധാരണയും ക്രമാനുഗതമായ നിരായുധീകരണവും കൈവരുത്തുവാൻ പ്രസ്തുത സന്ദേശത്തിൽ തിരുമേനി നേതാക്കന്മാരേയും ജനതയേയും ആഹ്വാനം ചെയ്തിരിക്കുന്നു.

ഒരു പുതിയ യുദ്ധംമൂലമുണ്ടാകാവുന്ന നാശങ്ങളിൽനിന്നും മനുഷ്യരാശിയെ മോചിപ്പിക്കുവാനായി പടിപടിയായുള്ള ഒരു നിരായുധീകരണത്തിൽ യോജിക്കുവാനും കിഴക്കും പടിഞ്ഞാറുമുള്ള രാജ്യതന്ത്രജ്ഞന്മാരോടു് തിരുമേനി ആവശ്യപ്പെടുന്നതിന്റെ അർത്ഥമിതാണു്. മനുഷ്യന്റെ കഴിവുകൾ മനുഷ്യസംരക്ഷണത്തിനു വേണ്ടി ഉപയോഗിക്കാതെ മനുഷ്യസംഹാരത്തിനായി നീക്കിവയ്ക്കുന്നതു് ആത്മഹത്യാപരമായ അപരാധമാണെന്നും, മനുഷ്യൻ ശാസ്ത്രത്തിനു വേണ്ടിയായിരിക്കാതെ ശാസ്ത്രം മനുഷ്യനുവേണ്ടി ആയിരിക്കണമെന്നും തിരുമേനി ഉൽബോധിപ്പിച്ചു.

ലോകത്തിൽ സമാധാനം സുനിശ്ചിതമാക്കുന്നതിനു സഹായകമായ ഉടമ്പടികൾ ഉണ്ടാക്കുവാൻ അവിടുന്നു പൂർവ്വരാജ്യങ്ങളേയും പശ്ചിമരാജ്യങ്ങളേയും ഉപദേശിച്ചു:- "രാഷ്ട്രങ്ങളിലെ നിയമങ്ങളും ഓർഡിനൻസുകളും പൊതുക്ഷേമവും മനുഷ്യന്റെ പദവിയുടെ നേർക്കുള്ള ആദരവും, ഉത്തമമായി പെരുമാറുവാനുള്ള സ്വാതന്ത്ര്യവും സാമൂഹികനീതിയും സൗഭ്രാത്രപരമായ പരസ്നേഹവും പ്രദാനം ചെയ്യത്തക്കവിധം പുരോഗമിപ്പിക്കുവാൻ സഹായകമായിരിക്കട്ടെ" എന്നാശംസിച്ചുകൊണ്ടാണു്, "ദൈവപ്രവർത്തനത്തിന്റെ കവാടങ്ങൾ അടയ്ക്കാതെ അവ തുറന്നിടപ്പെടുവാൻ വേണ്ടി" അവിടുന്നു ലോകത്തിനു മുഴുവനായി അവിടത്തെ പൈതൃകാശീർവ്വാദം പ്രദാനം ചെയ്തതു്. മനുഷ്യകുലത്തിന്റെ ഒരു വലിയ വിഭാഗത്തെ അടിച്ചമർത്തുന്ന സേച്ഛാപ്രമത്തശക്തികളെ താക്കീതുചെയ്തുകൊണ്ടും, ക്രിസ്തുവിനോടും സഭയോടും കൂറോടുകൂടി വർത്തിക്കുന്നതുമൂലം പീഡനങ്ങൾക്കു വിധേയരായിരിക്കുന്നവരെ പ്രത്യേകം ആശീർവ്വദിച്ചുകൊണ്ടുമാണു് പ്രഭാഷണം സമാപിപ്പിച്ചതു്.

എല്ലാത്തരം
എലക്ട്രോ പ്ലേററിംഗ്ഗു ജോലികളും ഭംഗിയായും ഉത്തരവാദിത്വത്തോടുകൂടിയും ചെയ്തുകൊടുക്കുന്നു.
മാർളുയിസ് മെമ്മോറിയൽ പ്രസ്സ്
ബ്രോഡ്വേ, എറണാകുളം-1

# വിനോദവീഥി

പുതിയ ഡോക്ടറെ അനുമോദിക്കുന്നതിനു ഒരു വിരുന്നു നിശ്ചയിച്ചു് ക്ഷണക്കത്തു കൊടുത്തയച്ചു ആ വീട്ടുകാർ. മറുപടി വന്നു. ഗൃഹനായികയും ഭർത്താവും അയൽവക്കക്കാരും പഠിച്ചപണി പതിനെട്ടും നോക്കിയിട്ടും വായിക്കാൻ കഴിഞ്ഞില്ല ഉള്ളടക്കം. അത്തരമായിരുന്നു എഴുത്തു്. ഒരാൾ പറഞ്ഞു:- "ഇതു ഡോക്ടറുടെ എഴുത്തല്ലേ? നമ്മുടെ മരുന്നുകടയിൽ കൊണ്ടുപോയി കാണിച്ചാൽ ഷേണായി കാര്യം പറയും. അവർക്കു ഡോക്ടറുടെ കുറിപ്പു പെട്ടെന്നു മനസ്സിലാകും."

ഭർത്താവു്:- (മരുന്നുകടയിൽ ചെന്നു) "സർ, ഇതൊന്നു നോക്കിപ്പറയണേ."

ഷേണായി കുറിപ്പുംകൊണ്ടു് അകത്തേക്കുപോയി. അഞ്ചുമിനിട്ടുകഴിഞ്ഞു മടങ്ങിവന്നു ഒരുകുപ്പി മരുന്നു താഴെവച്ചിട്ടു്, "ഒരു രൂപാ പന്ത്രണ്ടണ സാർ, കൊണ്ടുവന്നിട്ടുണ്ടോ?"

* * *



"തൊഴുത്തു നന്നാക്കണം, തൊഴുത്തുനന്നാക്കണോന്നു് 10 കൊല്ലമായി പറയുന്നു. ഇനി പറയുന്നില്ല. മാളികേലിതിനെ കേററിക്കെട്ടാനാണ പോവുന്നതു്!"

* * *

ഡ്റൈവർ അവളെ വിവാഹം കഴിച്ചകാലം മുതൽക്കുള്ള ആഗ്രഹമാണു് അവൾക്കും ഡ്റൈവിംഗ് ഒന്നു പഠിക്കണമെന്നു്. പഠിച്ചു. ലൈസൻസും എടുത്തു. തനിച്ചു കാറോടിച്ചു മടങ്ങിവന്നപ്പോൾ ഭർത്താവു ചോദിച്ചു:

"എങ്ങിനെയിരുന്നു കാറോടിച്ചിട്ടു്?

ഭാര്യ:- "വളരെ തൃപ്തികരമായിരുന്നു. ഇന്നു റോഡിൽക്കൂടി 50 മൈൽ സ്പീഡിൽ ഓടിച്ചു. നാളെ വേറൊന്നു പരിശീലിക്കാനുണ്ടു്. മറേറതെങ്കിലും വാഹനം എതിരെവന്നാൽ കണ്ണുതുറന്നോടിക്കാൻ വളരെ വിഷമമാണു്."

ഭർത്താവു്:- "അപ്പോൾ കണ്ണടച്ചാണോ സൈഡു കൊടുക്കുന്നതു്? അതോ ഫയറെഞ്ചിൻപോലെ പോകുകയാണോ?"

# വിവിധവൃത്താന്തങ്ങൾ

## മാർപ്പാപ്പായ്ക്കു ലബനോൻ പ്രസിഡന്റിന്റെ സമ്മാനം

അടുത്തദിവസം ലബനോനിലെ പ്രസിഡന്റായ ചാമൗൺ വത്തിക്കാനിൽ പരിശുദ്ധ മാർപ്പാപ്പായാൽ രാജകീയബഹുമതിയോടുകൂടി സ്വീകരിക്കപ്പെട്ടു. തദവസരത്തിൽ ലബനോനിന്റെ സമ്മാനമായി, വേദചരിത്രപ്രഖ്യാതമായ ലബനോനിലെ സേദാർമരംകൊണ്ടുണ്ടാക്കിയിട്ടുള്ള ഒരു കുരിശാണ് പ്രസിഡന്റ് പരിശുദ്ധ മാർപ്പാപ്പായ്ക്കു സമർപ്പിച്ചതു്. മാർപ്പാപ്പാ തിരുമനസ്സുകൊണ്ടു തദവസരത്തിൽ "ഗ്രാൻറ് ക്രോസ്സ് ഓഫ് ദി ഓർഡർ ഓഫ് പയസ്സ്" എന്ന ബഹുമതിമുദ്ര പ്രസിഡന്റിനു നൽകി. ലബനോനിൽ ഇപ്പോൾ 5 ലക്ഷത്തി 27 ആയിരം കത്തോലിക്കരുണ്ട്.

## പരാഹ്നദിവ്യബലി സംബന്ധിച്ച് തിരുസംഘം

പരാഹ്നദിവ്യബലി അർപ്പിക്കുന്നതിനു തിരുസഭ നൽകിയിട്ടുള്ള അനുമതി പല സ്ഥലത്തും തക്ക ആവശ്യമില്ലാതെ ഉപയോഗിക്കപ്പെടുന്നതായി അറിയുന്നതുകൊണ്ടു അക്കാര്യത്തിൽ മെത്രാന്മാർ കൂടുതൽ നിർബന്ധപൂർവ്വകമായ നടപടികൾ എടുക്കണമെന്നറിയിക്കുന്ന ഒരു നിർദ്ദേശം തിരുസംഘം അയച്ചുകൊടുത്തിരിക്കുന്നു. ഇപ്രകാരമാണ് നിർദ്ദേശപത്രികയിൽ പറഞ്ഞിരിക്കുന്നതു്:-"ജനങ്ങളുടെ പൊതുഗുണത്തിനെന്നു് "ക്രിസ്തൂസ് ദോമിനൂസ്" എന്ന ശ്ലൈഹികകൺസ്റ്റിറ്റ്യൂഷനിൽ എടുത്തുപറഞ്ഞിട്ടുള്ള സാഹചര്യത്തെ കണക്കാക്കാതെ പരാഹ്നദിവ്യബലികൾ പല അവസരങ്ങളിലും അർപ്പിക്കപ്പെടുന്നതായി ഈ പരമതിരുസംഘത്തിന്റെ അറിവിൽ പെട്ടിരിക്കുന്നു. അതുകൊണ്ടു സ്വകാര്യവ്യക്തികളുടെ സൗകര്യങ്ങളേയോ, ആഘോഷാവസരങ്ങളുടെ ആഡംബരതയേയോ ഉദ്ദേശിച്ചു പരാഹ്നദിവ്യബലി അർപ്പിക്കുന്നതിനുള്ള അനുമതി മെത്രാന്മാർ നൽകിക്കൂടാത്തതാകുന്നു. അപ്പസ്തോലിക്ക് കൺസ്റ്റിറ്റ്യൂഷനിൽ നൽകപ്പെട്ടിട്ടുള്ള അധികാരങ്ങളെ അനുകൂലമായി വിപുലീകരിക്കരുതെന്നു അതിൽതന്നെ സൂചിപ്പിച്ചിട്ടുള്ള വസ്തുതയെ എല്ലാവരേയും അനുസ്മരിപ്പിക്കുന്നതിനു തിരുസംഘം ഈ അവസരം വിനിയോഗിച്ചുകൊള്ളുന്നു."

## കർദ്ദിനാളിനു വരുന്ന സാധനങ്ങൾ തട്ടിയെടുക്കുന്നു

ടിറ്റോയുടെ കമ്മ്യൂണിസ്റ്റു ഗവമെന്റ് ക്രേസിക്ക് ഗ്രാമത്തിൽ ബന്ധനത്തിൽ വച്ചുകൊണ്ടിരിക്കുന്ന അത്യുന്നത കർദ്ദിനാൾ സ്റ്റെപ്പിനാക്ക് തിരുമേനിക്കു അയച്ചുകൊടുക്കപ്പെടുന്ന സമ്മാനങ്ങൾ എല്ലാം ഗവമെന്റധികാരികൾ കൈയടക്കുന്നതായി അറിവായിരിക്കുന്നു. സ്വാധീനവും സ്വാതന്ത്ര്യവുമുള്ള വല്ല സ്നേഹിതന്മാരും വഴിക്കു മാത്രമേ എന്തെങ്കിലും തിരുമേനിക്കെത്തിച്ചുകൊടുക്കുവാൻ സാധിക്കുകയുള്ളു. യൂഗോസ്ലാവിയായിൽ ഭക്ഷ്യദാരിദ്ര്യം അതിന്റെ ഉച്ചകോടിയിലെത്തിയിരിക്കുകയാണ്. സന്യാസഭവനങ്ങൾക്കു കഷ്ടിച്ചു ജീവിക്കുന്നതിനു പോലും അവ കിട്ടുന്നില്ല. പുറമേനിന്നും അയച്ചുകൊടുക്കപ്പെടുന്ന ഭക്ഷ്യസാധനങ്ങൾക്കു ചുങ്കത്തിനു പുറമേ ദുർവ്വഹമായ ടാക്സുകൾ ചുമത്തുന്നതുകൊണ്ടു ഒരുതരത്തിലും അവ ഏറ്റെടുക്കാൻ സാദ്ധ്യമല്ലാതായിരിക്കുകയാണ്.

## കുഷ്ഠരോഗികളുടെ മാതാവു മൃതിയടഞ്ഞു

ഫീജിദ്വീപുകളിലുള്ള മക്കഗേയ് എന്ന സ്ഥലത്തെ പ്രസിദ്ധമായ കുഷ്ഠരോഗാസ്പത്രിയിലെ ആതുരരുടെ യഥാർത്ഥ അമ്മയാണ് മദർ മേരി ആഗ്നസ്. ദക്ഷിണപസിഫിക്ക് രാജ്യങ്ങളിൽ എവിടേയും ഈ സാധ്വി സുപരിചിതയാണ്. 33 കൊല്ലത്തിനു മേലായി ഈ കന്യാസ്ത്രീ അലൗകികമായ ഈ സേവനത്തിനിറങ്ങിയിട്ട്. അവർ 85-ാമത്തെ വയസ്സിൽ ഈയിടെ കുഷ്ഠരോഗികളായ വത്സലസന്താനങ്ങളുടെ ശുശ്രൂഷയിൽനിന്നു വിരമിച്ചു നിത്യസമ്മാനത്തിനായി ദിവംഗമിച്ചിരിക്കുന്നു.

## പരിശുദ്ധ മാർപ്പാപ്പാ കോൺഗ്രസ് പ്രാർത്ഥന രചിക്കുന്നു

അടുത്തമാസത്തിൽ ദക്ഷിണ ഇറ്റലിയിൽ ലെച്ചെ എന്ന സ്ഥലത്തുവച്ചു നടത്തുവാൻ നിശ്ചയിച്ചിരിക്കുന്ന 15-ാമത്തെ ഇറ്റാലിയൻ നാഷനൽ യൂക്കറിസ്റ്റിക്ക് കോൺഗ്രസിന്റെ ഒരുക്കമായി ചൊല്ലുന്നതിനുള്ള ഒരു പ്രാർത്ഥന പരിശുദ്ധ മാർപ്പാപ്പാ തന്നെ രചിച്ചുകൊണ്ടിരിക്കുന്നതായി അറിയുന്നു. ഏതാദൃശമായ ഒരവസരത്തിലേക്കു പരിശുദ്ധ പിതാവു് ഒരു പ്രത്യേക പ്രാർത്ഥന സ്വയം രചിക്കുന്നതു് ഇതാദ്യമായിട്ടാണ്.

## സെന്റ് പീറ്ററിന്റെ വികാരി ജനറാൾ

വത്തിക്കാൻ നഗരത്തിലെ പരിശുദ്ധ മാർപ്പാപ്പായുടെ വികാരി ജനറാളായ ബിഷപ്പ് വാൻലീർഡ് തിരുമേനിയെ ഇപ്പോൾ സെന്റ് പീറ്റേഴ്സിന്റേയും വികാരിജനറാളായി നിയമിച്ചിരിക്കുന്നു. 1952-ൽ ബിഷപ്പ് വിൻസൻറീനി നിര്യാതനായതിൽപ്പിന്നെ ഈ ഉദ്യോഗം ഒഴിഞ്ഞുകിടക്കുകയായിരുന്നു.

## നിര്യാതനായി



ബ. പുതുപ്പാറ പത്രോസച്ചൻ

തൊറൂർ ഇടവകാംഗമായ ബ. പുതുപ്പാറ പത്രോസച്ചൻ 82-ാമത്തെ വയസ്സിൽ സ്വന്തം ബംഗ്ലാവിൽവച്ച് ഏപ്രിൽ 7-ാംതീയതി വ്യാഴാഴ്ച വൈകിട്ട് ഏഴുമണിക്ക് നിര്യാതനായിരിക്കുന്നു. എറണാകുളം സഹായമെത്രാൻ റൈററ് റവ. ഡോക്ടർ ജോസഫ് പാറേക്കാട്ടിൽ ഡി. ഡി., ബി. എ. തിരുമേനിയുടെ പ്രധാന കാർമ്മികത്വത്തിലും, റൈററ് റവ. മോൺ. തോമസ് നെടുംകല്ലേൽ, റൈററ് റവ. മോൺ. ജോർജ്ജ് വല്യാറമ്പത്തു്, വെരി റവ. മോൺ. വർഗ്ഗീസ് പുതുശ്ശേരി തുടങ്ങി നിരവധി ബ. വൈദികരുടെയും, ശെമ്മാശ്ശന്മാരുടെയും സഹകരണത്തിലും വമ്പിച്ചൊരു ജനാവലിയുടെയും വിവിധ പള്ളികളിൽനിന്നുമുള്ള ദർശനസമൂഹത്തിന്റെയും സാന്നിദ്ധ്യത്തിലും മൃതദേഹം ശനിയാഴ്ച രാവിലെ യഥാവിധി സംസ്കരിക്കപ്പെട്ടു. വെരി റവ. ഫാദർ ജോർജ് കവലക്കാട്ട് ചരമപ്രസംഗം നിർവ്വഹിച്ചു.

R. I. P.

## ചരമവാർത്തകൾ

**ചിറക്കടവ്:** മംഗലപ്പുഴ സെമ്മിനാരിയിലെ മലയാളം പ്രൊഫസ്സർ റവ. ഫാ. ജോൺ കുന്നപ്പള്ളിയുടെ മാതാവ് കുന്നപ്പള്ളിൽ യോഹന്നാൻ റോസ്സ വാർദ്ധക്യസഹജമായ രോഗംനിമിത്തം ഏപ്രിൽ 8-ാംനു വെള്ളിയാഴ്ച രാവിലെ 9 മണിക്ക് സ്വപുത്രരിൽനിന്നും അന്ത്യശുശ്രൂഷകളെല്ലാം സ്വീകരിച്ച് കർത്താവിൽ നിദ്രപ്രാപിച്ചിരിക്കുന്നു. ശനിയാഴ്ച ഉച്ചകഴിഞ്ഞു 3 മണിക്ക് റവ. ഫാ. ജോൺ കുന്നപ്പള്ളിയുടെ പ്രധാനകാർമ്മികത്വത്തിലും നിരവധി വൈദികരുടേയും വൈദികവിദ്യാർത്ഥികളുടേയും സഹകരണത്തിലും വമ്പിച്ച ഒരു ജനക്കൂട്ടത്തിന്റെ സാന്നിദ്ധ്യത്തിലും ചിറക്കടവുപള്ളി സിമിത്തേരിയിൽ പ്രത്യേകം തയ്യാർ ചെയ്തിരുന്ന കല്ലറയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. സുറിയാനിമല്പാൻ വെരി റവ. ഫാ. മാത്യു വടക്കേൽ ഭവനത്തിൽവച്ചും ചങ്ങനാശ്ശേരി രൂപതാ ചാൻസലർ വെരി റവ. ഫാ. സിറിയക്ക് തുരുത്തുമാലി പള്ളിയിൽവച്ചും ചരമപ്രഭാഷണം നടത്തി.


**പള്ളിപ്പുറം:** ആരക്കുഴ ഫൊ. പള്ളിയിടവക പിട്ടാപ്പള്ളിലായ പൂക്കാട്ട് ശ്രീ വർക്കി വൈദ്യന്റെ ഭാര്യ, ശ്രീമതി മറിയമ്മ (കല്ലറയ്ക്കൽ കടവിൽ) പെട്ടെന്നുണ്ടായ വാതരോഗത്താൽ 64-ാമത്തെ വയസ്സിൽ ഏപ്രിൽ 1-ാംനു രാത്രി ഒരുമണിക്ക് കർത്താവിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. അന്നു വൈകുന്നേരം 6 മണിക്ക് പല ബ. വൈദികരുടേയും ദർശനസമൂഹങ്ങളുടേയും വലിയൊരു ജനസഞ്ചയത്തിന്റേയും സാന്നിദ്ധ്യത്തിൽ, ഫൊ. പള്ളിസിമിത്തേരിയിൽ, ശവസംസ്കാരം യഥോചിതം നടത്തപ്പെട്ടു.

**കാട്ടൂർ:** ഈ ഇടവക ആലപ്പാട്ടു കുടുംബത്തിലെ കാരണവരും റവ. ഫാദർ എഫ്റേം പാലത്തിങ്കൽ അവർകളുടെ പിതാവുമായ ശ്രീ പാലത്തിങ്കൽ ചുമ്മാർ പൗലോസ് അവർകൾ ഏപ്രിൽ 10-ാംനു ഉച്ചയോടുകൂടി 86-ാമത്തെ വയസ്സിൽ ഭാഗ്യമരണം പ്രാപിച്ചിരിക്കുന്നു. മരണവിവരം അറിഞ്ഞ ഉടനെ തൃശ്ശൂർ മെത്രാൻ ഡോക്ടർ ആലപ്പാട്ടു തിരുമേനി സ്ഥലത്തെത്തി മൃതദേഹം സന്ദർശിച്ച് ഒപ്പീസുനടത്തി. തിങ്കളാഴ്ച ഉച്ചകഴിഞ്ഞു് 4 മണിക്ക് വെരി റവ. ഫാദർ കുര്യാക്കോസ് ചിറമേൽ (എറണാകുളം മെത്രാപ്പോലീത്തൻ പള്ളിവികാരി) അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ശവസംസ്കാരകർമ്മങ്ങൾ സമാരംഭിച്ചു. റവ. ഫാദർ ജോർജ്ജ് അക്കര ചരമപ്രസംഗം നടത്തി. അനന്തരം റവ. ഫാദർ എഫ്റേം പാലത്തിങ്കൽ അവർകളുടെ പ്രധാനകാർമ്മികത്വത്തിൽ ആരംഭിച്ച വിലാപയാത്രയിൽ തൃശ്ശൂർ രൂപതാ ചാൻസലർ മോൺ. എസ്. ചിറയത്തു് ജെ. യു. ഡി., തൃശ്ശൂർ കത്തീഡ്റൽപള്ളി വികാരി വെരി റവ. ഫാദർ ജോൺ അക്കര തുടങ്ങി 50-ൽപ്പരം ബ. വൈദികരും വമ്പിച്ചൊരു ജനാവലിയും പങ്കെടുത്തിരുന്നു. സിമിത്തേരിക്കപ്പേളയിൽ പ്രത്യേകം സജ്ജമാക്കിയിരുന്ന കല്ലറയിൽ മൃതദേഹം യഥാവിധി സംസ്കരിക്കപ്പെട്ടു. പരേതന്റെ വസതിയിൽവച്ചു 500 ലധികം പേർക്കു അന്നദാനവുമുണ്ടായിരുന്നു.







## ചരമം



പാറയ്ക്കൽ ഇട്ടിയച്ചൻ വറീത്, ഞാറയ്ക്കൽ

ഞാറയ്ക്കൽ പള്ളി ഇടവക പാറയ്ക്കൽ കിഴക്കംതല ശ്രീ ഇട്ടിയച്ചൻ വറീതു് ഏപ്രിൽ 12-ാംനു ചൊവ്വാഴ്ച രാത്രി 8 മണിക്കു 66-ാമത്തെ വയസ്സിൽ നിര്യാതനായിരിക്കുന്നു. വാർദ്ധക്യസഹജവും വാതസംബന്ധവുമായ സുഖക്കേടുനിമിത്തം ഏതാനും കൊല്ലങ്ങളായി പൊതുപ്രവർത്തനങ്ങളിൽനിന്നെല്ലാം വിരമിച്ചു മിക്കവാറും ശയ്യാവലംബനായി കഴിയുകയായിരുന്നു പരേതൻ. ഈയിടെയായി രോഗം മൂർദ്ധന്യത്തെ പ്രാപിക്കുകയും തിരുസ്സഭയുടെ അന്ത്യകൂദാശകളെല്ലാം ഭക്തിപൂർവ്വം കൈക്കൊണ്ടും പുത്രകളത്രാദികളുടെ മദ്ധ്യത്തിൽ തന്റെ പുത്രനായ റവ. ഫാദർ ജോർജ്ജ് പാറയ്ക്കലിന്റെ അന്തിമശുശ്രൂഷാശീർവാദങ്ങൾ സ്വീകരിച്ചും ഭാഗ്യമരണം പ്രാപിക്കുകയാണുണ്ടായതു്. ബുധനാഴ്ച വൈകിട്ടു 5 മണിക്കു സംസ്കാരകർമ്മങ്ങൾ സമാരംഭിച്ചു. റവ. ഫാദർ ജോസഫ് വിതയത്തിൽ ചരമപ്രസംഗം നടത്തി. റവ. ഫാദർ ജോർജ് പാറയ്ക്കലിന്റെ പ്രധാന കാർമ്മികത്വത്തിലും 20-ഓളം ബ. വൈദികരുടേയും ബ. ശെമ്മാശ്ശന്മാരുടേയും നാനാജാതിമതസ്ഥരായ ഒരു വമ്പിച്ച ജനാവലിയുടേയും സഹകരണത്തിലും ഞാറയ്ക്കൽ പള്ളി സിമിത്തേരിക്കപ്പേളയിൽ മൃതദേഹം സംസ്കരിക്കപ്പെട്ടു. സംസ്കാരാനന്തരം സാധുക്കൾക്കു ദാനധർമ്മങ്ങൾ നൽകപ്പെട്ടു. പരേതന്റെ ആത്മാവിനു നിത്യശാന്തി നേരുകയും കുടുംബാംഗങ്ങളെയും ബന്ധുമിത്രാദികളെയും അനുശോചിക്കുകയും ചെയ്തുകൊള്ളുന്നു. R. I. P.



# ചെറുകഥ

## തനിനിറം

[എം. വി. ജോസഫ്, ചമ്പക്കുളം]

പൊതുതെരഞ്ഞെടുപ്പിൻറ ആവിർഭാവം ഉച്ചഭാഷിണികൾ ഉദ്ഘോഷിക്കുകയാണ്. ആ ശബ്ദകോലാഹലമാണ് രവിക്കു പ്രോത്സാഹനം നൽകിയതും തന്നെ കർമ്മനിരതനാക്കിയതും. "സഖാവു രവി"യെ അറിയാത്തവരായി, തിരുവനന്തപുരത്തെന്നല്ല തെക്കൻതിരുവിതാംകൂറിൽ ആരുംതന്നെയില്ല. അത്രകണ്ടു് രവി രാഷ്ട്രീയപ്രവത്തനങ്ങളിൽ ഒരു "ചോട്ടാ"നേതാവിൻറ നിലയിൽ മുന്നേറിയിട്ടുണ്ടു്. മററു സഖാക്കൾക്കു രവി കണ്ണിലുണ്ണിയാണു്. അവൻറ സേവനസന്നദ്ധതയെ എല്ലാ സഖാക്കളും വാഴ്ത്താറുണ്ടു്. അതിൽ രവി പുളകംകൊള്ളാറുമുണ്ടു്.

രവിക്കു് നീണ്ട മേൽമീശയുണ്ടെങ്കിലും മുഖം സാധാരണ ഷേവുചെയ്യാറില്ല. ചെമ്പിച്ചു കാററത്തു പാറുന്ന മുടി. മുഷിഞ്ഞ മുണ്ടും ചുവന്ന ജുബ്ബായുമാണു സാധാരണ രവി ധരിക്കാറുള്ളതു്. ആ ചുവന്ന കണ്ണുകൾ രവിയുടെ ക്രൂരതാവും മദ്യപാനശീലവും വിളിച്ചുപറഞ്ഞു. ഈ വേഷവിധാനങ്ങൾ രവിയുടെ ചോട്ടാനേതൃത്വത്തിനു മാററുകൂട്ടുകതന്നെ ചെയ്തു.

തിരുവനന്തപുരം പട്ടണത്തിൻറ കിഴക്കു് പത്തുമൈലോളം വിദൂരമായ ആ കുന്നിൻറ കിഴക്കേ ചരിവിലുള്ള കുടിലാണു് രവിയുടെ വാസഗൃഹം. "ഭൈമി", അതായിരുന്നു രവിയുടെ ദയിതയുടെ പേരു്. അവൾ രവിയുടെ സഹധർമ്മിണിയായിട്ടു് വർഷങ്ങൾ നാലായി. വിവാഹാവസരത്തിൽ രവിയുടെ പേരു് രാഘവനെന്നും ഭൈമിയുടേതു ഭവാനിയെന്നുമായിരുന്നു. ആ പേരുകളുടെ അനവീനത രവിക്കു പിടിച്ചില്ല. അതിനാലതു പരിഷ്കരിച്ചപ്പോൾ രവിയെന്നും ഭൈമിയെന്നും പുതിയ പേരുകൾ ആവിർഭവിച്ചു. പേരിൻറ പുതുമയിൽ രവിതന്നെ ഒരു പുതിയ ആളായി മാറി. രണ്ടുവർഷം കഴിഞ്ഞപ്പോൾ അവരുടെ പ്രേമവല്ലി മൊട്ടിട്ടു പുഷ്പിച്ചു ഭൂജാതനായ ആ ശിശുവിൻറ സുന്ദരദർശനം ആരേയും കോൾമയിർകൊള്ളിച്ചു. അടുത്തുള്ള പെണ്ണുങ്ങൾ പറഞ്ഞു: "ഹ! എന്തൊരഴകാ കുഞ്ഞിനു്. അതു വല്ല ധനവാന്മാരുടേയും വീട്ടിൽ ജനിക്കേണ്ടിയിരുന്നു"വെന്നു്. തെക്കേതിലെ മേരിക്കുട്ടി പണക്കാരിയായിരുന്നു. അവരുടെ പുരയിടത്തിലാണു ഭൈമിയുടെ താമസം. അവൾ ഭൈമിയുടെ കൂട്ടുകാരിയായിരുന്നെങ്കിലും തൻറ കുട്ടിക്കു് കൂട്ടുകാരിയുടെ കുട്ടിയോളം അഴകില്ലാത്തതോർത്തു ഖേദിക്കാറുണ്ടു്. എങ്കിലും അസൂയയില്ലായിരുന്നു. ഭൈമിയുടെ കുട്ടിയെ മേരിക്കുട്ടി എടുത്തു കളിപ്പിക്കയുംചെയ്യും.

മേരിക്കുട്ടിയെ കെട്ടിയിരിക്കുന്നതു് നെടുമങ്ങാട്ടുള്ള ഒരു തോട്ടംസൂപ്രണ്ടാണു്. ഏഴായിരം രൂപാ കൊടുത്താണു് അവളെ കെട്ടിച്ചതു്. അവളുടെ കുട്ടിയും ആണാണു്. ഭൈമിക്കു മേരിക്കുട്ടി ഒരു വലിയ സഹായമായിരുന്നു. അമ്മയറിയാതെ പലതും മേരിക്കുട്ടി ഭൈമിക്കു കൊടുക്കും—എല്ലാ ദിവസവും ഒരുനേരത്തെ ആഹാരമെങ്കിലും. അമ്മയാണെങ്കിൽ "അരുത്തകെെക്കു ഉപ്പുതേക്കാത്ത" ഒരു കൊഴുത്തുതടിച്ച മാംസപിണ്ഡം.

രവിക്കു് ആദ്യമൊക്കെ ചില കുടിപ്പണികളാണുണ്ടായിരുന്നതു്. രാഷ്ട്രീയരംഗത്തെ സജീവപ്രവത്തനം രവിയെ അതിൽനിന്നും വിമുക്തനാക്കി. പാനത്തെപ്പററി പറഞ്ഞാൽ "പഴയ നാലാംക്ലാസ്സാ"ണു്. എങ്കിലും രവി ഇന്നു നല്ലൊരു പ്രാസംഗികനാണു്. ഭൈമിക്കു പായ്നെയ്ത്തു നല്ലപോലെ അറിയാം. സഖാവി

---

### കൃതജ്ഞത

ബ: അൽഫോൻസാമ്മയുടെ സഹായത്താൽ രോഗശാന്തി വന്നതിനു് ഉപകാരസ്മരണ. താമസിച്ചതിനു് ക്ഷമാപണം.

സി. എൽ. ജേക്കബ്ബ്
കോട്ടപ്പടി

---

ൽനിന്നു വരവൊന്നുമില്ലെങ്കിലും കഷ്ടിച്ചു് അവൾ വീട്ടുകാര്യങ്ങൾ നിറവേററിവന്നു. തൻറ മകൻ ഒരഭിനവസ്റ്റാലിൻ ആകണമെന്നാണു രവി ആഗ്രഹിച്ചതു്. പുത്രനു് ആ പേരിനോടു സാമ്യമുള്ള "സ്റ്റാൻലി"യെന്നു രവി പേരിട്ടു. ഭൈമി എതിർത്തു. അവൾ പറഞ്ഞു: "അതു ക്രിസ്ത്യാനികളുടെ പേരുപോലെ ഇരിക്കുന്നല്ലോ. നമ്മുടെ ആളുകൾ എന്തു പറയും."

രവി:- "ഭൈമി! ഒരു മതേതര രാഷ്ട്രസൃഷ്ടിയാണു ഞങ്ങളുടെ ലക്ഷ്യം. അതിൽ ഈഴവനെന്നോ ക്രിസ്ത്യാനിയെന്നോ ഉള്ള ചിന്തയ്ക്കവകാശമില്ല. അങ്ങനെയാകുമ്പോൾ ഈഴവർക്കു എന്തുകൊണ്ടു് ഈ പേരിട്ടുകൂടാ."

ഭൈമി:- "പണ്ടേ നിർബന്ധശീലക്കാരനാണു്. ഞാൻ പറയുന്നതു വല്ലതും വകവയ്ക്കാറുണ്ടോ. ഇഷ്ടംപോലെ ആകട്ടെ."

രവി:- "നമ്മളൊ ഇങ്ങനെ അധപ്പതിച്ചുപോയി. ഭാവിതലമുറയെങ്കിലും നന്നാകണം. അതിനുവേണ്ടി ഏതു സന്ധിയില്ലാത്ത സമരവും ഞങ്ങൾ നടത്തും. അതിൽ ഞങ്ങൾ മുന്നേറുകതന്നെചെയ്യും."

ഭൈമി:- "വല്ല പട്ടത്തക്കാരും ഇതിനൊക്കെ നടന്നാൽ വല്ല ഉദ്യോഗമെങ്കിലും കിട്ടുമെന്നു വിചാരിക്കാം. നമ്മളെന്തിനാ ഇതിനു നടക്കുന്നതു്?"

രവി:- "നിനക്കെന്തറിയാം. ഹിററ്ലർ, സ്റ്റാലിൻ തുടങ്ങിയ വിശ്വവിശ്രുതരായ നേതാക്കന്മാർക്കു് എന്തു പരീക്ഷാദയോഗ്യതയാണുണ്ടായിരുന്നതു്? നേതാവുദ്യോഗത്തിൻറ മഹിമ നിനക്കറിഞ്ഞുകൂടാ."

ഭൈമി:- "കൂലിവേലചെയ്തു ജീവിച്ചകാലത്തു് ഇവിടെ ഒരു പട്ടിണിയുമില്ലായിരുന്നു. ഇപ്പോൾ അതിനേ അവസരമുള്ളൂ. ഞാൻ വളരെയെല്ലാം ക്ഷമിക്കുന്നു. ഇനിയെങ്കിലും ഒരു മനംമാററം വന്നിരുന്നെങ്കിൽ!"

രവി:- "എനിക്കിപ്പോൾ മറെറാന്നിനും സമയമില്ല. തെരഞ്ഞെടുപ്പു കഴിയുന്നതുവരെ വളരെ ജോലിത്തിരക്കുണ്ടു്. ഇത്രകണ്ടു് വാശിയേറിയ ഒരു തെരഞ്ഞെടുപ്പുണ്ടോ! ഉററുശ്രമിച്ചില്ലെങ്കിൽ നമ്മുടെ സഖാവിനു പരാജയമാണു്."

ഭൈമി:- "സഖാവു്! വെല്യച്ഛൻറ പ്രായമുള്ള അങ്ങേരെ സഖാവെന്നു വിളിക്കാൻ നാണമില്ലേ നിങ്ങൾക്കു്."

---

**For favours received**



T. V. Cherian
Thayil, Perunna,
Changanachery

---

രവി:- "എന്താ, അതാണു ഞങ്ങളുടെ ഏററവും ബഹുമാനപൂർവ്വമുള്ള സംബോധന. അച്ഛനെപ്പോലും സഖാവെന്നു വിളിക്കുന്നതിലൊരു തെററുമില്ല."

ഭൈമി:- ഏതായാലും കൊള്ളാം. ഈ വീടിൻറ ദയനീയസ്ഥിതി! നമ്മുടെ ഓമനക്കുഞ്ഞു്! അവൻ നടന്നുകളിക്കുന്നതു കാണാനാരുണ്ടു്. പത്തും ഇരുപതും ദിവസംകഴിഞ്ഞല്ലെ ഇവിടൊന്നു വരിക. ഇതിലൊക്കെ വല്ല ചുമതലയുമുണ്ടോ?"

രവി:- "എനിക്കു പോകാനുള്ള സമയമതിക്രമിച്ചു. ഞാനിതാ പോകുന്നു."

സഖാവു നേരെ ചെന്നതു് പട്ടണത്തിലുള്ള ഐ. മു. എലക്ഷൻ ഓഫീസിലേക്കാണു്. അവിടെ അയാൾക്കു ജോലി വളരെയുണ്ടു്. ജാഥാ നയിക്കണം. ആകാശത്തേക്കു മുഷ്ടിചുരുട്ടി മുദ്രാവാക്യങ്ങൾ വിളിക്കണം. ചില അവസരങ്ങളിൽ പ്രസംഗിക്കയും വേണം. മൈക്കിൽക്കൂടി കമ്മ്യൂണിസ്റ്റ്പാട്ടുപാടുന്നതിൽ സഖാവിനുള്ള വൈദഗ്ധ്യം ഒന്നു പ്രത്യേകമാണു്. ആഹാരപ്രശ്നം എങ്ങനേയും നടക്കും. എന്തിനു്, സ്ഥാനാർത്ഥി രവിക്കു് പല ഭാവിശ്രേയസ്സും വാഗ്ദാനം ചെയ്തുകഴിഞ്ഞു.

സമയം കിട്ടുമ്പോഴൊക്കെ മേരിക്കുട്ടി [illegible] യ സമീപിക്കാറുണ്ടു്. അവളെ ഗുണദോഷിക്കാൻ. അഭ്യസ്തവിദ്യയായ മേരിക്കുട്ടിയുടെ പ്രേരണ വളരെയൊക്കെ ഫലിക്കുന്നുമുണ്ടു്. കോൺഗ്രസ്സ് മന്ത്രിസഭ ചെയ്ത അനേകം നല്ല കാര്യങ്ങളും കമ്മ്യൂണിസ്റ്റുകൾ ചെയ്ത കൊള്ളയും കൊലപാതകങ്ങളും മററും അവരുടെ സംഭാഷണവിഷയമാകാറുണ്ടു്. ഈ സമയമെല്ലാം അവരുടെ പിഞ്ചുകുഞ്ഞുങ്ങൾ പിച്ചനടന്നു കളിക്കുകയായിരിക്കും. നടപ്പിലും സ്റ്റാൻലി മുന്നിട്ടുനിന്നു. രണ്ടു വയസ്സുപ്രായമായ ആ കുസൃതിക്കുട്ടനെക്കണ്ടു് വഴിപോക്കർപോലും ഒന്നാക്കിനിന്നു കൊതിക്കാറുണ്ടു്. ആ കൂട്ടുകാരികളുടെ സൗഹാർദ്ദം ഇടമുറിയാതെ പുരോഗമിച്ചു.

കുറെദിവസം കഴിഞ്ഞപ്പോൾ സ്റ്റാൻലിക്കു പെട്ടെന്നൊരു പനിയുണ്ടായി. മേരിക്കുട്ടി തൻറ കുട്ടിക്കു കരുതിവച്ചിരുന്ന ചില ഗുളികകളും മററും കൊണ്ടുചെന്നു കൊടുത്തു. പക്ഷെ പനിക്കു ഭേദം കണ്ടില്ല. ഭൈമി കുട്ടിയെ അടുത്തുള്ള ഒരു നാട്ടുവൈദ്യനെ കാണിച്ചു. വൈദ്യൻ ചില മരുന്നുകൾ കൊടുത്തു. പണമില്ലാഞ്ഞതിനാൽ ഭൈമി നെയ്ത നല്ല ഒരു പായ് വൈദ്യനു പ്രതിഫലമായി കിട്ടുകയുംചെയ്തു.

ഈ അവസരത്തിലാണു മേരിക്കുട്ടിയുടെ ഭർത്താവുവന്നു് അവളേയും കുട്ടിയേയും കൂട്ടിക്കൊണ്ടുപോയതു്. പോകുന്ന അവസരത്തിൽ മേരിക്കുട്ടിചെന്നു് ഭൈമിയെ സമാശ്വസിപ്പിച്ചു. ഒരു രൂപയും മേരിക്കുട്ടി ഭൈമിക്കു കൊടുത്തു, വൈദ്യനു കൊടുക്കുവാൻവേണ്ടി. ഭൈമിക്കു് ആ വേർപാടു് അസഹനീയമായിത്തോന്നി. ചുരുപിടിച്ച തൻറ ജീവിതപന്ഥാവിലെ ഒരു ഛായാവൃക്ഷമായിരുന്നു മേരിക്കുട്ടി. അവൾ വാവിട്ടു കരഞ്ഞുപോയി. മേരിക്കുട്ടിക്കും ഉള്ളിൽ അവാച്യമായ ഖേദമുണ്ടായി. ഭൈമി എങ്ങനെ കരയാതിരിക്കും. തൻറ സർവ്വനിധിയുമായ ഓമനക്കുട്ടനു രോഗശമനം കാണുന്നില്ല. തന്നിമിത്തം ഭൈമിക്കു ജോലിയൊന്നും ചെയ്യാൻ സാധിക്കുന്നില്ല. സഖാവു വന്നിട്ടു രണ്ടാഴ്ചയായി. ഏകാവലംബമായ മേരിക്കുട്ടി പെട്ടെന്നു പോകുകയും. (തുടരും)

---

## പുസ്തകാഭിപ്രായം

### പഴകിയ ചിത്രങ്ങൾ

(ഗ്രന്ഥകർത്താവു്: ഫാദർ മാത്യു വരകിപ്പറമ്പിൽ. പേജു 67 വില 8ണ. കാഞ്ഞിരത്താനം, മാഞ്ഞൂർ P. O.)

ചിത്രങ്ങൾക്കുണ്ടോ പഴക്കം? ഞാനോർത്തുപോയി ഇരട്ടവാലൻ, പാററ, ചിതൽ തുടങ്ങിയുള്ള ദുഷ്ടജന്തുക്കളുടെ ആക്രമണം കൊണ്ടു ചിത്രങ്ങൾ പഴകാം കാലാവസ്ഥയുടെ വൈപരീത്യംകൊണ്ടുമാകാം.

പക്ഷേ ലേഖനങ്ങൾക്കും പഴക്കമുണ്ടാകുമോ? ഉണ്ടാകുമെന്നു് ഫാദർ വരകിപ്പറമ്പിൽ സ്വഗ്രന്ഥത്തിൽ പറയുന്നു. പഴയ കാലത്തു് എഴുതിയതുകൊണ്ടാണവ പഴകിയതു്. ഞാൻ പിന്നെയുമോർത്തു ഈ സ്ഥിതിക്കു് അദ്ദേഹത്തിൻറ ഗുരുവിൻറ കൃതികളും ലേഖനങ്ങളും എത്രമാത്രം പഴകിപ്പഴകിയിരിക്കണമെന്നു്.

ഫാദർ മാത്യുവിനു് ഒരു കവിഹൃദയമുണ്ടെന്നും, ഗദ്യത്തിൽ കവിതയെഴുതുവാൻ വശമുണ്ടെന്നും, അദ്ദേഹത്തിൻറ "പഴകിയ ചിത്രങ്ങളും" "ഹൃദയ വിപ്ലവവും" വായിച്ചപ്പോളാണു് ഗ്രഹിക്കാൻ കഴിഞ്ഞതു്.

"കവിതയും, കവികളും" എന്ന ഒന്നാമത്തെ ഉപന്യാസം എൻറ വിധിക്കു് ഉപോൽബലകമാണു്. പോരെങ്കിൽ മഹാകവി കുമാരനാശാൻറ വീണ പൂവിലെ സുപ്രസിദ്ധമായ ഒരു പദ്യശകലത്തെപ്പററി ഫാദർ മാത്യുവിനു പറയാനുള്ളതു് പറഞ്ഞിരിക്കുന്ന രീതി ഒന്നു പരിശോധിക്കാം. ആ ശ്ലോകമിങ്ങനെയല്ലെ:

ഹാ! പുഷ്പമേ! അധിക-
തുംഗപദത്തിലെത്ര
ശോഭിച്ചിരുന്നിതൊരു രാ-
ജ്ഞികണക്കയെ നീ
ശ്രീഭൂവിലസ്ഥിരമസംശയമി-
ന്നു നിൻറ-
യാഭൂതിയെങ്ങു പുനരെങ്ങു കിട-
പ്പിതോർത്താൽ!

അല്ലയോ പുഷ്പമേ, നാരീരത്നമേ, നേത്രാനന്ദകരങ്ങളായ ആഭരണങ്ങളണിഞ്ഞു് സുഗന്ധതൈലം പൂശി മഹാ പ്രതാപത്തോടുകൂടി രാജ്ഞിയെപ്പോലെ വാണിരുന്ന നിൻറ സൗന്ദര്യം, കീർത്തി, സുഭഗത എല്ലാമെവിടെയാണോ? ഇന്നു നീ, എവിടെ എങ്ങിനെ കിടക്കുന്നു. കഷ്ടം! കഷ്ടം! നികൃഷ്ടമായ ഈ വിജനപ്രദേശം നിൻറ ശ്മശാനവും, ചീഞ്ഞുനാറുന്ന ചപ്പും ചവറും നിറഞ്ഞ ഈ സ്ഥലം നിൻറ കബറിടവും ആയി രൂപാന്തരപ്പെട്ടിരിക്കുന്നു. നിന്നെ ശുശ്രൂഷിച്ചു നിനക്കു പരികർമ്മം ചെയ്തിരുന്ന ദാസിമാർ ഇപ്പോളെവിടെ? നിൻറ സൗന്ദര്യത്തേയും, പ്രതാപത്തേയും, കീർത്തിച്ചിരുന്ന സ്തുതിപാഠകന്മാരെവിടെ? നിന്നിൽനിന്നും അനുഗ്രഹങ്ങൾ വാങ്ങിയിട്ടുള്ള സാധുക്കളെവിടെ? സകലരേയും നിന്നിലേക്കു് ആകർഷിച്ചിരുന്ന മാധുര്യം തുളുമ്പുന്ന വാക്കുകളും, നോട്ടങ്ങളും, ഭാവങ്ങളുമെല്ലാം ഇപ്പോളെവിടെപ്പോയിമറഞ്ഞു? ചന്ദ്രബിംബത്തെ പ്രതിബിംബിപ്പിച്ചിരുന്ന നിൻറ കവിൾത്തടം വാടി ഒട്ടി നിർജ്ജീവമായും താരതുല്യം വിളങ്ങി പ്രകാശിച്ചിരുന്ന നേത്രങ്ങൾ മങ്ങി അർദ്ധനിമീലിതങ്ങളായും കാണപ്പെടുന്നല്ലോ? തീർച്ചയായും ശാശ്വതമായി ഇഹത്തിലൊന്നുമില്ല. ഇതുനെ നീണ്ടു നീണ്ടു പോകുന്നു ഫാദർ വരകിപ്പറമ്പിലിൻറ ഭാവനാദ്ധാരണി. കുമാരനാശാൻ ഇതു കണ്ടിരുന്നെങ്കിൽ—!

ഈ കഴിഞ്ഞ ഡിസംബർ 31-ാംനു കൊല്ലത്തുവച്ചു് "ജി"പറഞ്ഞു കുമാരനാശാനാണു് മലയാളത്തിൻറ സിംബോളിക്കു കാവ്യത്തിൻറ ജനയിതാവെന്നും, വീണ പൂവാണു് ആദ്യത്തെ സിംബോളിക് കാവ്യമെന്നും. ഫാദർ വരകിപ്പറമ്പിൽ പണ്ടേ ഇതു പറഞ്ഞു—സുമാർ 27 വർഷങ്ങൾക്കുമുമ്പു്. സിംബോളിസത്തിൻറ ആരാധകനായി കുമാരനാശാനെ നേരത്തെ കണ്ടുപിടിച്ചതിൽ ഫാദർ മാത്യു അനുമോദനാർഹനാണു്. പഴകിയ ചിത്രങ്ങളല്ലേ ഇവ—എന്നെന്നും അഭിനവങ്ങൾ തന്നെ. 67 പക്ഷങ്ങളിലായി ഫാദർമാത്യുവിൻറ കവിതാകാമിനി ഗദ്യശാഖാനിഴലിൽ വിഹരിച്ചു തേനെ വർഷിക്കുകയാണു്, നിർഝരിയിലെ ജലപാതംപോലെ. വെള്ളിനക്ഷത്രപ്പൂക്കൾ അപ്രതിഹതം പ്രകാശിക്കുകയാണു്. ഗ്രന്ഥകർത്താവിനു് അഭിനന്ദനം രേഖപ്പെടുത്തുവാൻ ഈ നിരൂപകനു് അവകാശമുണ്ടു്.

(സി. കെ. എം.)

---

വി. പത്താംപീയൂസിൻറയും, വി. തോമ്മാശ്ലീഹായുടേയും, വി. റീത്തായുടേയും മദ്ധ്യസ്ഥതാലും സി. അൽഫോൻസായുടെ സഹായത്താലും ഉദ്ദിഷ്ടകാര്യം സാധിച്ചതിനു് ഉപകാരസ്മരണ.

By Mrs N. C. C., Shertalai

---


# മലയാററൂർ

## പുതുഞായറാഴ്ചത്തിരുനാൾ

മലയാററൂർ മലമുകൾ പൊന്നുംകുരിശുമലമുത്തപ്പൻറ പുതുഞായറാഴ്ചത്തിരുനാൾ ഇക്കൊല്ലം ഏപ്രിൽ 14-ാംനു ആരംഭിച്ചു് 17-ാംനു ഞായറാഴ്ച അവസാനിക്കുന്നതും, അതിൻറ എട്ടാമിടത്തിരുനാൾ പതിവുപോലെ ഏപ്രിൽ 24-ാംനു ആയിരിക്കുന്നതുമാണു്. തീർത്ഥകർക്കു് യാത്രാസൗകര്യം മുതലായതു് പതിവുപോലെ ഉണ്ടായിരിക്കും.

എന്നു്, വികാരി
പഞ്ഞിക്കാരൻ കുരുവിള ക.

(11-ാംപേജ് തുടർച്ച)

ണ്. യാക്കോബായക്കാരുടെ ഹൂദായകാനോൻ ചട്ടങ്ങൾക്കെതിരായ ഒരു പ്രഖ്യാപനവുമാണിതു്.

"ലോകത്തിൻെറ നാലുഭാഗങ്ങളുടെ സംഖ്യ അനുസരിച്ചു് പാത്രിയക്കീസന്മാർ നാലുപേരുണ്ടായിരിക്കണം. എല്ലാവരുടേയും പ്രധാന തലവൻ റോമിലെ പാത്രിയക്കീസും അദ്ദേഹത്തിൻെറകൂടെ അലക്സാന്ത്രിയായിലെ പാത്രിയക്കീസും അദ്ദേഹത്തിൻെറകൂടെ എഫേസൂസിൽനിന്നു് പാത്രിയക്കാസ്ഥാനം അങ്ങോട്ടു മാററപ്പെടുകയും പുതിയ റോമ്മായെന്നു നാമകരണം ചെയ്യപ്പെടുകയും ചെയ്തിട്ടുള്ള കുസ്തന്തീനോപ്പോലീസിലെ പാത്രിയക്കീസും അദ്ദേഹത്തിൻെറകൂടെ പൗരസ്ത്യദേശം മുഴുവനിലും അധികാരമുള്ള അന്ത്യോക്യായിലെ പാത്രിയക്കീസുമായിരിക്കണം. പീലിപ്പോസ് കേസറിയായിലെ മെത്രാപ്പോലീത്തായുടെ അധികാരത്തിനു വിധേയമായി എപ്പിസ്ക്കോപ്പാസ്ഥാനമുണ്ടായിരുന്ന ഊർശ്ലേമിനു് ഇനിമേലാൽ അഞ്ചാമത്തെ പാത്രിയക്കീസെന്ന ബഹുമതി ഉണ്ടായിരിക്കേണ്ടതും, അവിടത്തെ മേലധികാരം കേസറിയായിലെ മെത്രാപ്പോലീത്തായ്ക്കു തന്നെ ഇരിക്കേണ്ടതുമാകുന്നു" എന്നു് ഹൂദായകാനോൻ 7-ാം അദ്ധ്യായം ഒന്നാം ഖണ്ഡികയിൽ പറയുന്നു. (കോനാട്ട് എബ്രഹാം കത്തനാർ മലയാളത്തിലേക്കു തർജ്ജിമചെയ്തിട്ടുള്ള ഹൂദായകാനോൻ പുസ്തകം 84-ാം പുറം നോക്കുക) ഈ കാനോൻ ആണല്ലോ യാക്കോബായ സഭയുടെ ശരിയായ കാനോനായി ഓർത്തഡോക്സ് സഭക്കാർ കച്ചേരിയിൽ ഹാജരാക്കിയിരിക്കുന്ന "എ" അക്കം കാനോൻ. ഇതു് മലങ്കര ഓർത്തഡോക്സ് സഭയുടെ സർവ്വപ്രധാനമായ നിയമഗ്രന്ഥമാണെന്നു ഇവർ ഉറപ്പിച്ചുപറഞ്ഞിട്ടുള്ള സ്ഥിതിക്കു് ഈ കാനോൻ അനുസരിച്ചു് റോമിലെ പാത്രിയക്കീസായ മാർപ്പാപ്പായെ സഭയുടെ പ്രധാന തലവനായി സ്വീകരിക്കേണ്ടതല്ലയോ? "എട്ടിലെ അപ്പടി, പയററിലെ ഇപ്പടി" എന്ന മട്ടിൽ വർത്തിക്കുന്നതു് തെററല്ലയോ? യാക്കോബായക്കാരുടെ ഹൂദായ കാനോൻ അനുസരിച്ചു റോമിലെ റീശ് പാത്രിയക്കീസാണു് ക്രിസ്തുവിൻെറ വികാരി. അദ്ദേഹത്തെ അനുസരിക്കേണ്ടതു് ഏവരുടേയും കടമയാണു്. കത്തോലിക്കാസഭയിൽനിന്നും യാക്കോബായക്കാർ പിരിഞ്ഞിട്ടു് പത്തുപതിന്നാലു് നൂററാണ്ടുകാലം കഴിഞ്ഞിട്ടും അവരുടെ തെററുകളെല്ലാം ക്ഷമിച്ചു് അവരുടെ ഇപ്പോഴത്തെ ആരാധനാരീതി പാലിച്ചുകൊണ്ടു് കത്തോലിക്കാസഭയോടു ചേർന്നു് പണ്ടത്തെപ്പോലെ ഐക്യത്തിൽ നടന്നുകൊള്ളുവാൻ പരിശുദ്ധപിതാവു് വാത്സല്യപൂർവ്വം അനുവദിച്ചിരിക്കുന്നു. തദനുസരണം ഞങ്ങൾ കത്തോലിക്കാസഭയോടു ചേർന്നു് നടന്നുവരുന്നു.

ഞങ്ങളുടെ ഈ പുനരൈക്യത്തിൽനിന്നും എടുക്കാവുന്നിടത്തോളവും മുതലെടുക്കുവാൻ ഇവർ മടിച്ചിട്ടില്ല. തങ്ങളുടെ പട്ടം മാർപ്പാപ്പാ അംഗീകരിച്ചിരിക്കുന്നുവെന്നും ഇനിയും യാക്കോബായ പാത്രിയക്കീസിൻെറ ഭീഷണികൾ വിലപ്പോകയില്ലെന്നും ബാവായും മററും പലരോടും പലപ്പോഴും പറഞ്ഞിട്ടുള്ളതാണല്ലോ. ഞങ്ങളുടെ ഈ കത്തോലിക്കാ പുനരൈക്യം ഉണ്ടാകാതിരുന്നെങ്കിൽ ഓർത്തഡോക്സ് മെത്രാന്മാർ യാക്കോബായ പാത്രിയക്കീസിൻെറ അടുക്കൽച്ചെന്നു് രണ്ടാമതും പട്ടം ഏല്ക്കേണ്ടതായി വരികയില്ലായിരുന്നുവോ? യാക്കോബായ പാത്രിയക്കീസന്മാർ പുറപ്പെടുവിച്ചിട്ടുള്ള കല്പനകളിൽ ബാവായെ മാമ്മോദീസാപ്പേരു വിളിച്ചു് ചുമപ്പുവേഷധാരിയെന്നും മററുമാണു് സംബോധന ചെയ്തിരിക്കുന്നതു്. അങ്ങനെയുള്ള കല്പനകളിൽ പലതും ഞങ്ങളുടെ പക്കലുണ്ടു്. കത്തോലിക്കരാണെങ്കിൽ ഒരിക്കലും ഇത്ര അനാചാരവും അനൗചിത്യപരവുമായഭാഷയിൽ പറയുകയില്ലായിരുന്നു. മലങ്കരയാക്കോബായ സഭയുടെ ആരാധനാരീതികൾ പാലിച്ചുകൊണ്ടു് കത്തോലിക്കാസഭയുമായി രമ്യപ്പെട്ടു് അതിൽനിന്നുള്ള മുടക്കും ശാപവും തീർപ്പിച്ചു് നടക്കുകയാണു നല്ലതെന്നു് വേണ്ടപോലെ ബോദ്ധ്യമായതിൻെറ ശേഷമാണു് ഞങ്ങൾ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെട്ടതു്. ശേഷമുള്ളവർ പിന്മാറിയതു നിർഭാഗ്യകരമായിപ്പോയി. മലങ്കരയാക്കോബായക്കാരുടെ ശരിയായ ഉന്നതിക്കുള്ള ഈ മാർഗ്ഗം അനുസരിപ്പാനിവർ മനസ്സുവയ്ക്കുന്നില്ലല്ലോ എന്നോർത്തു ഞങ്ങൾ ഖേദിക്കുന്നു.

"മുന്നമേ ദൈവത്തിൻെറ രാജ്യത്തേയും നീതിയേയും അന്വേഷിക്കുക, എന്നാൽ അതോടുകൂടെ നിങ്ങൾക്കാവശ്യമുള്ളതെല്ലാം ലഭിക്കു"മെന്നു് നമ്മുടെ കർത്താവു് വാഗ്ദത്തം ചെയ്തിട്ടുണ്ടല്ലോ. തദനുസരണം ദൈവത്തേയും നീതിയേയും അന്വേഷിച്ചു് കത്തോലിക്കാസഭയിൽ ചേരുന്നവർക്കു് നാനാവിധത്തിലുള്ള ഐശ്വര്യവും അഭിവൃദ്ധിയും ഉണ്ടാകുന്നതിൽ അത്ഭുതപ്പെടുവാനില്ല. അതിനെ ദ്രവ്യസ്നേഹവും ജഡമോഹവുമാക്കി വ്യാഖ്യാനിക്കുന്നതു് അനുസരണക്കേടിലുള്ള ഇവരുടെ നിലകൊണ്ടു ചെയ്തുപോകുന്ന ഒരു അകൃത്യമായിട്ടുമാത്രമേ പരിഗണിക്കേണ്ടതുള്ളൂ.

ക്രിസ്തുവിൻെറ മണവാട്ടിയായ സഭ ഒന്നേയുള്ളുവെന്നു് വേദപുസ്തകം പറയുന്നതു് ഇവക്കും അറിയാമല്ലോ. പിതാക്കന്മാക്കു് ഭരമേല്പിക്കപ്പെട്ടിട്ടുള്ള സത്യവിശ്വാസവും അതുതന്നെയാണു്. അങ്ങനെയിരിക്കെ ഇവർ കത്തോലിക്കാസഭയുമായി ഐക്യപ്പെടുവാൻ ശ്രമിക്കാതിരിക്കുന്നതു് ശരിയാണോ? ഓരോ പുതിയ സഭ സ്ഥാപിച്ചിട്ടു് അതിനെ ക്രിസ്തുവിൻെറ മണവാട്ടിയാക്കുവാൻ പരിശ്രമിക്കുന്നവർ പലരുണ്ടു്. എന്നാൽ ആ സഭകൾ അവയുടെ നിർമ്മാതാക്കളുടെ മണവാട്ടിയാകുന്നതല്ലാതെ ക്രിസ്തുവിൻെറ മണവാട്ടിയാകുന്നതല്ല. ക്രിസ്തുവിൻെറ മണവാട്ടിസഭയെ ക്രിസ്തുതന്നെ രൂപീകരിച്ചിട്ടുണ്ടു്. ഏതുകാലത്തും ഏതുമനുഷ്യനും അതു് ഏതെന്നു് തിരിച്ചറിയുവാൻ തക്കവണ്ണം അതിൻെറ തലവൻ പത്രോസും അദ്ദേഹത്തിൻെറ പിൻഗാമികളും ആയിരിക്കുമെന്നുള്ള അടയാളവും അതിനു ക്രിസ്തുതന്നെ നൽകിയിട്ടുമുണ്ടു്. എന്തെന്നാൽ തൻെറ സഭയുടെ മാതൃകയിൽ അനേകം സഭകൾ പില്ക്കാലം ഉണ്ടാകുമെന്നു് താൻ മുൻകൂട്ടി അറിഞ്ഞിരുന്നു.

കത്തോലിക്കാസഭയ്ക്കു അദൃശ്യതലവനായി ക്രിസ്തുവുണ്ടെന്നു മാത്രമല്ല സത്യവും നീതിയും പഠിപ്പിക്കുന്ന പരിശുദ്ധാത്മാവിനെ ക്രിസ്തു അതിനു ആത്മാവായി അയച്ചുകൊടുത്തിട്ടുമുണ്ടു്. അതിനാൽ ആ സഭയുടെ ഉപദേശം പരിശുദ്ധാത്മാവിൻെറ തെററാത്ത ഉപദേശമായിരിക്കും. പരിശുദ്ധാത്മാവു് ദൈവമാകയാൽ തെററു് പഠിപ്പിക്കുകയില്ലല്ലോ. മനുഷ്യസ്ഥാപിതസഭകളെല്ലാം തെററുന്നതും പിണങ്ങിപ്പിരിയുന്നതുമാണു്. അതുകൊണ്ടാണു് അവകൾ പല സഭകളായി പിരിഞ്ഞുകൊണ്ടിരിക്കുന്നതു്. അതിനാൽ മനുഷ്യർ അവകളെയെല്ലാം ഉപേക്ഷിച്ചു് കത്തോലിക്കാസഭയിൽ ചേർന്നു ജീവിക്കേണ്ടതാണു്.

(തുടരും)

തിരുസഭാചരിത്രം 65

# നെസ്തോറിയൻ പാഷണ്ഡത

## അതിൻെറ പശ്ചാത്തലം

(പ്രൊഫസർ പി. ററി. തോമസ് എം. എ.)

ആരിയൻ പാഷണ്ഡതയുടെ തിരോധാനത്തോടുകൂടി പരിശുദ്ധ ത്രിത്വത്തെ സംബന്ധിച്ചുള്ള കത്തോലിക്കാ വിശ്വാസസത്യം അസന്നിഗ്ദ്ധമാംവണ്ണം സ്ഥിരീകരിക്കപ്പെട്ടു. റോമാസാമ്രാജ്യം മുഴുവനിലും നിക്യാവിശ്വാസപ്രമാണം സ്വീകരിക്കപ്പെടുകയും തിരുസ്സഭയിൽ, പ്രത്യേകിച്ചു് പൗരസ്ത്യവിഭാഗത്തിൽ, ദീർഘകാലത്തേക്കു് സമാധാനം നിലനിന്നുപോരികയും ചെയ്തു. എന്നാൽ അഞ്ചാം ശതാബ്ദത്തിൻെറ പ്രഥമഘട്ടത്തിൽ ഒരു പുതിയ പാഷണ്ഡത രൂപമെടുക്കുകയും സഭാസമാധാനത്തെ അതു ശിഥിലമാക്കുകയും ചെയ്തു.

ക്രിസ്തുവിൻെറ ആളും സ്വഭാവവുമായിരുന്നു വിവാദപ്രശ്നം. ഇതേസംബന്ധിച്ചുള്ള തിരുസ്സഭയുടെ പ്രബോധനം താഴെ കാണുംപ്രകാരം സംഗ്രഹിക്കാം. ക്രിസ്തു ഒരാളിൽതന്നെ ദൈവവും മനുഷ്യനും ആകുന്നു. ക്രിസ്തുവിൽ ഒരാൾ മാത്രമേ ഉള്ളൂ, അതായതു് പരിശുദ്ധത്രിത്വത്തിൻെറ രണ്ടാം ആളായ പുത്രൻ. ദൈവമായ ഈ ആൾ മനുഷ്യാവതാരം ചെയ്തപ്പോൾ മനുഷ്യസ്വഭാവവുമായി അഭേദ്യമാംവണ്ണം സംയോജിപ്പിക്കപ്പെട്ടു. ദൈവശാസ്ത്രപണ്ഡിതന്മാർ ഈ ബന്ധത്തെ hypostatic അഥവാ personal union (ആളിനെ ആസ്പദമാക്കിയിട്ടുള്ള സംയോജനം) എന്നു നിർവ്വചിക്കുന്നു. അങ്ങിനെ ദൈവആളായ ക്രിസ്തുവിൽ രണ്ടു സ്വഭാവങ്ങൾ—ദൈവസ്വഭാവവും മനുഷ്യസ്വഭാവവും—പരസ്പരം യോജിച്ചുനില്ക്കുന്നു. സംയോജനംമൂലം ഈ രണ്ടു സ്വഭാവങ്ങൾ ഒന്നായിത്തീരുന്നില്ല. അവ പരസ്പരം കലരാതെ, കൂടിക്കുഴയാതെ, ഓരോന്നിൻെറയും വ്യതിരിക്തസ്വഭാവത്തിനു് തെല്ലെങ്കിലും മാററം ഭവിക്കാതെ (unmixed, unconfused and unchanged) എന്നാൽ അന്യോന്യം ദൃഢമായും അഭേദ്യമായും ബന്ധപ്പെട്ടു നിലകൊള്ളുന്നു. ക്രിസ്തുവിൽ രണ്ടു പ്രത്യേകസ്വഭാവങ്ങൾ ഉള്ളതുകൊണ്ടു് പ്രത്യേകമായ രണ്ടു ഇച്ഛാശക്തികളും (Wills) ഉണ്ടായേ കഴിയൂ. ഒന്നു ദൈവികവും മററതു് മാനുഷികവും. എന്നാൽ ക്രിസ്തുവിൻെറ മാനുഷികമായ ഇച്ഛാശക്തി എല്ലാപ്പോഴും ദൈവികമായ ഇച്ഛാശക്തിക്കു വിധേയമായിട്ടാണു പ്രവർത്തിച്ചിട്ടുള്ളതു്. ക്രിസ്തുവിൽ ദൈവമായ ആൾ ഒന്നുമാത്രമുള്ളതുകൊണ്ടു് ദൈവപുത്രൻ നമുക്കുവേണ്ടി പീഡകൾ അനുഭവിച്ചു മരിച്ചു എന്നു നാം വിശ്വസിക്കുന്നു. അതുപോലെ തൻെറ മാതാവിനെ ദൈവമാതാവെന്നു നാം വിളിക്കയും വണങ്ങുകയും ചെയ്യുന്നു.

ക്രിസ്തുവിലെ ആളിനേയും സ്വഭാവത്തേയും സംബന്ധിച്ചുള്ള അബദ്ധസിദ്ധാന്തങ്ങൾക്കെതിരായി മൂന്നു ശതാബ്ദക്കാലം തിരുസ്സഭയ്ക്കു സമരം ചെയ്യേണ്ടതായി വന്നു. ഓരോ കാലങ്ങളിലായി മൂന്നുതരം പാഷണ്ഡതകളാണു് രംഗപ്രവേശം ചെയ്തതു്. ഒന്നാമത്തേതു് ക്രിസ്തുവിൽ രണ്ടാളുകളുണ്ടെന്നു വാദിച്ച നെസ്തോറിയന്മാരും, രണ്ടാമത്തേതു് ഒരു സ്വഭാവം മാത്രമേ ഉള്ളൂ എന്നു പഠിപ്പിച്ച ഏകസ്വഭാവവാദികളും (Monophysites) മൂന്നാമത്തേതു് ക്രിസ്തുവിൽ ഒരു ഇച്ഛാശക്തിമാത്രമേ ഉള്ളൂ എന്നു വാദിച്ച Mouotheletes-ം ആണു്. ഇവയിൽ അവസാനത്തെ ഗണം കാലാന്തരത്തിൽ അപ്രത്യക്ഷമായി. മററു രണ്ടു കൂട്ടരും പാഷണ്ഡസഭകളായി ഇന്നും അവശേഷിക്കുന്നു.

ക്രിസ്തു സത്യമായ ദൈവവും സത്യമായ മനുഷ്യനും ആണു് എന്നുള്ള തിരുസ്സഭയുടെ പ്രബോധനത്തെ എല്ലാവരും അംഗീകരിച്ചിരുന്നു. അതുകൊണ്ടു് ക്രിസ്തുവിൽ ദൈവത്വവും മനുഷ്യത്വവും തമ്മിൽ എങ്ങിനെ സംയോജിപ്പിക്കപ്പെട്ടിരിക്കുന്നു എന്നുള്ളതിനെ സംബന്ധിച്ചായിരുന്നു തർക്കം. ഈ പ്രശ്നത്തിനു് മൗലികമായ വൈരുദ്ധ്യത്തോടുകൂടിയ രണ്ടു സമാധാനങ്ങളാണു് ഉന്നയിക്കപ്പെട്ടതു്. ഒന്നു് അന്ത്യോക്യയിൽനിന്നും മററതു് അലക്സാണ്ട്റിയായിൽനിന്നും. അന്ത്യോക്യയും അലക്സാണ്ട്റിയായും ദൈവശാസ്ത്രപണ്ഡിതന്മാരുടെ രണ്ടു സുശക്തകേന്ദ്രങ്ങളായിരുന്നു. കാതലായ പ്രശ്നങ്ങളെ സംബന്ധിച്ചു് ഇവ തമ്മിൽ പലപ്പോഴും സംഘട്ടനങ്ങൾ ഉണ്ടായിട്ടുണ്ടു്. ഇപ്പോൾ ചിന്താവിഷയമായിരിക്കുന്ന പ്രശ്നത്തെ സംബന്ധിച്ചും അവരുടെ അഭിപ്രായഗതികൾ വിഭിന്നങ്ങളായിരുന്നു.

അന്ത്യോക്യയിലെ പണ്ഡിതസമൂഹത്തിൻെറ നിഗമനങ്ങൾ താഴെ കാണുംപ്രകാരം സംഗ്രഹിക്കാം. ക്രിസ്തുവിൻെറ മനുഷ്യസ്വഭാവം സ്വതന്ത്രവും അന്യൂനവുമായിരിക്കണം. അതിനാൽ രണ്ടു സ്വഭാവങ്ങളും ഒന്നു് ഒന്നിനോടു ബന്ധപ്പെടാതെ പ്രത്യേകമായി നിലകൊള്ളുന്നു. ഈ രണ്ടു സ്വഭാവങ്ങളും തമ്മിലുള്ള ആന്തരികമായ സംയോജനത്തെ അവർ നിഷേധിച്ചു ശക്തിയായ സമ്മർദ്ദംകൊണ്ടു് പരസ്പരം ഒട്ടിച്ചേർന്നിരിക്കുന്ന രണ്ടു മരക്കഷണങ്ങളുടെ യോജിപ്പിനെപ്പോലെയാണു് ക്രിസ്തുവിൻെറ സ്വഭാവങ്ങൾ തമ്മിലുള്ള ബന്ധത്തെ അവർ വിഭാവനചെയ്തതു്. ഈവാദം ക്രിസ്തുവിൻെറ ഏകീഭാവത്തെ (unity)യും രക്ഷാകരമായ തൻെറ യജ്ഞത്തേയും വളരെ ദുർബ്ബലമാക്കി. ഈ വാദഗതി അനുസരിച്ചു് ദൈവം ഒരു മനുഷ്യനിൽ വസിച്ചു എന്നുമാത്രമേ വരുന്നുള്ളു. മനുഷ്യാവതാരത്തിൻെറ തത്വം ഇതല്ല. ദൈവആളായ ക്രിസ്തുവിൽ ദൈവസ്വഭാവവും മനുഷ്യസ്വഭാവവും ആന്തരികമായും അഭേദ്യമായും എന്നാൽ ഓരോന്നിൻെറയും പ്രത്യേകഭാവങ്ങൾക്കു കുറവു വരാത്തവണ്ണവും, പരസ്പരം സംയോജിപ്പിക്കപ്പെട്ടിരുന്നു എന്നുള്ളതിലാണു് മനുഷ്യാവതാരത്തിൻെറ അനന്തമായ മഹത്വം അടങ്ങിയിരിക്കുന്നതു്. അന്ത്യോക്യയിലെ പണ്ഡിതന്മാർ ക്രിസ്തുവിൻെറ ഏകത്വത്തെ സാരാംശത്തിൽ നിഷേധിക്കയാണു ചെയ്തതു്.

എന്നാൽ അലക്സാണ്ട്റിയയിലെ ദൈവശാസ്ത്രപണ്ഡിതന്മാർ രണ്ടു സ്വഭാവങ്ങൾ തമ്മിലുള്ള ആന്തരികവും അഭേദ്യവുമായ സംയോജനത്തിൽ അധിഷ്ഠിതമായ ക്രിസ്തുവിൻെറ ഏകീഭാവത്തെ സ്ഥിരീകരിച്ചു. ഈ ബന്ധം കേവലം ബാഹ്യമായ ഒരു തോന്നൽ മാത്രമല്ലെന്നും അതു പദാർത്ഥനിഷ്ഠമായ ഒരു യഥാർത്ഥബന്ധം (a real physical union) ആണെന്നുമായിരുന്നു അവരുടെ നിഗമനം. ക്രിസ്തുവിനെ പൂർണ്ണദൈവവും പൂർണ്ണമനുഷ്യനുമായ ഒരാൾ (God-man) ആയിട്ടാണു് അവർ ദർശിച്ചതു്. ഇതാണു് ക്രിസ്തുവിൻെറ മനുഷ്യാവതാരത്തെ സംബന്ധിച്ചുള്ള തിരുസ്സഭയുടെ പ്രബോധനവും. അലക്സാണ്ട്റിയായിലെ പാത്രിയക്കീസായിരുന്ന വി. സിറിൽ (St. Cyril of Alexandria) ഈ സിദ്ധാന്തത്തെ ശക്തിയായി പിൻതാങ്ങുകയും ചെയ്തു.


## വിശുദ്ധപത്താം പീയൂസിൻെറ

**അതിമനോഹരമായ ത്രിവർണ്ണചിത്രം**

സൈസ് 13½ ഇഞ്ചു × 9 ഇഞ്ചു്

—നല്ല ആർട്ട്പേപ്പർ—

ഒന്നിനു് 4 അണ.

10-ൽ കൂടുതൽ ¼ കമ്മീഷൻ.

മാർ ലൂയീസ് മെമ്മോറിയൽ പ്രസ്സ്, എറണാകുളം-1




**സ്റ്റെല്ലാ ഫിലിം കമ്പനി ലിമിററഡ്**

111, സാൻതോം ഹൈറോഡ്, മൈലാപ്പൂർ, മദ്രാസ്-4

മഹോന്നത ദിവ്യശ്രീ വലേരിയൻ കാർഡിനൽ ഗ്രേഷ്യസ്, മഹോന്നത ദിവ്യശ്രീ കാർഡിനൽ ഗിൽറോയി, മഹാവന്ദ്യ ദിവ്യശ്രീ മോസ്റ്റ് റവ. ലിയോ പി. കിയക്ക്സ് സി. പി. (ഇന്ത്യയുടെ മുൻ അപ്പസ്തോലിക്ക് ഇൻറർ നുൺഷ്യോ), മെത്രാപ്പോലീത്താമാർ, മെത്രാന്മാർ, വൈദികർ എന്നിവരുടെ ആശീർവാദം ലഭിച്ചിട്ടുള്ളത്.

**രക്ഷാധികാരി:**

മോസ്റ്റ് റവ. ഡോ. എൽ. മത്തിയാസ് S.D.B., മദ്രാസ്, മൈലാപ്പൂർമെത്രാപ്പോലീത്താ.

**പ്രസിഡണ്ട്:**

ഷെവ: ജെ. എൽ. പി. റോച്ച് വിക്ടോറിയ, കെ. എസ്. ജി, എം. എൽ. ഏ.

ഇക്കൊല്ലത്തിൽ പ്രദർശനം നടത്തുന്നതിനുവേണ്ടി നിർമ്മിക്കപ്പെട്ടുവരുന്ന പുഷ്പായുടെ ന്യൂസ്റീലുകൾക്കായി മദ്രാസിൽ വച്ചുള്ള മൂന്നു മെത്രാന്മാരുടെ സ്ഥാനാഭിഷേകവും 1954 ഡിസംബർ 4 മുതൽ 8 വരെ ബോമ്പെയിൽ സമ്മേളിച്ച ദേശീയ മരിയൻ കോൺഗ്രസ്സും ചിത്രത്തിലെടുത്തിട്ടുള്ള വിവരം സ്റ്റെല്ലാ ഫിലിം കമ്പനിലിമിററഡ് സസന്തോഷം അറിയിച്ചുകൊള്ളുന്നു. ക്രൈസ്തവവും ഉന്നതവുമായ സാന്മാർഗ്ഗികതത്വങ്ങൾ പ്രചരിപ്പിക്കുകയും ചില ചിത്രങ്ങൾ നിരീശ്വരതത്വങ്ങൾപ്രചരിപ്പിച്ചുകൊണ്ടിരിക്കുന്നതിനെ തടയുകയും, പ്രധാന ലക്ഷ്യമായി സ്വീകരിച്ചിട്ടുള്ള ഈ സ്തുത്യർഹമായ പ്രസ്ഥാനത്തിൽ ചേർന്നു ഷെയറുകൾ എടുക്കുവാൻ ഞങ്ങൾ നിങ്ങളെ സ്നേഹപൂർവ്വം ക്ഷണിച്ചുകൊള്ളുന്നു.

സുരക്ഷിതമായി 60 മുതൽ 100 ശ. മാ. വരെ ആദായവീതം ലഭിക്കുമെന്നുറപ്പുള്ള ഈ പ്രസ്ഥാനത്തിൽ പണം നിക്ഷേപിക്കുക; അപേക്ഷിക്കുക;—എ. എം. ലൂയിസ്, B. M. S. O. പ്രൊഡക്ഷൻ ഓഫീസ്, 111, സാൻതോം ഹൈറോഡ്, മൈലാപ്പൂർ, മദ്രാസ്-4

(12-ാം പേജ് തുടർച്ച)

അദ്ദേഹത്തിൻെറ മുമ്പിൽ സാഷ്ടാംഗപ്രണാമം ചെയ്തു് ആ കാരുണ്യവാരിധിയെ ആനന്ദപരവശവും ആശാപൂർണ്ണവുമായ നയനങ്ങളാൽ വീക്ഷിച്ചുകൊണ്ടു നിശ്ശബ്ദനായി ആ പുരോഹിതൻ അവിടംവിട്ടു തൻെറ കടമ നിറവേററുന്നതിനായി പോയി.

ആശ്രമകവാടത്തിങ്കലേക്കു നേത്രങ്ങൾ ഉയർത്തിക്കൊണ്ടു് സാധുക്കൾ ഭിക്ഷദാതാവിനെ പ്രതീക്ഷിച്ചു നില്ക്കുന്നതാണു് അദ്ദേഹം കണ്ടതു. അതിനിഷ്ഠുരമായ നിർദ്ദയത്വം സർവ്വസാധാരണയായി അനുഭവിച്ചുപോരുന്ന അവർക്കു് നമ്മുടെ വൈദികനിൽനിന്നും ഭിക്ഷ സ്വീകരിച്ചപ്പോൾ ഉണ്ടായ ആനന്ദം അവർണ്ണനീയംതന്നെയായിരുന്നു. ഒരു സ്വർഗ്ഗീയസുഖം അനുഭവിച്ചതുപോലെ അവരവർ താന്താങ്ങളുടെ വീടുകളിലേക്കു മടങ്ങി പോകുകയും ചെയ്തു.

തൻെറ കടമാനിർവ്വഹണത്തിനുശേഷം, അതെ ആ സാധുക്കളെ പരിചരിച്ചശേഷം അദ്ദേഹം തൻെറ മുറിയിലേക്കു് വായുവേഗത്തിൽ ഓടി. എന്നാൽ അദ്ദേഹത്തിനു് വിസ്മയം ജനിക്കുമാറു് തൻെറ വരവിനെ പാർത്തുകൊണ്ടു ലാക്കി. ആ സ്വർഗ്ഗീയനാഥൻ അതേസ്ഥലത്തുതന്നെ നിൽപുണ്ടായിരുന്നു. ആ മുറി ആസകലംശോഭിപ്പിച്ച ആ ദീപ്തി ആ വൈദികൻെറ ആത്മാവിനേയും വെണ്മയുള്ളതാക്കിത്തീർത്തു. "നിൻെറ കടമയെ അവഗണിച്ചു നീ ഇവിടെ നിന്നിരുന്നെങ്കിൽ ഞാൻ അപ്രത്യക്ഷനാകുമായിരുന്നു" എന്നു് ആ ദിവ്യഗുരു ഉച്ചരിച്ചപ്പോൾ അദ്ദേഹത്തിനുണ്ടായ സന്തോഷം പറഞ്ഞറിയിക്കുക പ്രയാസം. അദ്ദേഹം അതിൻെറ അർത്ഥം ഉടനെ ഗ്രഹിച്ചു. ദൈവത്തെ കൂടുതൽ പ്രീതിപ്പെടുത്തുന്നതു് പരിചരണം വഴിയായിട്ടുള്ള ആരാധനയാണെന്നു് അദ്ദേഹം നല്ലവണ്ണം മനസ്സിലാക്കി.

വിമർശനവീഥി

# കാതോലിക്കാ ബാവായുടെ ഒരു കല്പന

(സത്യസഭാകാഹളം)

1954 നവംബർ 28-ാംനു- മലങ്കരയിലെ ഓർത്തഡോക്സ് പള്ളികൾക്കായി കാതോലിക്കാ ബാവാതിരുമേനിഅയച്ച104-ാം നമ്പർകല്പനയിൽ കത്തോലിക്കാസഭയേയും, മാർപ്പാപ്പായേയുംവിശിഷ്യാ മലങ്കര അന്ത്യോഖ്യൻ റീത്തുകാരേയും, അവരുടെ നടപടികളേയുംപററി പൊതുജനങ്ങളുടെ ഇടയിൽ തെററിദ്ധാരണയുണ്ടാക്കുന്ന ചില പ്രസ്താവനകൾ നടത്തിയിരിക്കുന്നു. ഈ കല്പന അതിനു നൽകേണ്ട പ്രസിദ്ധീകരണപരിധിവിട്ടു് നാനാജാതി മതസ്ഥരും എവിടെയും ഇരുന്നു് വായിക്കത്തക്കവണ്ണം പ്രതിദിന പത്രങ്ങളിൽ പ്രസിദ്ധപ്പെടുത്തുകയും ചെയ്തിരിക്കുന്നു. 1955 ജനുവരി 1-ാംതീയതിയിലെ പൗരധ്വനിയിൽനിന്നു് നവവത്സരാശംസയായി കത്തോലിക്കരായ ഞങ്ങൾക്കു് വായിക്കുവാൻ ഇടയായതു് ഈ അപവാദസങ്കീർണ്ണമായ സാധനമാണു്.

ഈ കല്പനയിലുള്ള പല പച്ച സംഗതികളേക്കുറിച്ചും സംശയം ജനിച്ചിട്ടു് പലരും ഞങ്ങളോടു് എഴുതി ചോദിക്കുകയും, നിങ്ങൾക്കു കഴിയുമെങ്കിൽ ഈ കല്പനയ്ക്കു ഒരു മറുപടി പറയുക എന്നു് ഞങ്ങളുടെ എതിരാളികൾ ഞങ്ങളെ വെല്ലുവിളിക്കുകയും ചെയ്യുന്നതിനാൽ ഇതിനു് ഒരു പ്രത്യാഖ്യാനം എഴുതുന്നതിനു ഞങ്ങൾ നിർബന്ധിതരായി തീർന്നിരിക്കുന്നു.

കത്തോലിക്കാ പുനരൈക്യാലോചന തുടങ്ങിയ കാലത്തു് അതിലേക്കു വേണ്ട ഒത്താശകളെല്ലാം ചെയ്തു തന്നിട്ടുള്ള ആളാണു് ബാവാതിരുമേനി എന്നു് ഞങ്ങൾ നന്ദിപൂർവ്വം സ്മരിക്കുന്നുണ്ടു്. എന്നാൽ ഇപ്പോൾ അതെല്ലാം മറക്കുകയും അതിനു എതിരായ പ്രസ്താവനകൾ ഇറക്കുകയും ചെയ്യുന്നതിനാൽ അന്നു് പുനരൈക്യത്തിനു് ഇദ്ദേഹം ചെയ്തതന്ന പ്രേരണയെ തെളിയിക്കുവാനായി അക്കാലത്തു് തിരുമേനി തൻെറ സ്വന്ത കൈപ്പടയിൽ എഴുതിയിട്ടുള്ള ഒരു കത്തിൻേറയും അതയച്ച അഞ്ചൽകവറിലെ മേൽവിലാസത്തിൻേറയും ഒരു ബ്ളോക്കു് ഞങ്ങൾ ഇതിൽ ചേർത്തുകൊള്ളുന്നു. (ബ്ളോക്കു് "സത്യസഭാകാഹളം" 1955 മാർച്ചു ലക്കത്തിൽ 83-ാം പേജിൽ ചേർത്തിട്ടുണ്ടു്.) തിരുമേനിയുടെ കൈയെഴുത്തു് കണ്ടു് പരിചയമുള്ളവർക്കെല്ലാം ഈ കത്തു അദ്ദേഹം എഴുതിയതാണെന്നും, അദ്ദേഹം പുനരൈക്യത്തിനു് ഞങ്ങളെ പ്രോത്സാഹിപ്പിച്ച ആളാണെന്നും ഞങ്ങളെപ്പററി പറയുന്ന കുററാരോപണങ്ങൾ അദ്ദേഹത്തിൻെറ ഇപ്പോഴത്തെ നില പുലത്തുവാൻ വേണ്ടിമാത്രം പറയുന്നതാണെന്നും ബോദ്ധ്യപ്പെടുമെന്നു് ഞങ്ങൾ വിചാരിക്കുന്നു.

ക്രിസ്ത്യാനികൾ തമ്മിൽ ശണ്ഠകൂടുന്നതു് കണ്ടു രസിക്കുകയും, മതവിദ്വേഷത്തിൻേറയും സമുദായമാത്സര്യത്തിൻേറയും വിത്തുകൾ പാകുവാൻ തക്കം നോക്കി നടക്കുകയും ചെയ്യുന്ന "ഇസ"ക്കാരുള്ള ഈ നാട്ടിൽ ബാവായെപ്പോലെയുള്ള ഒരാൾ തൻെറ നിലപാടും തന്നിൽനിന്നു് ജനങ്ങൾക്കു് പ്രത്യാശിക്കാവുന്നസഹിഷ്ണുതയും മറന്നു് ഭാരതത്തിലെ ക്രിസ്ത്യാനികളിൽ ജനസംഖ്യകൊണ്ടും ആഭിജാത്യം കൊണ്ടും പ്രഥമസ്ഥാനമർഹിക്കുന്ന കത്തോലിക്കരെ ആകമാനം അപഹസിക്കുന്നതു കണ്ടിട്ടു് അദ്ദേഹത്തിൻെറ അനുയായികളിൽ തന്നെ ഒരു വിഭാഗം ആളുകൾ ഈ കല്പനയുടെ അനാശാസ്യമായ പ്രസിദ്ധീകരണത്തെക്കുറിച്ചു് പരിതപിക്കുന്നുണ്ടെന്നു് ഞങ്ങൾക്കറിയാം.

യാക്കോബായ സഭ ഉപേക്ഷിച്ചു എന്ന കാര്യത്തിൽ ഓർത്തഡോക്സ്കാരും, മാർത്തോമ്മാക്കാരും, മലങ്കരസിറിയൻ കത്തോലിക്കരായ ഞങ്ങളും ഒരു പക്ഷക്കാരാണു്. എന്നാൽ മാർത്തോമ്മാക്കാരും ഓർത്തഡോക്സ്കാരും ഓരോ സ്വതന്ത്രസഭകൾ പണിതുകൊണ്ടാണു് പിൻമാറിയതു്. ഞങ്ങൾ ഞങ്ങളുടെ ആചാരാനുഷ്ഠാനങ്ങൾ അംഗീകരിച്ചുകൊണ്ടു് മാതൃസഭയായ കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുകയുമാണു് ചെയ്തതു്. ഇവരെപ്പോലെ ഒരു സ്വതന്ത്രസഭ സ്ഥാപിച്ചു ഞങ്ങൾ പിൻമാറിയിരുന്നെങ്കിൽ ഞങ്ങളെപ്പററിയുള്ള ഈ പരിഹാസശാസനം ഉണ്ടാവുകയില്ലായിരുന്നു. എന്നാൽ ഇവരെത്രതന്നെ ഞങ്ങളെ പരിഹസിച്ചാലും കർത്താവു് സ്ഥാപിച്ച സഭയെ അനുസരിക്കാതെ പിൻമാറി നിൽക്കുന്ന ഇവരോടു് ചേരുവാൻ ഞങ്ങൾക്കു് നിവൃത്തിയുള്ളതല്ല.

സഭ ഏകമായിരിക്കണമെന്നുള്ള പൂർവ്വികവിശ്വാസത്തിനെതിരായി കത്തോലിക്കാ സഭയിൽനിന്നും വേർതിരിഞ്ഞു പോയവരാണു് യാക്കോബായക്കാർ. അതു് ഒരു ശീശ്മ (ഛിദ്മം) ആണു്. ആ ശീശ്മസഭയിൽനിന്നു് പിണങ്ങി വീണ്ടും ഒരു ശീശ്മസഭയായി മാറുന്നതു നാശത്തിൽനിന്നും നാശത്തിലേക്കുള്ള ഒരു ഗമനമാണു്.

കത്തോലിക്കാസഭയെ അനുസരിക്കാതെ അതിൽനിന്നു നെസ്തോർസഭ ആദ്യമായി പിരിഞ്ഞു. പിന്നെ പിരിഞ്ഞതു് ഏകസ്വഭാവവാദികളായ യാക്കോബായക്കാരാണു്. വിനാവില്ലംബം അവരും പല സ്വതന്ത്രസഭകളായി പിരിഞ്ഞുപോയി. പിന്നീടു കത്തോലിക്കാസഭയിൽനിന്നുംപിരിഞ്ഞ ഗ്രീക്കു് ഓർത്തഡോക്സ് സഭയും കാലാന്തരത്തിൽ 20 സ്വതന്ത്രസഭകളായി പൊട്ടിപ്പിരിഞ്ഞു. ഒടുവിൽ കത്തോലിക്കാസഭയിൽനിന്നു് പിരിഞ്ഞ പ്രോട്ടസ്റ്റൻറ് സഭ 700-ൽപരം സ്വതന്ത്രസഭകളായിട്ടാണു് ഇപ്പോൾ അവസാനിച്ചിരിക്കുന്നതു്. മലങ്കരയാക്കോബായ സഭയിൽനിന്നു് ഓർത്തഡോക്സുകാർക്കു് മുമ്പായി പിരിഞ്ഞ മാർത്തോമ്മാക്കാരുടെ സ്വേച്ഛാനുവർത്തനം മൂത്തു വേറൊരു പിരിച്ചിലിനുള്ള ഞെരുക്കവും നീരക്കവും അവർകേൾപ്പിച്ചുകൊണ്ടിരിക്കുന്നു. ഈസ്ഥിതിക്കു് മലങ്കരഓർത്തഡോക്സ് സുറിയാനിക്കാർ ഒരു സ്വതന്ത്രസഭയായി പിൻമാറിയാൽ അവരുടെ ഇടയിലും അല്പകാലത്തിനുള്ളിൽ പിന്നെയും പിണക്കവും പിരിച്ചിലും ആവിർഭവിക്കാതിരിക്കുകയില്ല. കത്തോലിക്കാസഭയെ വിട്ടുപിരിഞ്ഞശേഷം പല ചെറുസഭകളായി പിരിഞ്ഞുപോയ ഈ സഭകളെല്ലാം വളരെ വളരെ ക്ഷയിച്ചുവരികയാണു് ചെയ്തിട്ടുള്ളതു്. തന്നിഷ്ടപ്രകാരം പ്രവർത്തിക്കുക എന്നുള്ളതു് ഒരു കൂട്ടരുടെ മാത്രം കുത്തകയല്ലല്ലോ. ഈ ചെറുസഭകളിലുള്ള ആർക്കും തന്നെ അതു് അനുകരിക്കാവുന്നതാണു്. അതിനാൽ ക്രിസ്തീയസമാധാനം അഭിവാഞ്ഛിക്കുന്നവർ കർത്താവു് സ്ഥാപിച്ചു കത്തോലിക്കാതിരുസഭയിലേക്കു് തിരികെ ചെന്നുചേരുകയാണു് നല്ലതു്. നമ്മുടെ സമാധാനത്തിനും ക്ഷേമത്തിനും ഉത്തമമായ മാർഗ്ഗവും അതാണു്. ആ മനോഭാവം അനുസരിച്ചു ഞങ്ങൾ പ്രവർത്തിച്ചു. അനുഭവത്തിൽ അതു് ഗുണകരമാണെന്നു കാണുകയും ചെയ്തു. അതുകൊണ്ടാണു് എല്ലാവരും കത്തോലിക്കാതിരുസഭയിലേക്കു ചേരണമെന്നു ഞങ്ങൾ സസ്നേഹം അഭ്യർത്ഥിക്കുന്നതു്.

മനുഷ്യകുലത്തിൻെറ രക്ഷയ്ക്കായി ദൈവം ഒരിക്കലേ അവതരിച്ചിട്ടുള്ളു. ആ പരിത്രാതാവിനു് തൻെറ മഹത്വീകരണത്തിനുശേഷവും ലോകോദ്ധാരണത്തിനായി പ്രവർത്തിക്കുവാൻ തൻെറ ശരീരമായി തെരഞ്ഞെടുത്ത സഭയും ഒന്നേയുള്ളു. വിശ്വാസപ്രമാണത്തിൽ നാം അതു് ആവർത്തിച്ചു ചൊല്ലുകയും ചെയ്യുന്നു. ഒരു തലയ്ക്കു് ഒരു ശരീരമേ ഉണ്ടാകുവാൻ പാടുള്ളു. ഈ ഏകത്വത്തെ അറിയാതെയും ഗൗനിക്കാതെയും ആദിമക്രിസ്ത്യാനികളിൽ ചിലർ അതിനെ ഭഞ്ജിക്കുവാൻ തുടങ്ങിയപ്പോൾ അവരെ ശാസിച്ചു് വി. പൗലോസ് പറഞ്ഞിരിക്കുന്നതു് നമ്മുടെ ചിന്തയിൽ പെടേണ്ടതാണു്. "നിങ്ങളിൽ ഓരോരുത്തൻ ഞാൻ പൗലോസിനുള്ളവൻ, ഞാൻ അപ്പല്ലോസിനുള്ളവൻ, ഞാൻ കീപ്പായ്ക്കുള്ളവൻ ഞാൻ ക്രിസ്തുവിനുള്ളവൻ എന്നിങ്ങനെ പറയുന്നു ക്രിസ്തു വിഭാഗിക്കപ്പെട്ടിരിക്കുന്നുവോ? പൗലോസ് നിങ്ങൾക്കുവേണ്ടി ക്രൂശിക്കപ്പെട്ടുവോ. അല്ല പൗലോസിൻെറ നാമത്തിലേക്കു് നിങ്ങൾ സ്നാനപ്പെട്ടുവോ." (1 കോര. 1. 12—13)

മനുഷ്യരുടെ പാപങ്ങൾക്കു് പരിഹാരം നേടുവാൻ കുരിശുമരണം വരിച്ച ദൈവപുത്രനല്ലാതെ ഒരു രക്ഷണീയസഭ സ്ഥാപിക്കാൻ വെറും ഒരു മനുഷ്യനു് കഴിയുന്നതല്ല. അതിനാലാണു് ഒരു ശീശ്മസഭയിൽ നിൽക്കുന്ന കാര്യത്തിൽ ഞങ്ങൾ ഇവരെ അനുകരിക്കാതെ കത്തോലിക്കാ പുനരൈക്യത്തിനു് ഒരുമ്പെട്ടതു്. ഒരു ശിരസ്സും ഒരാത്മാവും ഉള്ള സഭ പലതായി വിഭാഗിക്കപ്പെടുവാൻ സാദ്ധ്യമല്ല. സ്വതന്ത്രരായ അനേകം നേതാക്കന്മാരുടെ കീഴിൽ സഭ ഏകമായിരിപ്പാനും സാദ്ധ്യമല്ല.

എന്നാൽ തങ്ങൾ ഒരു സഭ പണിയുകയല്ലെന്നും ഭിന്നതയുണ്ടാക്കിയ യാക്കോബു ബുർദ്ദാനായുടെ പേരുമാററി ഓർത്തഡോക്സ് എന്ന ഒരു നല്ല പേരു് സഭയ്ക്കു നൽകുന്നതേയുള്ളു എന്നുമായിരിക്കും ഇവരുടെ സമാധാനം. പുതുതായി സഭ തുടങ്ങിയിട്ടുള്ളവരെല്ലാം ആരംഭത്തിൽ പറഞ്ഞിട്ടുള്ളതും പ്രവർത്തിച്ചിട്ടുള്ളതും ഇങ്ങിനെ തന്നെയാണു്. സഹോദരന്മാർ എന്ന പേരു് തിരുസഭയ്ക്കുള്ളതാണു്. (റോമ 8:29) ബ്രദറൻ സഭക്കാരെടുത്തിരിക്കുന്ന പേരു് അതാണു്. ദൈവസഭ എന്ന പേരും തിരുസഭയുടേതാണു്. (1 കോര 1:2) അതാണു് ദൈവസഭക്കാർ എടുത്തിരിക്കുന്ന പേരു്. ഇങ്ങനെ ഓരോ പഴയ പേരെടുത്തതുകൊണ്ടു് പുതുതായി തുടങ്ങുന്ന ഒരു സഭ പഴയതായി തീരുകയില്ല. അതു ക്രിസ്തുവിൻെറ മണവാട്ടി സഭയായി പരിണമിക്കുകയും ഇല്ല.

സ്വപിതാവിനോടു് പിണങ്ങി കുടുംബം വിട്ടിറങ്ങിപ്പോകുന്ന മക്കൾ അവരുടെ മാതാപിതാക്കന്മാരെ നിന്ദിച്ചുപറയുന്നതു് സാധാരണമാണല്ലോ. അതുതന്നെയാണു് ഈ കല്പനയിലും കാണുന്നതു്. എന്നാൽ ഇവർക്കു് അതുപ്പിവരുമല്ലോ എന്നു വിചാരിച്ചു് കത്തോലിക്കാസഭയെക്കുറിച്ചിവർ പുറപ്പെടുവിച്ചിരിക്കുന്ന ഈ ആരോപണങ്ങളെ അവഗണിക്കുവാൻ ഞങ്ങൾക്കു് നിവൃത്തിയില്ല. അതിനാൽ ഈ കല്പനയിൽ കൊള്ളിച്ചിരിക്കുന്ന ആരോപണങ്ങൾക്കു് ചെറുതായിട്ടെങ്കിലും ഒരു പ്രത്യാഖ്യാനം എഴുതേണ്ടതു് ആവശ്യമായിത്തീർന്നിരിക്കുന്നു.

1. "പിതാക്കന്മാർക്കു് ഒരിക്കലായി ഭരമേല്പിക്കപ്പെട്ടിട്ടുള്ള സത്യവിശ്വാസത്തിൽനിന്നും വിശ്വാസവിപരീതങ്ങളിലേക്കും മറു മതങ്ങളിലേക്കും നമ്മുടെ ആളുകളിൽ പലരേയും ദ്രവ്യസ്നേഹവും ജഡമോഹവും ആകർഷിക്കുന്നു" എന്നാണു് ഇതിലെ ആദ്യത്തെ കുററാരോപണം.

ദ്രവ്യസ്നേഹവും ജഡമോഹവും കൊണ്ടാണു് മനുഷ്യർ ഓർത്തഡോക്സ് സഭയെ അനുകരിക്കാതെ കത്തോലിക്കാ സഭയിൽ ചേരുന്നതെന്നാണല്ലോ ഇവർ പരാതിപ്പെടുന്നതു്. പിതാക്കന്മാർക്കു് നൽകപ്പെട്ടിട്ടുള്ള വിശ്വാസം എന്താണെന്നു ഇവർ പറയുന്നുണ്ടോ? അതില്ലതാനും. ക്രിസ്തുവിൻെറ സഭയ്ക്കു ഒരു കർത്താവും ഒരു വിശ്വാസവുമേ പാടുള്ളു എന്നുള്ളതാണു് നമ്മുടെ പിതാക്കന്മാരിൽനിന്നു് നമുക്കു് ഭരമേല്പിക്കപ്പെട്ടിട്ടുള്ള സത്യവിശ്വാസം. അതിനെ പാലിക്കുന്നതിനു് മനുഷ്യർ വിഭിന്നസഭകളെ വിട്ടു് കത്തോലിക്കാസഭയിൽ ചേരാതിരിപ്പാൻ നിവൃത്തിയില്ല. ക്രിസ്തു പല സഭകൾ സ്ഥാപിച്ചിട്ടില്ല. ക്രിസ്തീയസഭ ക്രിസ്തുവിൻെറ ശരീരമാകയാൽ അതു് വിഭജിക്കപ്പെടാവുന്നതുമല്ല. സഭയെ അനുസരിച്ചു് നില്പാനുള്ള ചുമതല വെടിഞ്ഞു് ഓരോരുത്തർ സ്വേച്ഛാനുവർത്തികളായി തീർന്നതിൻെറ അനിഷ്ടഫലങ്ങളായിട്ടാണു് വിവിധ സഭകളുണ്ടായിട്ടുള്ളതു്. അത്തരം സഭ പണിയുവാൻ വേണ്ടി ഒരു അകത്തോലിക്കനായിരിക്കുന്നതു് പിതാക്കന്മാർക്കു് ഒരിക്കലായി ഭരമേല്പിക്കപ്പെട്ടിട്ടുള്ള സത്യവിശ്വാസത്തിനെതിരാണു്.

സഭാതലവനായ മാർപ്പാപ്പായെ ഉപേക്ഷിച്ചു് യാക്കോബായക്കാർ അകന്നു കളഞ്ഞു. തന്മൂലം പല ദുരനുഭവങ്ങൾക്കും അവർ വിധേയരായി. എന്നിട്ടുപോലും ചിലർക്കു് കത്തോലിക്കാ തിരുസഭയിലേക്കു് തിരിച്ചു ചെല്ലുവാൻ മനസ്സുണ്ടാകുന്നില്ല. യാക്കോബായ പാത്രിയർക്കീസും മലങ്കര യാക്കോബായസഭയും മാർപ്പാപ്പായുടെ കീഴിലായിരുന്നുവെങ്കിൽ ദൈവികമായ ഒരു തീരുമാനം എത്രയോ മുമ്പുതന്നെ ഇവരുടെ ദ്വന്ദമാത്സര്യത്തിനു് ഉണ്ടാകുമായിരുന്നു. കത്തോലിക്കാസഭയുമായി പുനരൈക്യപ്പെടുന്നവർ ദ്രവ്യസ്നേഹത്താലും ജഡമോഹത്താലുമാണു് അങ്ങനെ ചെയ്യുന്നതു് എന്നു് പറയുന്നതു് വെറും നിരർത്ഥകമാ

(ശേഷം 10-ാംപേജിൽ)

Reg. No. M. 2293

# Sathya Deepam

Vol. 28 Ernakulam, April 20, 1955 No. 34

"ഇന്നത്തെ ബാലൻ
നാളത്തെ പൗരൻ"



# ബാലരംഗം



## "കൊച്ചുപുണ്യവാൻ"

### വിശുദ്ധ ഡോമിനിക്ക് സാവിയോ

പ്രിയപ്പെട്ട കുഞ്ഞനുജന്മാരേ, കുഞ്ഞനിയത്തികളേ,

കുഞ്ഞുദോമിനി പ്രാർത്ഥനകളെല്ലാം പഠിച്ചു. ഭക്തിയായി അവ വേണ്ടസമയത്തു ചൊല്ലാനും പരിശീലിച്ചു. ഒരുദിവസം സാവിയോ കുടുംബത്തിൽ ഒരതിഥി വന്നു. എല്ലാവരും ഭക്ഷണത്തിനിരുന്നു. ആ അതിഥി പ്രാർത്ഥിക്കാതെയാണ് ഭക്ഷണം കഴിക്കാനാരംഭിച്ചത്. ദോമിനി എണീറ്റുപോയി. അമ്മ കാരണം രഹസ്യമായി ചോദിച്ചപ്പോൾ കുഞ്ഞു പറയുകയാണ്, "ദൈവത്തെ ഓർക്കാതെ മൃഗങ്ങളെപ്പോലെ ഇരുന്നു തിന്നുന്ന ആളുടെ കൂട്ടത്തിൽ എങ്ങനെയാണ് ഭക്ഷണം കഴിക്കുക?" എന്ന്.

ദോമിനി ദിവസവും രാവിലെ പള്ളിയിൽ പോകും, കുർബാന കാണാൻ. ചിലപ്പോൾ ദോമിനി വരുമ്പോൾ പള്ളിവാതിൽ തുറന്നിരിക്കുകയില്ല. അവൻ കളിച്ചുനടക്കുകയില്ല; സമയം വ്യർത്ഥാ കളയുകയില്ല. പള്ളിവാതുക്കൽ മഞ്ഞിൽ മുട്ടുകുത്തി പ്രാർത്ഥിച്ചുകൊണ്ടിരിക്കും. പള്ളിയിൽ വിശുദ്ധ കർമ്മങ്ങളിൽ ശുശ്രൂഷിക്കാൻ ഒരവസരം കിട്ടിയാൽ കുഞ്ഞുദോമിനിക്കു എത്ര സന്തോഷമാണെന്നോ! അവൻ കുർബാനയ്ക്കു കൂടുവാൻ പഠിച്ചുതുടങ്ങി.......... വല്യേട്ടൻ




### 18-ാം നമ്പ്ര് പ്രശ്നത്തിൻെറ ഉത്തരം.

സംഖ്യ = 285,714

രണ്ടക്കങ്ങൾ ഒടുവിൽ ചേർത്തത് = 571,428

### പ്രശ്നം നമ്പർ 19

(പി. വി. ചാക്കോ, ബെത്സഹം, വയസ്സ് 10)

ഞാൻ നിങ്ങളുടെ നിക്ഷേപം സൂക്ഷിപ്പുകാരനാണ്. എൻെറ പേരിനു നാലക്ഷരമുണ്ട്. 1-ം 4-ം അക്ഷരങ്ങൾ ചേന്നാൽ ഞാൻ ഒഴിച്ചുകൂട്ടുവാൻ പാടില്ലാത്ത ഒരു ഭക്ഷ്യവിഭവമാകും; 1-ം 2-ം അക്ഷരങ്ങൾ ചേന്നാൽ ജലവാഹനങ്ങളെ ഞാൻ തകക്കും; 3-ം 4-ം അക്ഷരങ്ങൾ ചേന്നാൽ കൊടുംകാനനങ്ങളെ ഞാൻ വിളഭൂമിയാക്കും. എൻെറ പേരെന്താണെന്നു പറയാമോ?

(ഉത്തരം അടുത്തതിൽ)

### കടംകഥകൾ

(എം. എ. പോൾ, തൃശ്ശൂർ, വയസ്സ് 12)

1. മണ്ണിൽനില്ക്കും, മരമല്ല; ഇലയുണ്ട്, കൊമ്പില്ല; വെള്ളമുണ്ട്, കുളമല്ല—?
2. വെളുത്ത മേഘത്തിൽ കറുത്ത ചന്ദ്രൻ—?
3. ചിറകില്ലാത്തവൻ പറന്നു വന്നു—?
4. മാനത്തെ മയിലിനു കാലില്ല—?

[illegible]

ഉത്തരം

### കർത്തവ്യ നിർവഹണത്തിൻെറ പ്രതിസമ്മാനം

(എ. ജെ. കണിയംപറമ്പിൽ ബി. എസ്സ്സി.)

മണി പന്ത്രണ്ടായി. ആ വന്ദ്യ പുരോഹിതൻ തനിച്ചു തൻെറ മുറിയിൽ കൽത്തറയിൽ മുട്ടുകുത്തി പ്രാത്ഥിക്കുകയായിരുന്നു. എല്ലായിടത്തും സവ്വത്ര ബഹളം. എന്നാൽ ആ കൊച്ചുമുറിയിൽ എന്തെന്നില്ലാത്ത ഒരു സമാധാനം. ഏകാന്തതയുടേയും നിശ്ശബ്ദതയുടേയും കേളീരംഗമാണോ ആ മുറി എന്നുകൂടി തോന്നുമാറു അത്രയ്ക്കു നിശ്ശബ്ദത ആ മുറിയിൽ വ്യാപിച്ചിരുന്നു. നമ്മുടെ പുരോഹിതൻ തത്സമയം സ്വപരിത്യാഗത്തിനുള്ള ശക്തിക്കും പ്രലോഭനങ്ങളെ ജയിക്കുവാനുള്ള മനശ്ശക്തിക്കും വേണ്ടി പ്രാത്ഥിക്കുകയാണ്. എന്നാൽ അത്ഭുതമേ! അതാ അധികം കഴിയുന്നതിനു മുൻപുതന്നെ ഒരു സ്വഗ്ഗീയപ്രകാശത്താൽ ആ മുറി പരിപൂരിതമായി. എന്തെന്നില്ലാത്ത ഒരു വെളിച്ചം അവിടെ മുഴുവൻ വ്യാപിച്ചുകഴിഞ്ഞു. ആ സ്വഗ്ഗീയശോഭയുടെ മദ്ധ്യത്തിൽ ഈശോ സവ്വവിധ പ്രതാപത്തോടുംകൂടി പ്രത്യക്ഷപ്പെട്ടു. അദ്ദേഹം കുരിശിന്മേൽ മരണം കൈവരിച്ചതുപോലെയോ പീഡാനുഭവങ്ങൾ അനുഭവിക്കുന്നവനെപ്പോലെയോ അല്ല അവിടുത്തെ ദശിച്ചത്; പ്രത്യുത, മുടന്തന്മാരേയും ചെകിടന്മാരേയും കുരുടന്മാരേയും സുഖപ്പെടുത്തിയപ്പോൾ പ്രദർശിപ്പിച്ച ആ കരുണാമസൃണമായ ഭാവത്തിലാണ്.

ഏതാണ്ട് 20 കൊല്ലക്കാലം ഈശോയെ സ്വന്തം കൈകൊണ്ടു എടുത്തു അവിടുത്തെ ചാക്ക്കളെ സ്വജനങ്ങളുടെ ഇടയിൽ പ്രസംഗിച്ചു നടക്കുന്ന ആ പുരോഹിതൻ ഇപ്പോൾ എന്താണ് ചെയ്യുക എന്നറിയാതെ ഇതികത്തവ്യതാമൂഢനായി നിശ്ചലനായി നിലനിന്നുപോയി. മാറോടണച്ചു ആ രണ്ടു കൈകൾ അനക്കുന്നതിനുപോലും അദ്ദേഹത്തിനു ശക്തിയില്ലായിരുന്നു. എന്നാൽ അദ്ദേഹത്തിൻെറ ഹൃദയാന്തർഭാഗത്തു് ദൈവസ്നേഹാഗ്നി ആളിക്കത്തുന്നുണ്ടായിരുന്നു. തൽഫലമായി അദ്ദേഹത്തിൻെറ മുഖകമലം പൂനിലാവിൽ കുളിച്ചതുപോലെ ശോഭയേറിയതായി കാണപ്പെട്ടു. താനറിയാതെതന്നെ ആ പുരോഹിതൻ ആ തേജസ്സ്വരൂപനെ കൂപ്പുകൈകളോടുകൂടി ആരാധിച്ചു സാഷ്ടാംഗപ്രണാമം ചെയ്തു. "കത്താവേ! ഈ നിചപുഴുവായിരിക്കുന്ന എനിക്കു അവിടുന്നു പ്രത്യക്ഷപ്പെടുവാൻ ഞാനാരാണ്? അങ്ങയുടെ സകല സ്വഗ്ഗീയശോഭയോടുംകൂടി അങ്ങേ വാസത്തിന് അയോഗ്യമായ ഈ മുറിയിൽ എഴുന്നെള്ളിവരുവാൻ തക്കവിധം എന്നിൽ എന്തുനന്മയാണുള്ളത്!"

ഇപ്രകാരം ദൈവസന്നിധിയിൽ ആനന്ദപാരവശ്യത്തിൽ നിമഗ്നനായി നില്ക്കുമ്പോൾ ആശ്രമമണിയുടെ നാദം അദ്ദേഹത്തിൻെറ കണ്ണപുടങ്ങളിൽ എത്തി. തങ്ങളുടെ പ്രതിദിനഭിക്ഷ വാങ്ങിക്കുവാൻ ദരിദ്രർ ആശ്രമകവാടത്തുങ്കൽ ഹാജരാകേണ്ട സമയം അതായിരുന്നു. അന്ന് ഭിക്ഷാവിതരണത്തിന് നിയുക്തനായിരുന്ന ആൾ നമ്മുടെ പുരോഹിതനായിരുന്നു. തന്മൂലം അത് അദ്ദേഹത്തിൻെറ ഒരു കത്തവ്യവുമായിരുന്നു. എന്നാൽ ഈ സമയത്തു അദ്ദേഹം എന്തുചെയ്യും? ആ വിശുദ്ധ വിരുന്നുകാരനെ തനിച്ചു തൻെറ മുറിയിൽ വിട്ടുകൊണ്ടു പോകുന്നത് ബഹുമാനഹീനതയല്ലേ; തൻെറ അസാന്നിദ്ധ്യത്തിൽ ഈശോ അപ്രത്യക്ഷനായേക്കുമോ? അപ്രകാരം സംഭവിക്കുന്ന പക്ഷം ഇപ്രകാരമൊരു കാഴ്ച എന്നാണ് ഇനി കണ്ട് ആനന്ദിക്കുവാൻ സാധിക്കുന്നത്? ഇപ്രകാരമുള്ള ചിന്തകൾ ഒരുവശത്ത്. ആ സാധുക്കളെ നിറുത്തി വിഷമിപ്പിക്കുന്നത് ഒരു മഹാദ്രോഹമല്ലേ, കടമയ്ക്കു വിരുദ്ധവുമല്ലേ എന്നുള്ള വിചാരങ്ങൾ മറുവശത്ത്. ഇപ്രകാരം എന്താണു ചെയ്യുക എന്നറിയാതെ അദ്ദേഹം വല്ലാതെ വിഷമിച്ചു. കൃത്യനിവ്വഹണം ഒരുവശത്ത്, സകല ചരാചരങ്ങളുടേയും നിയന്താവു് മറുവശത്ത്. ആ മഹത്ഗുരുവിൻെറ വെറും ഒരു സൃഷ്ടി എന്താണ് ചെയ്യേണ്ടതു് എന്നറിയാതെ വിഷമിക്കുവാൻ തുടങ്ങി. അപ്പോൾ അതാ തൻെറ അന്തഃകരണത്തിൽനിന്ന് ഒരു ദൈവികശബ്ദം നിഗ്ഗമിച്ചു: "നിൻെറ കടമ നീ നിവ്വഹിക്കുക, ശേഷമുള്ളതു് ദൈവത്തിങ്കൽ സമപ്പിക്കുകയും ചെയ്യുക."

ആ വന്ദ്യപുരോഹിതൻ തൻെറ മാഗ്ഗദർശനത്തിൽ അഭിമാനം പൂണ്ടു. അദ്ദേഹത്തിൻെറ വഴി സുഗമമായി. ശേഷമുള്ളതു് ദൈവത്തിങ്കൽ സമപ്പിക്കുക. ഇതാ ഇപ്പോൾ ദൈവംതന്നെ തൻെറ മുമ്പിൽ നില്ക്കുന്നു. സകല വിചാരങ്ങളേക്കൂടി അറിയുന്ന

(ശേഷം 11-ാംപേജിൽ)

Permissu Ecclesiastico
Printed & Published by
K. L. Varkey
at the Mar Louis Memorial Press
Ernakulam—1.